# ബജറ്റ് 2025-26

## കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ പ്രസംഗം

2025 ഫെബ്രുവരി 1

ബഹുമാനപ്പെട്ട സ്പീക്കർ,
2025-26 ലെ ബജറ്റ് ഞാൻ അവതരിപ്പിക്കുന്നു.

**ആമുഖം**

1. ഈ ബജറ്റ് നമ്മുടെ ഗവൺമെന്റിന്റെ ഇനിപ്പറയുന്ന ശ്രമങ്ങൾ തുടരുന്നു:

a) വളർച്ച ത്വരിതപ്പെടുത്തൽ,

b) എവരെയും ഉൾക്കൊള്ളുന്ന വികസനം ഉറപ്പാക്കൽ,

c) സ്വകാര്യമേഖലയിലെ നിക്ഷേപം ഉത്തേജിപ്പിക്കൽ,

d) ഗാർഹിക വൈകാരികതകൾ ഉയർത്തൽ,

e) ഇന്ത്യയുടെ വളർന്നുവരുന്ന മധ്യവർഗത്തിന്റെ വിനിയോഗശേഷി വർധിപ്പിക്കൽ.

2. കൂടുതൽ അഭിവൃദ്ധിക്കും ആഗോളതലത്തിൽ നിർണായക സ്ഥാനം ഉറപ്പിക്കുന്നതിനും നമ്മുടെ രാജ്യത്തിന്റെ വമ്പിച്ച സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ നാം ഒരുമിച്ച് യാത്ര ആരംഭിക്കുന്നു.

3. 21-ാം നൂറ്റാണ്ടിന്റെ ആദ്യ പാദം നാം പൂർത്തിയാക്കുമ്പോൾ, തുടർച്ചയായ ഭൗമരാഷ്ട്രീയ പ്രതിസന്ധികൾ, ഹ്രസ്വ കാലയളവിൽ ആഗോള സാമ്പത്തിക വളർച്ച കുറയുമെന്ന് സൂചിപ്പിക്കുന്നു. എന്നിരുന്നാലും, വികസിത ഭാരതത്തിനായുള്ള നമ്മുടെ അഭിലാഷം നമ്മെ പ്രചോദിപ്പിക്കുന്നു. കൂടാതെ നമ്മുടെ ഗവൺമെന്റിന്റെ ആദ്യ രണ്ട്

കാലയളവുകളിൽ ഞങ്ങൾ ചെയ്ത പരിവർത്തനാത്മക പ്രവർത്തനങ്ങൾ ദൃഢനിശ്ചയത്തോടെ മുന്നോട്ട് പോകാൻ പ്രേരണ നൽകുന്നു.

**ബജറ്റ് പ്രമേയം**

4. എല്ലാ പ്രധാന ആഗോള സമ്പദ്‌വ്യവസ്ഥകളെക്കാളും ഏറ്റവും വേഗത്തിൽ വളരുന്നതാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥ. കഴിഞ്ഞ 10 വർഷത്തെ ഞങ്ങളുടെ വികസനമേഖലയിലെ പ്രവർത്തനഫലങ്ങളും ഘടനാപരമായ പരിഷ്കാരങ്ങളും ആഗോള ശ്രദ്ധ ആകർഷിച്ചു. ഇന്ത്യയുടെ കഴിവിലും ശേഷിയിലുമുള്ള ആത്മവിശ്വാസം ഈ കാലയളവിൽ വളർന്നു. എല്ലാ പ്രദേശങ്ങളുടെയും സന്തുലിത വളർച്ചയെ ഉത്തേജിപ്പിക്കുന്ന 'എവരുടെയും വികസനം' സാക്ഷാത്കരിക്കാനുള്ള സവിശേഷ അവസരമായി അടുത്ത അഞ്ച് വർഷങ്ങളെ ഞങ്ങൾ കാണുന്നു.

5. തെലുങ്ക് കവിയും നാടകകൃത്തുമായ ഗുർജാ അപ്പാ റാവു പറഞ്ഞത് 'ദേശമന്തേ മാത്തി കാടോയ്, ദേശമന്തേ മാനുഷുലോയ്' എന്നാണ്. അതിനർഥം, 'ഒരു രാജ്യം അതിന്റെ മണ്ണ് മാത്രമല്ല, ഒരു രാജ്യം അതിന്റെ ജനങ്ങളാണ്' എന്നാണ്. ഇതിനനുസൃതമായി, നമുക്ക്, വികസിത ഭാരതമെന്നാൽ:

എ) ദാരിദ്ര്യരഹിതം;

ബി) നൂറു ശതമാനം മികച്ച നിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം;

സി) ഉയർന്ന നിലവാരമുള്ളതും താങ്ങാനാവുന്ന ചെലവിലും സമഗ്രവുമായ ആരോഗ്യ സംരക്ഷണത്തിലേക്കുള്ള പ്രവേശനം;

ഡി) അർഥവത്തായ തൊഴിലോടുകൂടിയ നൂറു ശതമാനം വിദഗ്ധ തൊഴിലുകൾ;

ഇ) സാമ്പത്തിക പ്രവർത്തനങ്ങളിൽ എഴുപത് ശതമാനം സ്ത്രീകൾ;

എഫ്) നമ്മുടെ രാജ്യത്തെ 'ലോകത്തിന്റെ ഭക്ഷ്യ സഞ്ചി'യാക്കുന്ന കർഷകർ.

6. ദരിദ്രർ, യുവാക്കൾ, അന്നദാതാക്കൾ, വനിതകൾ എന്നിവരിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പത്ത് വിശാലമായ മേഖലകളുടെ നിർദ്ദിഷ്ട വികസന നടപടികൾ ഈ ബജറ്റിൽ, ഉൾക്കൊള്ളുന്നു.

1) കാർഷിക വളർച്ചയും ഉൽപ്പാദനക്ഷമതയും പ്രോത്സാഹിപ്പിക്കൽ;

2) ഗ്രാമീണ സമൃദ്ധിയും പുനരുജ്ജീവനശേഷിയും കെട്ടിപ്പടുക്കൽ;

3) സമഗ്രമായ വികസന പാതയിൽ എവരെയും ഒരുമിച്ചു കൊണ്ടുവരൽ;

4) ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുകയും മേക്ക് ഇൻ ഇന്ത്യ പ്രോത്സാഹിപ്പിക്കുകയും ചെയ്യൽ;

5) എംഎസ്എംഇകളെ പിന്തുണയ്ക്കൽ;

6) തൊഴിൽ അധിഷ്ഠിത വികസനം പ്രാപ്തമാക്കൽ;

7) ജനങ്ങൾ, സമ്പദ്‌വ്യവസ്ഥ, നൂതനാശയം എന്നിവയിൽ നിക്ഷേപിക്കൽ;

8) ഊർജവിതരണം സുരക്ഷിതമാക്കൽ;

9) കയറ്റുമതി പ്രോത്സാഹിപ്പിക്കൽ;

10) നൂതനാശയങ്ങൾ പരിപോഷിപ്പിക്കൽ.

**7.വികസനത്തിലേക്കുള്ള ഈ യാത്രയിൽ,**

എ) നമ്മുടെ കരുത്തുറ്റ നാല് വളർച്ചാസങ്കേതങ്ങൾ ഇവയാണ്: കൃഷി, എംഎസ്എംഇ, നിക്ഷേപം, കയറ്റുമതി

ബി) ഇന്ധനം: നമ്മുടെ പരിഷ്കാരങ്ങൾ

സി) നമ്മുടെ മാർഗനിർദേശ മനോഭാവം: ഉൾപ്പെടുത്തൽ

ഡി) ലക്ഷ്യസ്ഥാനം: വികസിത ഭാരതം

8. ആറ് മേഖലകളിലായി പരിവർത്തനാത്മക പരിഷ്കാരങ്ങൾ ആരംഭിക്കുക എന്നതാണ് ഈ ബജറ്റിന്റെ ലക്ഷ്യം. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ, ഇവ നമ്മുടെ വളർച്ചാ സാധ്യതയും ആഗോള മത്സരക്ഷമതയും വർദ്ധിപ്പിക്കും. മേഖലകൾ ഇവയാണ്:

1) നികുതി;

2) വൈദ്യുതി മേഖല;

3) നഗരവികസനം;

4) ഖനനം;

5) സാമ്പത്തിക മേഖല;

6) നിയന്ത്രണ പരിഷ്കാരങ്ങൾ.

**ഒന്നാം വളർച്ചാചാലകം കൃഷി**

9. ഇനി പ്രത്യേക നിർദേശങ്ങളിലേക്ക് ഞാൻ നീങ്ങുന്നു. 'ആദ്യ എൻജിനായി കൃഷി'യിൽ നിന്ന് തുടങ്ങുന്നു

**പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന - കാർഷിക ജില്ലകൾ വികസിപ്പിക്കൽ പദ്ധതി**

10. വികസനം കാംക്ഷിക്കുന്ന ജില്ല പദ്ധതിയുടെ വിജയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, സംസ്ഥാനങ്ങളുമായി സഹകരിച്ച് നമ്മുടെ ഗവണ്മെന്റ് 'പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന' ആരംഭിക്കും. നിലവിലുള്ള പദ്ധതികളുടെയും പ്രത്യേക നടപടികളുടെയും സംയോജനത്തിലൂടെ, കുറഞ്ഞ ഉൽപ്പാദനക്ഷമത, മിതമായ വിള ഉൽപ്പാദനം, ശരാശരിയിൽ താഴെയുള്ള വായ്പാ മാനദണ്ഡങ്ങൾ എന്നിവയുള്ള 100 ജില്ലകളെ ഈ പരിപാടിയിൽ ഉൾപ്പെടുത്തും . (1) കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, (2) വിള വൈവിധ്യവൽക്കരണവും സുസ്ഥിര കാർഷിക രീതികളും സ്വീകരിക്കൽ, (3) പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ വിളവെടുപ്പിനു ശേഷമുള്ള സംഭരണം വർദ്ധിപ്പിക്കൽ, (4) ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, (5) ദീർഘകാല, ഹ്രസ്വകാല വായ്പകളുടെ ലഭ്യത സുഗമമാക്കൽ

എന്നിവയാണ് ഇതിന്റെ ലക്ഷ്യം. ഈ പരിപാടി 1.7 കോടി കർഷകരെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഗ്രാമീണ സമൃദ്ധിയും പുനരുജ്ജീവനശേഷിയും കെട്ടിപ്പടുക്കുക**

11. സംസ്ഥാനങ്ങളുമായി സഹകരിച്ച് ബഹുമേഖലാ - സമഗ്ര 'ഗ്രാമീണ സമൃദ്ധിയും പുനരുജ്ജീവനവും' പരിപാടി ആരംഭിക്കും. വൈദഗ്ദ്ധ്യം, നിക്ഷേപം, സാങ്കേതികവിദ്യ, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തൽ എന്നിവയിലൂടെ കാർഷിക മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കും. കുടിയേറ്റം ആവശ്യകതയല്ലാത്ത വിധത്തിൽ കേവലം സാധ്യത മാത്രമാക്കി മാറ്റി, ഗ്രാമപ്രദേശങ്ങളിൽ ധാരാളം അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം.

12. ഗ്രാമീണ സ്ത്രീകൾ, യുവ കർഷകർ, ഗ്രാമീണ യുവാക്കൾ, നാമമാത്ര-ചെറുകിട കർഷകർ, ഭൂരഹിത കുടുംബങ്ങൾ എന്നിവരിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് പരിപാടി. വിശദാംശങ്ങൾ അനുബന്ധം എ-യിൽ നൽകിയിരിക്കുന്നു.

13.ആഗോള-ആഭ്യന്തര തലങ്ങളിലെ മികച്ച രീതികൾ ഉൾപ്പെടുത്തുകയും ബഹുമുഖ വികസന ബാങ്കുകളിൽ നിന്ന് ഉചിതമായ സാങ്കേതിക-സാമ്പത്തിക സഹായം തേടുകയും ചെയ്യും. ഒന്നാം ഘട്ടത്തിൽ, 100 വികസ്വര- കാർഷിക ജില്ലകൾ ഇതിൽ ഉൾപ്പെടും.

**പയർവർഗങ്ങളിൽ സ്വയം പര്യാപ്തത**

14. ഭക്ഷ്യ എണ്ണകളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നമ്മുടെ ഗവണ്മെന്റ് ഭക്ഷ്യ എണ്ണക്കുരുക്കൾക്കായുള്ള ദേശീയ ദൗത്യം നടപ്പിലാക്കുന്നു. നമ്മുടെ ആവശ്യങ്ങൾക്കും അതിലേറെയും വേണ്ടത്ര കൃഷി ചെയ്യാനുള്ള കഴിവ് നമ്മുടെ കർഷകർക്കുണ്ട്.

15. പത്ത് വർഷം മുമ്പ്, നാം ഏകീകൃത ശ്രമങ്ങൾ നടത്തി പയർവർഗങ്ങളിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിൽ വിജയിച്ചു. കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 50 ശതമാനം വർദ്ധിപ്പിച്ച് കർഷകർ ആവശ്യത്തോട് പ്രതികരിച്ചു. സംഭരണത്തിനും പ്രതിഫലദായക വിലയ്ക്കും ഗവണ്മെന്റ് ക്രമീകരണം ചെയ്തു. അതിനുശേഷം,

വർദ്ധിച്ചുവരുന്ന വരുമാനവും താങ്ങാനാകുന്ന വിലയും കാരണം, നമ്മുടെ പയർവർഗങ്ങളുടെ ഉപഭോഗം ഗണ്യമായി വർദ്ധിച്ചു.

16. ഞങ്ങളുടെ ഗവൺമെന്റ് 6 വർഷത്തെ "പയർവർഗങ്ങളിലെ സ്വയംപര്യാപ്തതാ ദൗത്യം" ആരംഭിക്കും, അതിൽ തുവര, ഉഴുന്ന്, മൈസൂർ പരിപ്പ് (മസൂർ) എന്നിവയ്ക്ക് പ്രാധാന്യം. വിശദാംശങ്ങൾ അനുബന്ധം ബി-യിലുണ്ട്. ഈ 3 പയർവർഗ്ഗങ്ങൾ അടുത്ത 4 വർഷത്തേക്ക് കർഷകർ വാഗ്ദാനം ചെയ്യുന്നത്രയും സംഭരിക്കാൻ കേന്ദ്ര ഏജൻസികൾ (NAFED, NCCF) തയ്യാറാകും. ഈ ഏജൻസികളിൽ രജിസ്റ്റർ ചെയ്ത് കരാറുകളിൽ ഏർപ്പെടുന്ന കർഷകരിൽ നിന്നായിരിക്കും സംഭരണം.

**പച്ചക്കറികൾക്കും പഴങ്ങൾക്കും വേണ്ടിയുള്ള സമഗ്ര പരിപാടി**

17. നമ്മുടെ ജനങ്ങൾ അവരുടെ പോഷക ആവശ്യങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുന്നു എന്നത് പ്രോത്സാഹജനകമാണ്. ഒരു സമൂഹം ആരോഗ്യകരമാകുന്നതിന്റെ ലക്ഷണമാണിത്. വരുമാന നിലവാരം ഉയരുന്നതിനനുസരിച്ച്, പച്ചക്കറികൾ, പഴങ്ങൾ, ശ്രീ-അന്ന എന്നിവയുടെ ഉപഭോഗം ഗണ്യമായി വർദ്ധിക്കുകയാണ്. സംസ്ഥാനങ്ങളുമായി സഹകരിച്ച് കർഷകർക്ക് ഉൽപ്പാദനം, കാര്യക്ഷമമായ വിതരണം, സംസ്കരണം, പ്രതിഫലദായക വില എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമഗ്ര പരിപാടി ആരംഭിക്കും. കർഷക ഉൽപ്പാദക സംഘടനകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും നടപ്പാക്കലിനും പങ്കാളിത്തത്തിനും ഉചിതമായ സ്ഥാപന സംവിധാനങ്ങൾ സൃഷ്ടിക്കും.

**ബിഹാറിൽ മഖാന ബോർഡ്**

18. ഇതിനായി, ബിഹാറിലെ ജനങ്ങൾക്ക് പ്രത്യേക അവസരമുണ്ട്. മഖാനയുടെ ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധന, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് മഖാന ബോർഡ് സ്ഥാപിക്കും. ഈ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെ എഫ്പിഒകളായി സംഘടിപ്പിക്കും. മഖാന കർഷകർക്കു കൈത്താങ്ങും പരിശീലനപിന്തുണയും നൽകാൻ ബോർഡിനാകും. പ്രസക്തമായ എല്ലാ ഗവണ്മെന്റ് പദ്ധതികളുടെയും ആനുകൂല്യങ്ങൾ അവർക്കു ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പ്രവർത്തിക്കും.

**ഉയർന്ന വിളവ് നൽകുന്ന വിത്തുകൾക്കായുള്ള ദേശീയ ദൗത്യം**

19. ഉയർന്ന വിളവ് നൽകുന്ന വിത്തുകൾക്കായുള്ള ദേശീയ ദൗത്യം ആരംഭിക്കും. (1) ഗവേഷണ ആവാസവ്യവസ്ഥ ശക്തിപ്പെടുത്തൽ, (2) ഉയർന്ന വിളവ് നൽകുന്ന വിത്തുകളുടെ വികസനവും പ്രചാരണവും, വിളനാശിനികളായ കീടങ്ങളെയും കാലാവസ്ഥാപ്രതിസന്ധികളെയും പ്രതിരോധിക്കൽ, (3) 2024 ജൂലൈ മുതൽ പുറത്തിറക്കിയ 100-ലധികം വിത്ത് ഇനങ്ങളുടെ വാണിജ്യ ലഭ്യത എന്നിവയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

**മത്സ്യബന്ധനം**

20. മത്സ്യ ഉൽപ്പാദനത്തിലും മത്സ്യക്കൃഷിയിലും ഇന്ത്യ ആഗോളതലത്തിൽ രണ്ടാം സ്ഥാനത്താണ്. സമുദ്രോൽപ്പന്ന കയറ്റുമതിയുടെ മൂല്യം 60,000 കോടി രൂപയാണ്. സമുദ്രമേഖലയുടെ അനാവരണം ചെയ്യാത്ത സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്, ആൻഡമാൻ-നിക്കോബാർ, ലക്ഷദ്വീപ് ദ്വീപുകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച്, ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നും സ്വതന്ത്ര സമുദ്രമേഖലയിൽ നിന്നുമുള്ള മത്സ്യബന്ധനത്തിന്റെ സുസ്ഥിരമായ ഉപയോഗം പ്രാപ്യമാക്കുന്നതിനുള്ള ചട്ടക്കൂട് നമ്മുടെ ഗവണ്മെന്റ് കൊണ്ടുവരും.

**പരുത്തി ഉൽപ്പാദനക്ഷമതയ്ക്കുള്ള ദൗത്യം**

21. ലക്ഷക്കണക്കിന് പരുത്തി കർഷകരുടെ പ്രയോജനത്തിനായി, 'പരുത്തി ഉൽപ്പാദനക്ഷമതയ്ക്കുള്ള ദൗത്യം' പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ 5 വർഷത്തെ ദൗത്യം പരുത്തിക്കൃഷിയുടെ ഉൽപ്പാദനക്ഷമതയിലും സുസ്ഥിരതയിലും ഗണ്യമായ പുരോഗതി കൈവരിക്കുകയും അധികകാലം നീണ്ടുനിൽക്കുന്ന പ്രധാന പരുത്തി ഇനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. കർഷകർക്ക് ഏറ്റവും മികച്ച ശാസ്ത്ര സാങ്കേതിക പിന്തുണ നൽകും. തുണിത്തര മേഖലയ്ക്കായുള്ള ഞങ്ങളുടെ സംയോജിത 5 എഫ് കാഴ്ചപ്പാടുമായി യോജിപ്പിച്ച്, ഇത് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇന്ത്യയുടെ പരമ്പരാഗത തുണിത്തര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഗുണനിലവാരമുള്ള പരുത്തിയുടെ സ്ഥിരമായ വിതരണം ഉറപ്പാക്കുന്നതിനും സഹായിക്കും.

**കെസിസി വഴി മെച്ചപ്പെട്ട വായ്പ**

22. കിസാൻ ക്രെഡിറ്റ് കാർഡുകൾ (കെസിസി) 7.7 കോടി കർഷകർ, മത്സ്യത്തൊഴിലാളികൾ, ക്ഷീരകർഷകർ എന്നിവർക്ക് ഹ്രസ്വകാല വായ്പകൾ നൽകുന്നു. കെസിസി വഴി ലഭ്യമാക്കുന്ന വായ്പകൾക്ക് പരിഷ്കരിച്ച പലിശ ഇളവു പദ്ധതി പ്രകാരം വായ്പാപരിധി 3 ലക്ഷത്തിൽ നിന്ന് 5 ലക്ഷം രൂപയായി ഉയർത്തും.

**അസമിലെ യൂറിയ പ്ലാന്റ്**

23. യൂറിയ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയ്ക്കായി, കിഴക്കൻ മേഖലയിലെ പ്രവർത്തനരഹിതമായിരുന്ന മൂന്ന് യൂറിയ പ്ലാന്റുകൾ നമ്മുടെ ഗവണ്മെന്റ് വീണ്ടും തുറന്നു. യൂറിയ വിതരണം കൂടുതൽ വർദ്ധിപ്പിക്കുന്നതിന്, അസമിലെ നാംരൂപിൽ 12.7 ലക്ഷം മെട്രിക് ടൺ വാർഷിക ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കും.

**ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജനം പകർന്ന് ഇന്ത്യ പോസ്റ്റ്**

24. 1.5 ലക്ഷം ഗ്രാമീണ പോസ്റ്റോഫീസുകളുള്ള ഇന്ത്യാ പോസ്റ്റ്, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക്, 2.4 ലക്ഷം ഡാക് സേവകരുടെ വിശാലമായ ശൃംഖല എന്നിവ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജകമായി പ്രവർത്തിക്കുന്നതിനായി പുനഃസ്ഥാപിക്കും. വിശദാംശങ്ങൾ അനുബന്ധം സി-യിൽ നൽകിയിട്ടുണ്ട്.

25. ഇന്ത്യ പോസ്റ്റ് വലിയ പൊതു ചരക്കുനീക്ക സ്ഥാപനമായും രൂപാന്തരപ്പെടും. ഇത് വിശ്വകർമ്മജർ, പുതിയ സംരംഭകർ, സ്ത്രീകൾ, സ്വയം സഹായ സംഘങ്ങൾ, എംഎസ്എംഇകൾ, വൻകിട വ്യവസായ സംഘടനകൾ എന്നിവയുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റും.

**എൻസിഡിസിക്കുള്ള പിന്തുണ**

26. സഹകരണ മേഖലയ്ക്കുള്ള വായ്പാ പ്രവർത്തനങ്ങൾക്ക് എൻസിഡിസിക്ക് നമ്മുടെ ഗവണ്മെന്റ് പിന്തുണ നൽകും.

**രണ്ടാമത്തെ എൻജിനായി എംഎസ്എംഇകൾ**

27. ഇപ്പോൾ, രണ്ടാമത്തെ വളർച്ചാസങ്കേതമായി എംഎസ്എംഇകളിലേക്ക് ഞാൻ കടക്കുന്നു. ഇത് 5.7 കോടി എംഎസ്എംഇകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നിർമാണവും സേവനങ്ങളും ഉൾക്കൊള്ളുന്നതാണ്.

## എംഎസ്എംഇകൾക്കായുള്ള വർഗ്ഗീകരണ മാനദണ്ഡങ്ങളിലെ പരിഷ്കരണം

28. നിലവിൽ, 7.5 കോടി പേർക്കു തൊഴിൽ നൽകുകയും നമ്മുടെ ഉൽപ്പാദനത്തിന്റെ 36 ശതമാനം നിർവഹിക്കുകയും ചെയ്യുന്ന ഒരു കോടിയിലധികം രജിസ്റ്റർ ചെയ്ത എംഎസ്എംഇകൾ ഇന്ത്യയെ ആഗോള ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനായി ഒത്തുചേർന്നിരിക്കുന്നു. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിച്ച്, നമ്മുടെ കയറ്റുമതിയുടെ 45 ശതമാനവും വഹിക്കുന്നത് ഈ എംഎസ്എംഇകളാണ്. ഉയർന്ന തോതിലുള്ള കാര്യക്ഷമത, സാങ്കേതിക നവീകരണം, മൂലധനത്തിലേക്കുള്ള മികച്ച പ്രവേശനം എന്നിവ കൈവരിക്കാൻ സഹായിക്കുന്നതിന്, എല്ലാ എംഎസ്എംഇകളുടെയും വർഗ്ഗീകരണത്തിനുള്ള നിക്ഷേപ-വിറ്റുവരവ് പരിധികൾ യഥാക്രമം രണ്ടര മടങ്ങും 2 മടങ്ങും ആയി വർദ്ധിപ്പിക്കും. ഇത് വളരാനും നമ്മുടെ യുവാക്കൾക്ക് തൊഴിൽ സൃഷ്ടിക്കാനുമുള്ള ആത്മവിശ്വാസം നൽകും. വിശദാംശങ്ങൾ അനുബന്ധം ഡി-യിൽ.

## ഈടുപരിരക്ഷയോടെയുള്ള വായ്പ ലഭ്യതയിൽ ഗണ്യമായ വർദ്ധന

29. വായ്പാലഭ്യത മെച്ചപ്പെടുത്തുന്നതിന്, ഇനി പറയുന്നവയുടെ ഈട് ഉറപ്പു പരിരക്ഷ വർദ്ധിപ്പിക്കും:
എ) സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾക്ക്, 5 കോടി രൂപയിൽ നിന്ന് 10 കോടി രൂപയാക്കി. ഇത് അടുത്ത 5 വർഷത്തിനുള്ളിൽ 1.5 ലക്ഷം കോടി രൂപയുടെ അധിക വായ്പയിലേക്ക് നയിക്കും;

ബി) സ്റ്റാർട്ടപ്പുകൾക്ക്, 10 കോടിയിൽനിന്ന് 20 കോടി രൂപയാക്കി. സ്വയംപര്യാപ്ത ഭാരതത്തിന്റെ പ്രധാനപ്പെട്ട 27 ശ്രദ്ധാമേഖലകളിലെ വായ്പകൾക്ക് ഗ്യാരന്റി നിരക്ക് ഒരു ശതമാനമായി പരിമിതപ്പെടുത്തി;

സി) മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കയറ്റുമതിക്കാരായ MSME-കൾക്ക്, 20 കോടി വരെയുള്ള തവണവായ്പകൾക്ക്.

## സൂക്ഷ്മ സംരംഭങ്ങൾക്കുള്ള ക്രെഡിറ്റ് കാർഡുകൾ

30. ഉദ്യം പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ പരിധിയുള്ള ഇഷ്ടാനുസൃത ക്രെഡിറ്റ് കാർഡുകൾ ഞങ്ങൾ അവതരിപ്പിക്കും. ആദ്യ വർഷം ഇത്തരത്തിലുള്ള 10 ലക്ഷ
കാർഡുകൾ വിതരണം ചെയ്യും.

## സ്റ്റാർട്ടപ്പുകൾക്കുള്ള ഫണ്ട് ഓഫ് ഫണ്ട്സ്

31. സ്റ്റാർട്ടപ്പുകൾക്കുള്ള ഇതര നിക്ഷേപ ഫണ്ടുകൾ(എഐഎഫ്)ക്ക് 91,000 കോടി രൂപയിലേറെ കമ്മിറ്റ്മെന്റുകൾ ലഭിച്ചു.10,000 കോടി രൂപയുടെ സർക്കാർ വിഹിതത്തോടെ രൂപീകരിച്ച ഫണ്ട് ഓഫ് ഫണ്ട്സ് ഇതിനെ പിൻതുണയ്ക്കുന്നുണ്ട്. 10,000 കോടി രൂപ കൂടി നൽകി കൂടുതൽ സാധ്യതകളുള്ള പുതിയ ഫണ്ട് ഓഫ് ഫണ്ട്സ് തുടങ്ങും.

ആദ്യമായി സംരംഭം തുടങ്ങുന്നവർക്കുള്ള പദ്ധതി
32. 5 ലക്ഷം സ്ത്രീകൾ, പട്ടികജാതിക്കാർ, പട്ടികവർഗക്കാർ എന്നീ വിഭാഗങ്ങളിലുള്ള ആദ്യമായി സംരംഭം തുടങ്ങുന്നവർക്കായി പ്രത്യേക പദ്ധതി തുടങ്ങും. ഇതുവഴി അടുത്ത 5 വർഷത്തിനുള്ളിൽ 2 കോടി രൂപ വരെ ടേം ലോണുകൾ നൽകും. വിജയകരമായ സ്റ്റാൻഡ്-അപ്പ് ഇന്ത്യ പദ്ധതിയിൽ നിന്നുള്ള പാഠങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തും. ഇതിനായി സംരംഭകത്വവും മാനേജ്മെന്റ് കഴിവുകളും സംബന്ധിച്ച ഓൺലൈൻ ശേഷി വർദ്ധിപ്പിക്കും.

**തൊഴിലവസരങ്ങൾ കൂടുതലുള്ള മേഖലകൾക്കുള്ള നടപടികൾ**

33.തൊഴിലവസരങ്ങളും സംരംഭകത്വ അവസരങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് തൊഴിൽ സാധ്യതയേറിയ മേഖലകളിൽ, ഞങ്ങളുടെ ഗവൺമെന്റ് പ്രത്യേക നയം നടപ്പാക്കും. പ്രവർത്തനം സുഗമമാക്കുന്നതിനു നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**പാദരക്ഷ, തുകൽ ഉൽപാദന മേഖലകൾക്ക് ഊന്നൽ നൽകിയുള്ള പദ്ധതി**

34. ഇന്ത്യയുടെ ഉൽപ്പാദനക്ഷമതയും ഗുണനിലവാരവും മത്സരശേഷിയും വർദ്ധിപ്പിക്കുന്നതിന് പാദരക്ഷ, തുകൽ മേഖലകളിൽ ഉൽപ്പാദന കേന്ദ്രീകൃത പദ്ധതി നടപ്പാക്കും. തുകൽ പാദരക്ഷകൾക്കും മറ്റു തുകൽ ഉൽപന്നങ്ങൾക്കുംനൽകുന്ന പിൻതുണയ്ക്കു പുറമെ രൂപകൽപനാ ശേഷി, ഘടകോൽപാദനം, തുകലിതര പാദരക്ഷകൾ ഉൽപാദിപ്പിക്കുന്നതിനുള്ള യന്ത്രസംവിധാനങ്ങൾ എന്നിവയ്ക്ക്ും ഈപദ്ധതി പിൻതുണയേകും.22 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുക, 4 ലക്ഷം കോടി രൂപയുടെ വിറ്റുവരവ് ഉണ്ടാക്കുക എന്നിവയാണു ലക്ഷ്യങ്ങൾ.1.1 ലക്ഷം കോടി രൂപയുടെ കയറ്റുമതിയും ലക്ഷ്യംവയ്ക്കുന്നു.

**കളിപ്പാട്ട മേഖലയ്ക്കുള്ള നടപടികൾ**

35. കളിപ്പാട്ടങ്ങൾക്കായുള്ള ദേശീയ ആക്ഷൻ പ്ലാൻ വികസിപ്പിച്ച് ഇന്ത്യയെ കളിപ്പാട്ടങ്ങളുടെ ആഗോള കേന്ദ്രമാക്കി മാറ്റാനുള്ള പദ്ധതി ഞങ്ങൾ നടപ്പിലാക്കും. ക്ലസ്റ്ററുകൾ വികസിപ്പിക്കൽ, നൈപുണ്യം, 'മെയ്ഡ് ഇൻ ഇന്ത്യ'യെ പ്രതിനിധാനം ചെയ്യുന്ന മികച്ചതും സവിശേഷവും നൂതനവും സുസ്ഥിരവുമായ കളിപ്പാട്ടങ്ങൾ നിർമിക്കുന്ന ഉൽപാദനം സംവീധാനം എന്നിവയ്ക്കു പദ്ധതി ഊന്നൽ നൽകും.

**ഭക്ഷ്യസംസ്കരണത്തിനുള്ള പിൻതുണ**

36.'പൂർവോദയ'യോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയ്ക്ക് അനുസൃതമായി, ബീഹാറിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി, എന്ററർപ്രണർഷിപ്പ് ആൻഡ് മാനേജ്മെന്റ് സ്ഥാപിക്കും. കിഴക്കൻ മേഖലയിലെ ഭക്ഷ്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ശക്തമായ പിന്തുണ നൽകും. ഇത് (1) ഉൽപന്നങ്ങളുടെ മൂല്യവർദ്ധനയിലൂടെ കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിന് കാരണമാകും.
(2) നൈപുണ്യവും യുവജനങ്ങളുടെ സംരംഭകത്വവും തൊഴിലവസരങ്ങളും വർധിക്കാനിടയാക്കും.

**ഉൽപ്പാദന ദൗത്യം - 'മേക്ക് ഇൻ ഇന്ത്യ'**

37. നമ്മുടെ സർക്കാർ ഒരു ദേശീയ ഉൽപ്പാദന ദൗത്യം ആരംഭിക്കും. ചെറുകിട, ഇടത്തരം, വൻകിട വ്യവസായങ്ങളെ ഉദ്ദേശിച്ചാണിത്. നയ പിന്തുണ, നിർവ്വഹണ റോഡ്മാപ്പുകൾ, ഭരണം, കേന്ദ്ര മന്ത്രാലയങ്ങൾക്കും സംസ്ഥാനങ്ങൾക്കും നിരീക്ഷണ ചട്ടക്കൂട് എന്നിവ ലഭ്യമാക്കി 'മേക്ക് ഇൻ ഇന്ത്യ' പ്രോത്സാഹിപ്പിക്കുകയാണു ലക്ഷ്യം. വിശദാംശങ്ങൾ അനുബന്ധം ഇയിൽ ഉണ്ട്.

**ക്ലീൻ ടെക് ഉൽപാദനം**

38. കാലാവസ്ഥാ സൗഹൃദപരമായ വികസനത്തിനുള്ള ഞങ്ങളുടെ പ്രതിബദ്ധത കണക്കിലെടുത്ത്, ദൗത്യം
ക്ലീൻ ടെക് നിർമ്മാണത്തെയും പിന്തുണയ്ക്കും. ഇത് ആഭ്യന്തര പുരോഗതി ലക്ഷ്യമിടുന്നു. സൗരോർജ പിവി സെല്ലുകൾ, ഇവി ബാറ്ററികൾ, മോട്ടോറുകളും കൺട്രോളറുകളും, ഇലക്ട്രോലൈസറുകൾ, വിൻഡ് ടർബൈനുകൾ, വളരെ ഉയർന്ന വോൾട്ടേജ് ട്രാൻസ്മിഷൻ ഉപകരണങ്ങൾ, ഗ്രിഡ് സ്കെയിൽ ബാറ്ററികൾ എന്നിവയ്ക്കായുള്ള സംവിധാനമൊരുക്കാനും ഉദ്ദേശ്യമുണ്ട്.

**മൂന്നാം എഞ്ചിനായി നിക്ഷേപം**

39. ഇപ്പോൾ, ഞാൻ മൂന്നാം എഞ്ചിൻ ആയ നിക്ഷേപത്തിലേക്കു നീങ്ങുന്നു, അത് ആളുകളിൽ നിക്ഷേപിക്കുക, സമ്പദ്വ്യവസ്ഥയിൽ നിക്ഷേപിക്കുക, നവീകരണത്തിൽ നിക്ഷേപിക്കുക എന്നിവ ഉൾപ്പെട്ടതാണ്.

**എ). ആളുകളിൽ നിക്ഷേപിക്കുന്നു**

**സാക്ഷം അങ്കണവാടിയും പോഷൺ 2.0 ഉം**

40. സാക്ഷം അങ്കണവാടിയും പോഷൻ 2.0 പ്രോഗ്രാമും 8 കോടിയിലധികം കുട്ടികൾക്കും ഒരു കോടി ഗർഭിണികൾക്കും രാജ്യത്തുടനീളമുള്ള മുലയൂട്ടുന്ന അമ്മമാർക്കും ആസ്പിറേഷണൽ ജില്ലകളിലും വടക്കുകിഴക്കൻ മേഖലയിലുമുള്ള 20 ലക്ഷത്തോളം കൗമാരക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര സഹായം നൽകുന്നു. പോഷകാഹാര പിന്തുണയ്ക്കുള്ള ചെലവിന്റെ മാനദണ്ഡങ്ങൾ ഉചിതമായ രീതിയിൽ വർദ്ധിപ്പിക്കും.

**അടൽ ടിങ്കറിംഗ് ലാബ്സ്**

41. അടുത്ത 5 വർഷത്തിനുള്ളിൽ ഗവൺമെന്റ് സ്കൂളുകളിൽ അമ്പതിനായിരം അടൽ ടിങ്കറിംഗ് ലാബുകൾ സ്ഥാപിക്കും. യുവമനസ്സുകളിൽ ജിജ്ഞാസയുടെയും പുതുമയുടെയും മനോഭാവം വളർത്തിയെടുക്കാനും ഒപ്പം യുവമനസ്സുകൾക്കിടയിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കാനും ആണിത്.

**ഗവൺമെന്റ് സെക്കൻഡറി സ്കൂളുകൾക്കും പിഎച്ച്സികൾക്കും ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി**

42. ഗ്രാമീണ മേഖലകളിലെ എല്ലാ ഗവൺമെന്റ് സെക്കൻഡറി സ്കൂളുകൾക്കും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും ഭാരത്നെറ്റ് പദ്ധതി പ്രകാരം ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി ലഭ്യമാക്കും.

**ഭാരതീയ ഭാഷാ പുസ്തക് പദ്ധതി**

43. സ്കൂളുകളിലും ഉന്നതവിദ്യാഭ്യാസ മേഖലയിലും ഡിജിറ്റൽ രൂപത്തിലുള്ള ഇന്ത്യൻ ഭാഷാ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനായി

ഭാരതീയ ഭാഷാ പുസ്തക പദ്ധതി നടപ്പാക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. വിദ്യാർഥികൾക്കു പാഠ്യവിഷയങ്ങൾ മനസ്സിലാകാൻ സഹായിക്കുന്നതിനാണ് ഇത്.

**നൈപുണ്യമികവിനുള്ള ദേശീയ കേന്ദ്രങ്ങൾ**

44. ജൂലൈ 2024 ബജറ്റിലെ നിർദേശങ്ങളുടെ പശ്ചാത്തലത്തിൽ, 'മെയ്ക്ക് ഫോർ ഇന്ത്യ, മെയ്ക്ക് ഫോർ ദ് വേൾഡ്' ഉൽപാദനത്തിനായി നൈപുണ്യം യുവാക്കളിൽ വളർത്തിയെടുക്കുന്നതിനായി ആഗോള വൈദഗ്ധ്യവും പങ്കാളിത്തവുമുള്ള മികവിന്റെ അഞ്ചു ദേശീയ കേന്ദ്രങ്ങൾ സ്ഥാപിക്കും. പാഠ്യപദ്ധതി രൂപകൽപന, പരിശീലകരെ പരിശീലിപ്പിക്കൽ, നൈപുണ്യ സാക്ഷ്യപത്ര ചട്ടക്കൂട്, കാലിക വിലയിരുത്തലുകൾ എന്നിവ പങ്കാളിത്തങ്ങളിൽ ഉൾപ്പെടും.

**ഐഐടികളെ ശേഷി വികസിപ്പിക്കൽ**

45. കഴിഞ്ഞ പത്തു വർഷത്തിനിടെ 23 ഐഐടികളിലെ വിദ്യാർഥികളുടെ എണ്ണം 65,000ൽനിന്ന് നൂറു ശതമാനം ഉയർന്ന് 1.35 ലക്ഷമായിട്ടുണ്ട്. 6500 വിദ്യാർഥികൾക്കു കൂടി പഠനാവസരം ഒരുക്കുന്നതിനായി 2014നു ശേഷം സ്ഥാപിക്കപ്പെട്ട അഞ്ച് ഐഐടികളിൽ കൂടുതൽ അടിസ്ഥാനസൗകര്യമൊരുക്കും.ഐഐടി പ്ട്നയിൽ ഹോസ്റ്റൽ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തും.

വിദ്യാഭ്യാസ രംഗത്ത് എഐയിൽ മികവിന്റെ കേന്ദ്രം
46. 2023ൽ ഞാൻ കൃഷി, ആരോഗ്യം, സുസ്ഥിര നഗരങ്ങൾ എന്നീ മേഖലകൾക്കായി ഓരോ നിർമിതബുദ്ധി മികവിന്റെ കേന്ദ്രങ്ങൾ പ്രഖ്യാപിച്ചിരുന്നു. സമാനമായി, ആകെ 500 കോടി രൂപ നീക്കിവെച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയ്ക്കായി നിർമിതബുദ്ധിയുടെ മികവിന്റെ കേന്ദ്രം നിർമിക്കും.

**വൈദ്യശാസ്ത്ര പഠനം വിപുലീകരിക്കും**
47. നമ്മുടെ ഗവൺമെന്റ് 1.1 ലക്ഷം യുജി, പിജി മെഡിക്കൽ എജ്യുക്കേഷൻ സീറ്റുകൾ പത്തു വർഷത്തിനിടെ വർധിപ്പിച്ചിട്ടുണ്ട്. 130 ശതമാനം സീറ്റ് വർധന വരുത്തി. അടുത്ത വർഷം മെഡിക്കൽ കോളജുകളിലും ആശുപത്രികളിലുമായി 10,000 സീറ്റുകൾ വർധിപ്പിക്കും. അടുത്ത അഞ്ചു വർഷത്തിനിടെ 75,000 സീറ്റുകൾ വർധിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമാണിത്.

**എല്ലാ ജില്ലാ ആശുപത്രികളിലും ഡെ കെയർ അർബുദ കേന്ദ്രങ്ങൾ**

48. അടുത്ത മൂന്നു വർഷത്തിനിടെ എല്ലാ ജില്ല ആശുപത്രികളിലും അർബുദ ഡെ കെയർ കേന്ദ്രങ്ങൾ ആരംഭിക്കും. 2025-26ൽ 200 കേന്ദ്രങ്ങൾ യാഥാർഥ്യമാക്കും.

**നഗരങ്ങളിലെ ഉപജീവനമാർഗം ശക്തിപ്പെടുത്തൽ**

49. നഗരങ്ങളിലെ ദരിദ്രർക്കും ദുർബല വിഭാഗങ്ങൾക്കും സഹായമേകുന്നതിനാണു നമ്മുടെ ഗവൺമെന്റ് മുൻഗണന നൽകിവരുന്നത്. അവരുടെ വരുമാനം വർധിപ്പിക്കുന്നതിനും സുസ്ഥിര ഉപജീവനമാർഗം യാഥാർഥ്യമാക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നഗരങ്ങളിലെ തൊഴിലാളികളെ ഉദ്ദേശിച്ച് സാമൂഹിക-സാമ്പത്തിക ഉദ്ധാരണ പദ്ധതി നടപ്പാക്കും.

**പിഎം സ്വാനിധി**

50. വർധിച്ച പലിശയോടുകൂടിയ അനൗദ്യോഗിക മേഖലാ വായ്പകളിൽ നിന്നു വിടുതൽ നൽകുക വഴി 68 ലക്ഷം തെരുവുകച്ചവടക്കാർക്ക് പിഎം സ്വാനിധി സഹായകമായിട്ടുണ്ട്. ഈ വിജയത്തെ അടിസ്ഥാനപ്പെടുത്തി ബാങ്കുകളിൽനിന്നു കൂടുതൽ വായ്പയോടെ പദ്ധതി പുനരുദ്ധരിക്കും. 30,000 പരിധിയുള്ള യുപിഐ ബന്ധിത ക്രെഡിറ്റ് കാർഡുകളും ശേഷിവർധനയ്ക്കുള്ള പിൻതുണയും ലഭ്യമാക്കും.

**ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ജോലി ചെയ്യുന്നവർക്കായി സാമൂഹിക സുരക്ഷാ പദ്ധതി**

51. ആധുനിക കാല സേവന സമ്പദ്‌വ്യവസ്ഥയ്ക്ക് ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്നവർ വലിയ ഊർജം പകരുന്നുണ്ട്. അവരുടെ സംഭാവനകളെ മാനിച്ച് ഗവൺമെന്റ് അവർക്ക് തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുകയും ഇ-ശ്രം പോർട്ടലിൽ റജിസ്ട്രേഷൻ നൽകുകയും ചെയ്യും. പിഎംജൻ ആരോഗ്യ യോജനയിൽ അവർക്കു ആരോഗ്യസംരക്ഷണമേകും. ഒരുകോടിയോളം പേർക്കു പദ്ധതി ഗുണംചെയ്യും.

**ബി. സമ്പദ്‌വ്യവസ്ഥയിലുള്ള നിക്ഷേപം**

അടിസ്ഥാനസൗകര്യമേഖലയിൽ പൊതു, സ്വകാര്യ പങ്കാളിത്തം

52. പിപിപി മാതൃകയിൽ നടപ്പാക്കാവുന്ന പദ്ധതികളുടെ മൂന്നു വർഷത്തെ പദ്ധതിയുമായി അടിസ്ഥാനസൗകര്യ ബന്ധിത മന്ത്രാലയങ്ങൾ രംഗത്തുവരും. ഈ വഴിക്കു നീങ്ങാൻ സംസ്ഥാനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യും. പിപിപി നിർദേശങ്ങൾ തയ്യാറാക്കുന്നതിനായി ഇന്ത്യ ഇൻഫ്രാസ്ട്രക്ചർ പ്രോജക്റ്റ് ഡെവലപ്മെന്റ് ഫണ്ടി(ഐഐപിഡിഎഫ്)നെ സമീപിക്കാവുന്നതാണ്.

**അടിസ്ഥാനസൗകര്യത്തിനായി സംസ്ഥാനങ്ങൾക്കു പിൻതുണ**

53. മൂലധനച്ചെലവുകൾക്കും നവീകരണത്തിനുള്ള പ്രോൽസാഹനത്തിനുമായി സംസ്ഥാനങ്ങൾക്ക് 50 വർഷത്തെ പലിശരഹിത വായ്പകൾക്കായി 1.5 ലക്ഷം കോടി രൂപയുടെ വിഹിതം നിർദേശിക്കപ്പെട്ടിട്ടുണ്ട്.

**അസെറ്റ് മോണിറ്റൈസേഷൻ പദ്ധതി 2025-30**

54. 2021ൽ പ്രഖ്യാപിച്ച ആദ്യത്തെ അസെറ്റ് മോണിറ്റൈസേഷൻ പദ്ധതിയുടെ വിജയത്തിന്റെ പശ്ചാത്തലത്തിൽ പുതിയ പദ്ധതികളിൽ 10 ലക്ഷം കോടി രൂപ എത്തിക്കാനായി 2025-30ലെ പുതിയ പദ്ധതി ആവിഷ്കരിക്കും. പദ്ധതിക്കു പിൻതുണയേകാനായി നിയന്ത്രണപരവും ധനകാര്യസംബന്ധിയുമായ നടപടികൾ കൈക്കൊള്ളും.

**ജൽ ജീവൻ മിഷൻ**

55. 2019 മുതൽ15 കോടി വീടുകളിൽ, അതായത് ഇന്ത്യയുടെ ഗ്രാമീണ ജനതയുടെ 80 ശതമാനത്തോളം പേർക്ക് ടാപ്പ് വെള്ള കണക്ഷനുകൾ ലഭ്യമാക്കി. കൂടിയ വിഹിതത്തോടെ 2028 വരെ പദ്ധതി തുടരുക വഴി എല്ലാവർക്കും കവറേജ് നൽകാനുള്ള പദ്ധതി ഞാൻ പ്രഖ്യാപിക്കുകയാണ്.

56. 'ജൻ ഭാഗീഥാരി' വഴി ഗ്രാമങ്ങളിൽ പൈപ്പിലൂടെയുള്ള ജലവിതരണ പദ്ധതികളുടെ അടിസ്ഥാനസൗകര്യ മികവും ഒ ആൻഡ് എമ്മും കേന്ദ്രീകരിച്ചുള്ള ദൗത്യമാണിത്. സുസ്ഥിരതയും പൗരകേന്ദ്രീകൃത ജലവിതരണവും ഉറപ്പാക്കാനായി സംസ്ഥാനങ്ങളുമായും കേന്ദ്രഭരണപ്രദേശങ്ങളുമായും വ്യത്യസ്ത ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കും.

**നഗരമേഖലാ പരിഷ്കാരങ്ങൾ**

57. നഗരമേഖലയിലെ ഭരണം, മുനിസിപ്പൽ സേവനങ്ങൾ, നഗരഭൂമി, ആസൂത്രണം എന്നിവ സംബന്ധിച്ച പരിഷ്കാരങ്ങൾ ജൂലൈയിലെ ബജറ്റ് നിർദേശങ്ങളുടെ തുടർച്ചയായി പ്രോൽസാഹിപ്പിക്കും.

**അർബൻ ചലഞ്ച് ഫണ്ട്**

58. ജൂലൈ ബജറ്റിൽ പ്രഖ്യാപിച്ച 'നഗരങ്ങൾ വളർച്ചാ കേന്ദ്രങ്ങൾ', 'നഗരങ്ങളുടെ സൃഷ്ടിപരമായ പുനർവികസനം', 'വെള്ളവും ശുചിത്വവും' എന്നീ നിർദേശങ്ങൾ നടപ്പാക്കുന്നതിനായി ഗവൺമെന്റ് ഒരു ലക്ഷം കോടി രൂപയുടെ അർബൻ ചാലഞ്ച് ഫണ്ട് നടപ്പാക്കും.

59. കുറഞ്ഞത് 50 ശതമാനം ഫണ്ട് ബോണ്ടുകൾ, ബാങ്ക് വായ്പകൾ, പിപിപികൾ എന്നിവയിലൂടെ ആയിരിക്കണമെന്ന വ്യവസ്ഥയോടെ ബാങ്കബിൾ പദ്ധതികളുടെ 25 ശതമാനം വരെ പണം ഫണ്ടിലൂടെ ലഭ്യമാക്കും. 2025-26ലേക്ക് ഇതിനായി 10,000 കോടി രൂപ നീക്കിവയ്ക്കും.

**ഊർജമേഖലയിലെ പരിഷ്കാരങ്ങൾ**

60.വൈദ്യുതി വിതരണ പരിഷ്കാരങ്ങളും അന്തർസംസ്ഥാന ട്രാൻസ്മിഷൻ ശേഷി വർദ്ധനയും ഞങ്ങൾ പ്രോത്സാഹിപ്പിക്കും. ഇതു സാമ്പത്തികാരോഗ്യവും വൈദ്യുതി കമ്പനികളുടെ ശേഷിയും വർധിപ്പിക്കും. ഈ പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര ഘട്ടത്തിൽ ജിഎസ്ഡിപിയുടെ അര ശതമാനം വായ്പ കൂടുതലായി അനുവദിക്കും.

**വികസിതഭാരതത്തിനായി ആണവോർജ ദൗത്യം**

61. നമ്മുടെ ഊർജ പരിണാമ ശ്രമങ്ങൾക്കായി 2047 ആകുമ്പോഴേക്കും ആണവോർജം 100 ഗിഗാവാട്ടെങ്കിലും ഉൽപാദിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യത്തിനായുള്ള സ്വകാര്യമേഖലയുടെ സജീവപങ്കാളിത്തത്തിനായി ആറ്റമിക് എനർജി നിയമത്തിലും സിവിൽ ലയബിലിറ്റി ഫോർ ന്യൂക്ലിയർ ഡാമേജ് ആക്റ്റിലും ഭേദഗതികൾ വരുത്തും.

62. 20000 കോടി രൂപ വിഹിതത്തോടെ സ്മോൾ മോഡുലാർ റിയാക്ടറു(എസ്എംആർ)കൾ സംബന്ധിച്ച ഗവേഷണ, വികസന പ്രവർത്തനങ്ങൾക്കായി ആണവോർജ ദൗത്യം സജ്ജീകരിക്കും. 2033

ആകുമ്പോഴേക്കും തദ്ദേശീയമായി നിർമിച്ച അഞ്ച് എസ്എംആറുകളെങ്കിലും പ്രവർത്തനസജ്ജമാക്കും.

**കപ്പൽനിർമാണം**

63. വില സംബന്ധിച്ച തിരിച്ചടികളെ നേരിടാൻ ഷിപ്ബിൽഡിങ് ഫൈനാൻഷ്യൽ അസിസ്റ്റൻസ് പോളിസി പരിഷ്കരിക്കും. സർക്കുലാർ സമ്പദ് വ്യവസ്ഥ പ്രോൽസാഹിപ്പിക്കുന്നതിനായി ഇന്ത്യൻ യാഡുകളിൽ കപ്പൽ പൊളിക്കുന്നതിനുള്ള ക്രെഡിറ്റ് നോട്ടുകളും ഇതിൽ ഉൾപ്പെടുത്തും.

64. അടിസ്ഥാനസൗകര്യ ഹാർമണൈസ്ഡ് മാസ്റ്റർ ലിസ്റ്റി(എച്ച്എംഎൽ)ൽ നിശ്ചിത അളവിൽക്കൂടുതലുള്ള വലിയ കപ്പലുകൾ ഉൾപ്പെടുത്തും.

65. കപ്പലുകളുടെ പരിധിയും വിഭാഗങ്ങളും ശേഷിയും ഉയർത്താനായി കപ്പൽനിർമാണ ക്ലസ്റ്ററുകൾ സജ്ജമാക്കും. ഇതിൽ സംവിധാനമാകെ മെച്ചപ്പെടുത്താനുള്ള കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ, നൈപുണ്യം, സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടും.

**മാരിടൈം വികസന ഫണ്ട്**

66. മാരിടൈം വ്യവസായത്തിനു ദീർഘകാല ഫണ്ട് ലഭ്യമാക്കാനായി 25000 കോടി രൂപ കോർപസ്സോടെ മാരിടൈം ഡെവലപ്മെന്റ് ഫണ്ട് രൂപീകരിക്കും. പിൻതുണയേകാനും മൽസരം പ്രോൽസാഹിപ്പിക്കാനുമായിരിക്കും ഇത്. ഇതിൽ 49 ശതമാനം ഗവൺമെന്റ് വിഹിതമായിരിക്കും. ബാക്കി തുക പോർട്ടുകളിൽനിന്നും സ്വകാര്യമേഖലയിൽനിന്നും സമാഹരിക്കും.

**ഉഡാൻ-മേഖലാതല കണക്റ്റിവിറ്റി പദ്ധതി**

67. അതിവേഗം സഞ്ചാരിക്കാനുള്ള ഒന്നരക്കോടിയിലേറെ മധ്യവർഗക്കാരുടെ ആഗ്രഹം ഉഡാൻ സാധ്യമാക്കിയിട്ടുണ്ട്. 88 വിമാനത്താവളങ്ങളെ ബന്ധിപ്പിക്കാനും 619 റൂട്ടുകൾ യാഥാർഥ്യമാക്കാനും പദ്ധതിക്കു കഴിഞ്ഞു. അടുത്ത പത്തു വർഷത്തിനിടെ 120 പുതിയ കേന്ദ്രങ്ങളെ ബന്ധിപ്പിക്കാനും നാലു കോടി യാത്രക്കാരെ വഹിക്കാനുമായി മേഖലാതല കണക്റ്റിവിറ്റി വർധിപ്പിക്കാൻ ലക്ഷ്യമിട്ട് പരിഷ്കരിക്കപ്പെട്ട ഉഡാൻ പദ്ധതി നടപ്പാക്കും. നേരത്തെയുണ്ടായിരുന്ന ഉഡാൻ പദ്ധതിയുടെ വിജയമാണ് ഇതിനു പ്രചോദനമേകുന്നത്. മലമ്പ്രദേശങ്ങളിലും വികസനം കാംക്ഷിക്കുന്ന ഇടങ്ങളിലും വടക്കുകിഴക്കൻ ജില്ലകളിലും

ഹെലിപ്പാഡുകളും ചെറുകിട വിമാനത്താവളങ്ങളും നിർമിക്കുന്നതിനും പദ്ധതി പിൻതുണയേകും.

**ബിഹാറിൽ ഗ്രീൻഫീൽഡ് വിമാനത്താവളം**

68. സംസ്ഥാനത്തിന്റെ ഭാവിയിലെ ആവശ്യങ്ങൾ മുന്നിൽക്കണ്ട് ബിഹാറിൽ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾ ഒരുക്കും. പട്ന വിമാനത്താവളത്തിന്റെ ശേഷി വർധിപ്പിക്കുകയും ബിഹ്തയിൽ ബ്രൗൺഫീൽഡ് വിമാനത്താവളം നിർമിക്കുകയും ചെയ്യുന്നതിനു പുറമേയാണിത്.

**മിഥിലാഞ്ചലിൽ വെസ്റ്റേൺ കോഷി കനാൽ പദ്ധതി**

69. ബീഹാറിലെ മിഥിലാഞ്ചൽ മേഖലയിലെ 50,000 ഹെക്ടറിൽ കൂടുതൽ ഭൂമിയിൽ കൃഷി ചെയ്യുന്ന വലിയൊരു വിഭാഗം കർഷകർക്ക് പ്രയോജനപ്പെടുന്ന പടിഞ്ഞാറൻ കോശി കനാൽ ERM പദ്ധതിക്ക് സാമ്പത്തിക സഹായം നൽകും

**ഖനനമേഖലയിലെ പരിഷ്കാരങ്ങൾ**

70. ചെറു ധാതുക്കൾ ഉൾപ്പെടെയുള്ള ഖനനമേഖലയിലെ പരിഷ്കാരങ്ങളുടെ ഭാഗമായി മികച്ച സമ്പ്രദായങ്ങളുടെ പങ്കുവയ്ക്കലും സംസ്ഥാന ഖനന സൂചികയുടെ സ്ഥാപനവും പ്രോത്സാഹിപ്പിക്കപ്പെടുന്നു

71. ഖനികളിലെ മിച്ച വസ്തുക്കളിൽ നിന്ന് നിർണായകമായ ധാതുക്കൾ വീണ്ടെടുക്കുന്നതിനുള്ള നയം കൊണ്ടുവരും

**(SWAMIH) ഫണ്ട് 2**

72. താങ്ങാനാവുന്നതും ഇടത്തരം വരുമാനമുള്ളതുമായ ഭവന നിർമ്മാണത്തിനുള്ള പ്രത്യേക പദ്ധതിക്ക് കീഴിൽ (SWAMIH) അമ്പതിനായിരം പാർപ്പിട യൂണിറ്റുകൾ പൂർത്തീകരിക്കുകയും, വീടിന്റെ താക്കോൽ ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തു. മറ്റൊരു നാല്പതിനായിരം യൂണിറ്റുകൾ 2025-ൽ പൂർത്തിയാക്കും. ഇത് ഇടത്തരക്കാരെ കൂടുതൽ സഹായിക്കും. കൂടാതെ അപ്പാർട്ടുമെൻ്റുകൾക്കായി എടുത്ത വായ്പകളിൽ EMI അടയ്ക്കുന്ന മധ്യവർഗ്ഗ കുടുംബങ്ങളെ സഹായിക്കുകയും ഒപ്പം അവരുടെ നിലവിലെ വാസസ്ഥലങ്ങൾക്ക് വാടക നൽകുകയും ചെയ്യുന്നു.

73. ഈ വിജയത്തെ അടിസ്ഥാനമാക്കി, SWAMIH ഫണ്ട് 2നെ ഗവൺമെൻ്റ്, ബാങ്കുകൾ, സ്വകാര്യ നിക്ഷേപകർ എന്നിവയിൽ നിന്നുള്ള വിഹിതത്തോടെ സംയോജിത ധനസഹായ പദ്ധതിയായി ആവിഷ്കരിക്കും. ഇത്തരത്തിൽ സ്വരൂപിക്കുന്ന 15,000 കോടി രൂപയുടെ ഈ ഫണ്ട് വഴി ഒരു ലക്ഷം യൂണിറ്റുകൾ കൂടി അതിവേഗം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**സ്വകാര്യ മേഖലയ്ക്കുള്ള PM ഗതി ശക്തി ഡാറ്റ**

74. PPP കൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതി ആസൂത്രണത്തിൽ സ്വകാര്യമേഖലയെ സഹായിക്കുന്നതിനും, പിഎം ഗതി ശക്തി പോർട്ടലിൽ നിന്ന് പ്രസക്തമായ ഡാറ്റകളും മാപ്പുകളും ഉപയുക്തമാക്കാൻ അവസരം ഒരുക്കുന്നു.

**തൊഴിലധിഷ്ഠിത വളർച്ചയ്ക്ക് ടൂറിസം**

75. രാജ്യത്തെ മികച്ച 50 വിനോദസഞ്ചാര കേന്ദ്രങ്ങൾ സംസ്ഥാനങ്ങളുമായുള്ള പങ്കാളിത്തത്തിലൂടെ ദ്രുതഗതിയിൽ വികസിപ്പിക്കും. ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഭൂമി സംസ്ഥാനങ്ങൾ ഒരുക്കേണ്ടതുണ്ട്. ആ ലക്ഷ്യസ്ഥാനങ്ങളിലെ ഹോട്ടലുകൾ HML ഇൻഫ്രാസ്ട്രക്ചറിൽ ഉൾപ്പെടുത്തും.

76. തൊഴിൽ ലഭ്യത നേതൃത്വം നൽകുന്ന വളർച്ച സുഗമമാക്കുന്നതിന് ഇനിപ്പറയുന്ന നടപടികൾ കൈക്കൊള്ളും

1) രാജ്യത്തെ ഹോസ്പിറ്റാലിറ്റി മാനേജ്മെൻ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഉൾപ്പെടെ നമ്മുടെ യുവാക്കൾക്കായി തീവ്രമായ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിക്കുക

2) ഹോംസ്റ്റേകൾക്കായി മുദ്ര ലോണുകൾ നൽകൽ;

3) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള കണക്റ്റിവിറ്റിയും ഇവിടങ്ങളിലേക്കുള്ള യാത്രാ സൗകര്യവും മെച്ചപ്പെടുത്തുക;

4) ടൂറിസ്റ്റ് സൗകര്യങ്ങൾ, ശുചിത്വം, വിപണന ശ്രമങ്ങൾ എന്നിവയുൾപ്പെടെ ലക്ഷ്യസ്ഥാന പരിപാലനത്തിന്റെ കാര്യക്ഷമതയ്ക്കായി സംസ്ഥാനങ്ങൾക്കു പ്രവർത്തനാധിഷ്ഠിത പ്രോത്സാഹനം നൽകുന്നു,

5) കാര്യക്ഷമമായ ഇ-വിസ സൗകര്യങ്ങൾ അവതരിപ്പിക്കുന്നതിനൊപ്പം ചില ടൂറിസ്റ്റ് ഗ്രൂപ്പുകൾക്കുള്ള വിസ ഇളവുകൾ നടപ്പിലാക്കും

77. ജൂലൈയിലെ ബജറ്റിൽ പ്രസ്താവിച്ചതിന് സമാനമായി ആത്മീയവും മതപരവുമായ സ്ഥലങ്ങങ്ങൾക്ക് ഊന്നൽ നൽകുന്നത് തുടരുന്നതോടൊപ്പം, ശ്രീബുദ്ധൻ്റെ ജീവിതവും കാലവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യും.

**ഇന്ത്യയിലെ മെഡിക്കൽ ടൂറിസവും സുഖ ചികിത്സയും**

78. ശേഷി വർദ്ധനയ്ക്കും ലളിതമായ വിസ മാനദണ്ഡങ്ങൾക്കും ഒപ്പം ഇന്ത്യയിലെ മെഡിക്കൽ ടൂറിസവും സുഖ ചികിത്സയും സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ പ്രോത്സാഹിപ്പിക്കും

**നവീന ആശയങ്ങളിലെ ഗവേഷണവും അവയുടെ വികസനവും**

79. ജൂലൈ ബജറ്റിൽ പ്രഖ്യാപിച്ച സ്വകാര്യ മേഖലയെ അടിസ്ഥാനമാക്കിയുള്ള നവീന ആശയങ്ങളുടെ ഗവേഷണം, വികസനം എന്നിവ നടപ്പിലാക്കാൻ ഞാൻ ഇപ്പോൾ 20,000 കോടി രൂപ വകയിരുത്തുന്നു.

**ഫണ്ടുകളുടെ ഡീപ് ടെക് ഫണ്ട്**

80. ഈ സംരംഭത്തിൻ്റെ ഭാഗമായി പുതു തലമുറ സ്റ്റാർട്ടപ്പുകളുടെ ഉത്തേജനത്തിന് ഫണ്ടുകളുടെ ഒരു ഡീപ് ടെക് ഫണ്ടിൻമേലുള്ള പര്യവേക്ഷണവും നടപ്പിലാക്കും

**PM റിസർച്ച് ഫെലോഷിപ്പ്**

81. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ, പ്രധാനമന്ത്രി റിസർച്ച് ഫെലോഷിപ്പ് സ്കീമിന് കീഴിൽ, മെച്ചപ്പെട്ട സാമ്പത്തിക പിന്തുണയോടെ ഐഐടികളിലും IISc കളിലും സാങ്കേതിക ഗവേഷണത്തിന് പതിനായിരം ഫെലോഷിപ്പുകൾ നൽകും.

**വിളകളുടെ ജേംപ്ലാസ്മിനുള്ള ജീൻ ബാങ്ക്**

82. ഭാവിയിലെ ഭക്ഷണത്തിനും പോഷക സുരക്ഷയ്ക്കുമായി 10 ലക്ഷം ജേംപ്ലാസം ലൈനുകളുള്ള രണ്ടാമത്തെ ജീൻ ബാങ്ക് സ്ഥാപിക്കും. ഇത് പൊതു-സ്വകാര്യ മേഖലകളിൽ ജനിതക വിഭവങ്ങൾക്കായി സംരക്ഷണ പിന്തുണ നൽകും.

**ദേശീയ ജിയോസ്പേഷ്യൽ ദൗത്യം**

83. ജിയോസ്പേഷ്യൽ രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും ഡാറ്റകൾക്കുമായി ഒരു ദേശീയ ജിയോസ്പേഷ്യൽ ദൗത്യം ആരംഭിക്കും. പിഎം ഗതി ശക്തി ഉപയോഗിച്ച്, ഈ ദൗത്യം ഭൂരേഖകളുടെ നവീകരണം, നഗര ആസൂത്രണം, രൂപകൽപന എന്നിവ സുഗമമാക്കും

**ജ്ഞാന ഭാരതം ദൗത്യം**

84. ഒരു കോടിയിലധികം കൈയെഴുത്തുപ്രതികളെ ഉൾകൊള്ളാൻ , അക്കാദമിക് സ്ഥാപനങ്ങൾ, മ്യൂസിയങ്ങൾ, ലൈബ്രറികൾ, സ്വകാര്യ സമ്പാദകർ എന്നിവയോടൊപ്പമുള്ള നമ്മുടെ കൈയെഴുത്തുപ്രതി പൈതൃകത്തിന്റെ സംരക്ഷണത്തിനും അവയുടെ സർവ്വേ, ഡോക്യുമെൻ്റേഷൻ, എന്നിവയ്ക്കുമായി ഒരു ജ്ഞാന ഭാരതം ദൗത്യം ഏറ്റെടുക്കും. അറിവ് പങ്കിടൽ ലക്ഷ്യം മുന്നിൽവച്ച് ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങളുടെ ഒരു ദേശീയ ഡിജിറ്റൽ ശേഖരം സ്ഥാപിക്കും.

85. ഇപ്പോൾ, ഞാൻ 4-ാമത്തെ നായക ശക്തിയായ കയറ്റുമതിയിലേക്ക് നീങ്ങുന്നു.

**നാലാമത്തെ നായക ശക്തിയായി കയറ്റുമതി**

**കയറ്റുമതി പ്രോത്സാഹന ദൗത്യം.**

86. വാണിജ്യം, എംഎസ്എംഇ, ധനകാര്യം എന്നീ മന്ത്രാലയങ്ങൾ സംയുക്തമായി നയിക്കുന്ന മന്ത്രിതല ലക്ഷ്യങ്ങൾ വച്ചുള്ള ഒരു കയറ്റുമതി പ്രോത്സാഹന ദൗത്യം സ്ഥാപിക്കും. കയറ്റുമതി ക്രെഡിറ്റ്, ക്രോസ്-ബോർഡർ ഫാക്ടറിംഗ് എന്നിവയിലേക്ക് വേഗത്തിലുള്ള പ്രവേശം ഇത് സുഗമമാക്കും.വിദേശ വിപണികളിലെ നികുതി ഇതര നടപടികൾ നേരിടാൻ എംഎസ്എംഇകൾക്ക് ഇത് പിന്തുണ നൽകും

**‘ഭാരത് ട്രേഡ് നെറ്റ്’ അഥവാ ഭാരത് വ്യാപാര ശൃംഖല**

87. ഒരു ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ച്ചറും അന്താരാഷ്ട്ര വ്യാപാരത്തിന് സഹായകവുമായ ‘ഭാരത് ട്രേഡ് നെറ്റ്’ (ബിടിഎൻ) വ്യാപാര ഡോക്യുമെൻ്റേഷനു വേണ്ടിയുള്ള ഒരു ഏകീകൃത പ്ലാറ്റ്ഫോമായി വ്യാപാരം സജ്ജീകരിക്കും. ഇത് ഏകീകൃത ലോജിസ്റ്റിക്സ് ഇൻ്റർഫേസിനെ പൂരകമാക്കും. അന്താരാഷ്ട്ര സമ്പ്രദായങ്ങളുമായി ബിടിഎൻ നെ യോജിപ്പിക്കും.

**ആഗോള വിതരണ ശൃംഖലകളുമായുള്ള സംയോജനത്തിനുള്ള പിന്തുണ**

88. ആഗോള വിതരണ ശൃംഖലകളുമായുള്ള നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ സംയോജനത്തിനായി ആഭ്യന്തര ഉൽപ്പാദനം വികസിപ്പിക്കുന്നതിന് ആവശ്യമായ പിന്തുണ നൽകും. മേഖലകളെ വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി തിരിച്ചറിയും.

89. തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങളേയും വിതരണ ശൃംഖലകളേയും തിരഞ്ഞെടുക്കാൻ മുതിർന്ന ഉദ്യോഗസ്ഥരുടെയും വ്യവസായ പ്രതിനിധികളുടെയും പങ്കാളിത്തമുള്ള സഹായ സംഘങ്ങൾ രൂപീകരിക്കും.

90. ഇതിലൂടെ ഉയർന്ന കഴിവുകളും പ്രാഗത്ഭ്യവും ആവശ്യമായ വ്യവസായം 4.0 യുമായി ബന്ധപ്പെട്ട് വലിയ അവസരങ്ങളുണ്ട്. നമ്മുടെ യുവാക്കൾക്ക് ഇവ രണ്ടും ഉണ്ട്. നമ്മുടെ സർക്കാർ യുവാക്കൾക്കുള്ള ഈ അവസരങ്ങൾ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് ആഭ്യന്തര ഇലക്ട്രോണിക് ഉപകരണ വ്യവസായത്തെ പിന്തുണയ്ക്കും.

**ജിസിസി (Global Capability Centres)ക്കുള്ള ദേശീയ ചട്ടക്കൂട്**

91. വളർന്നുവരുന്ന ടയർ 2 നഗരങ്ങളിലെ ആഗോള ശേഷി കേന്ദ്രങ്ങളുടെ പ്രോത്സാഹനത്തിന് സംസ്ഥാനങ്ങൾക്ക് മാർഗനിർദ്ദേശം നൽകാൻ ഒരു ദേശീയ ചട്ടക്കൂട് രൂപീകരിക്കും. കഴിവുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ, ബിൽഡിംഗ് ബൈലോ, പരിഷ്കാരങ്ങൾ,വ്യവസായങ്ങളുമായി സഹകരണത്തിനുള്ള സംവിധാനങ്ങൾ എന്നിവ ഇത് നിർദ്ദേശിക്കും.

**എയർ കാർഗോയ്ക്കുള്ള സംഭരണശാല സൗകര്യം**

92. അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനും ഉയർന്ന മൂല്യമുള്ളതും പെട്ടെന്ന് നശിച്ച് പോകുന്നതുമായ സസ്യജാലങ്ങൾ ഉൾപ്പെടെയുള്ള എയർ കാർഗോകളുടെ സംഭരണശാലയ്ക്കും ഗവൺമെൻ്റ് സൗകര്യമൊരുക്കും. കാർഗോ പരിശോധനയും കസ്റ്റംസ് പ്രോട്ടോക്കോളുകളുടെ നടത്തിപ്പും കാര്യക്ഷമമാക്കി ഉപയോക്തൃ സൗഹൃദമാക്കും.

ഇന്ധനവുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങൾ

93. ഇപ്പോൾ ഞാൻ 'ഇന്ധനവുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾ' എന്നതിലേക്ക് കടക്കുന്നു; അതിലെ നിർദ്ദിഷ്ട പരിഷ്കാരങ്ങൾ വിശദമാക്കുന്നു.

**നികുതി പരിഷ്കാരങ്ങൾ**

94. കഴിഞ്ഞ 10 വർഷത്തിനിടെ നമ്മുടെ ഗവൺമെൻ്റ് നികുതിദായകരുടെ സൗകര്യാർത്ഥം പലതും നടപ്പിലാക്കിയിട്ടുണ്ട് (1) മുഖം നോക്കാതെയുള്ള വിലയിരുത്തൽ, (2) നികുതിദായകർക്കുള്ള നിയമാവലി (3) ആദായ നികുതി റിട്ടേണുകൾ അതിവേഗം തിരികെ നൽകൽ (4) ഏതാണ്ട് 99 ശതമാനം ആദായ നികുതി റിട്ടേണുകളും സ്വയം വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കൂടാതെ (5) 'വിവാദ് സേ വിശ്വാസ് പദ്ധതി'അതായത് "ആദ്യം വിശ്വസിക്കുക, പിന്നീട് സൂക്ഷ്മമായി പരിശോധിക്കുക" എന്ന നയത്തിലൂടെ നികുതി വകുപ്പിൻ്റെ പ്രതിബദ്ധത ഞാൻ വീണ്ടും ഉറപ്പിക്കുന്നു. മാത്രമല്ല പുതിയ ആദായനികുതി ബിൽ അടുത്തയാഴ്ച അവതരിപ്പിക്കാനും ഞാൻ നിർദ്ദേശിക്കുന്നു. പാർട് ബിയിൽ പരോക്ഷ നികുതി പരിഷ്കാരങ്ങളും പ്രത്യക്ഷ നികുതികളിലെ മാറ്റങ്ങളും വിശദമാക്കും .

**സാമ്പത്തിക മേഖലയിലെ പരിഷ്കാരങ്ങളും വികസനവും**

**ഇൻഷുറൻസ് മേഖലയിൽ എഫ്.ഡി.ഐ**

95. ഇൻഷുറൻസ് മേഖലയിലെ എഫ്ഡിഐ പരിധി 74ൽ നിന്ന് 100 ശതമാനമായി ഉയർത്തും.
ഈ വർദ്ധിപ്പിച്ച പരിധി മുഴുവൻ പ്രീമിയവും ഇന്ത്യയിൽ നിക്ഷേപം നടത്തുന്ന കമ്പനികൾക്ക് ലഭ്യമാകും.

വിദേശ നിക്ഷേപവുമായി ബന്ധപ്പെട്ട നിലവിലെ ഗാർഡ്റെയിലുകളും വ്യവസ്ഥകളും അവലോകനം ചെയ്യുകയും ലളിതമാക്കുകയും ചെയ്യും.

**ഇന്ത്യ പോസ്റ്റ് പേയ്മെൻ്റ് ബാങ്കിൻ്റെ സേവനങ്ങൾ വിപുലീകരിക്കുന്നു**

96. ഇന്ത്യ പോസ്റ്റ് പേയ്മെൻ്റ് ബാങ്കിൻ്റെ സേവനങ്ങൾ കൂടുതൽ ശക്തമാക്കുകയും ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ വ്യാപിപ്പിക്കുകയും ചെയ്യും.

**NaBFID മുഖേനയുള്ള ക്രെഡിറ്റ് എൻഹാൻസ്മെൻ്റ് സൗകര്യം**

97. അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രവർത്തിക്കുന്ന കോർപ്പറേറ്റുകൾക്കായി NaBFID ഒരു 'ഭാഗിക ക്രെഡിറ്റ് എൻഹാൻസ്മെൻ്റ് ഫെസിലിറ്റി' സജ്ജീകരിക്കും.

**ഗ്രാമീൺ ക്രെഡിറ്റ് സ്കോർ**

98. സ്വയം സഹായ സംഘാംഗങ്ങൾക്കും, ഗ്രാമ പ്രദേശങ്ങളിലെ മറ്റു ജനങ്ങൾക്കും, അവരുടെ വായ്പ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പൊതുമേഖല ബാങ്കുകൾ "ഗ്രാമീൺ ക്രെഡിറ്റ് സ്കോർ" എന്ന സംവിധാനം വികസിപ്പിക്കും.

**പെൻഷൻ മേഖല**

പെൻഷൻ സംവിധാനം നിയന്ത്രിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആയി ഒരു പ്രത്യേക സമിതിക്ക് രൂപം നൽകും.

**കെ വൈ സി യുടെ ലളിതവത്കരണം.**

100. കെ വൈ സി ലളിതമാക്കുന്നതിന് മുൻപ് നടത്തിയ പ്രഖ്യാപനം നടപ്പിലാക്കാൻ, നവീകരിച്ച സെൻട്രൽ കെവൈസി രജിസ്ട്രി ഈ വർഷം പുറത്തിറക്കും. കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യുന്നതിന് ഒരു കൃത്യമായ സംവിധാനവും രൂപവൽക്കരിക്കും.

**കമ്പനികളുടെ ലയനം.**

കമ്പനികളുടെ വേഗത്തിലുള്ള ലയനത്തിനും അംഗീകാരത്തിനും ഉള്ള സംവിധാനം കാര്യക്ഷമമാക്കും. ഫാസ്റ്റ് ട്രാക്ക് ലയന സംവിധാനം

വിപുലീകരിക്കുകയും അങ്ങനെ ലയന പ്രക്രിയ ലളിതമാവുകയും ചെയ്യും.

**ഉദയകക്ഷി നിക്ഷേപ ഉടമ്പടികൾ.**

102. കഴിഞ്ഞ വർഷത്തെ ഇടക്കാല ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി രണ്ട് രാജ്യങ്ങളുമായുള്ള ഉഭയകക്ഷി നിക്ഷേപ ഉടമ്പടിയിൽ (BIT)ഇന്ത്യ 2024 ലിൽ ഒപ്പുവെച്ചു. സുസ്ഥിര വിദേശ നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനും, "ആദ്യം ഇന്ത്യയുടെ വികസനം" എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനും നിലവിലെ ബി ഐ ടി മോഡൽ നവീകരിക്കുകയും കൂടുതൽ നിക്ഷേപ സൗഹൃദമാക്കുകയും ചെയ്യും..

**നിയന്ത്രണങ്ങളും നവീകരണവും.**

103. 'ഈസ് ഓഫ് ഡൂയിങ് ബിസിനസ് 'അഥവാ വ്യവസായങ്ങൾ സുഗമമായി നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന്, ഈ ഗവൺമെന്റ് കഴിഞ്ഞ 10 വർഷമായി സാമ്പത്തികവും സാമ്പത്തികേതരവും ആയ നിരവധി നടപടികൾ പ്രതിബദ്ധതയോട് കൂടി എടുത്തിട്ടുണ്ട്. ആഗോള സംഭവ വികാസങ്ങളും, സാങ്കേതികതയുടെ വളർച്ചയും അടിസ്ഥാനമാക്കിയുള്ള നിയന്ത്രണങ്ങൾ ആണ് ഞങ്ങൾ നടപ്പിലാക്കിയത്. ചില തത്വങ്ങൾക്കും വിശ്വാസങ്ങൾക്കും അധിഷ്ഠിതമായ ലളിതമായ നിയന്ത്രണ ചട്ടക്കൂട്ടിലൂടെ ഉൽപാദനക്ഷമതയും തൊഴിൽ സാഹചര്യങ്ങളും മികച്ചതാക്കും. ഈ ചട്ടക്കൂട്ടിൽ പഴയ നിയമങ്ങൾ പ്രകാരം ഉണ്ടാക്കിയ നിയന്ത്രണങ്ങൾ ഞങ്ങൾ സമകാലികമാക്കും. ഇത്തരത്തിൽ ലളിതവും വഴക്കമുള്ളതും ജനസൗഹൃദവും വിശ്വാസവുമായ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന് അനുയോജ്യമായ നിയന്ത്രണ സംവിധാനം വികസിപ്പിക്കാൻ നിർദിഷ്ട നടപടികൾ നിർദ്ദേശിക്കുന്നു.

**റെഗുലേറ്ററി പരിഷ്കാരങ്ങൾക്കായുള്ള ഉന്നത തല സമിതി.**

സാമ്പത്തികേതര മേഖലയുടെ ക്രമപ്പെടുത്തലുകൾ, സർട്ടിഫിക്കേഷനുകൾ ലൈസൻസുകൾ, അനുമതികൾ എന്നിവ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിയമപരിഷ്കാരങ്ങൾ പ്രാവർത്തികമാക്കുവാനായി ഒരു ഉന്നത അധികാര സമിതി രൂപീകരിക്കും. ഒരു വർഷത്തിനകം സമിതി ശുപാർശകൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിശ്വാസധിഷ്ഠിത സാമ്പത്തിക ഭരണം ശക്തിപ്പെടുത്തുകയും, 'വ്യാപാരം നടത്താനുള്ള സാഹചര്യം കൂടുതൽ ലളിതവും സുതാര്യവുമാക്കുകയും ആണ് ഇതിന്റെ

ലക്ഷ്യം. ഈ ഉദ്യമത്തിൽ പങ്കാളികളാകാൻ സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കും.

**സംസ്ഥാനങ്ങളുടെ നിക്ഷേപ സൗഹൃദ സൂചിക.**

സംസ്ഥാനങ്ങളുടെ നിക്ഷേപ സൗഹൃദ സൂചിക ഈ വർഷം പുറത്തിറക്കും. സഹകരണ ഫെഡറലിസം എന്ന തത്വം ശക്തമാക്കാൻ ഈ നടപടി കൂടുതൽ സഹായിക്കും.

**FSDC സംവിധാനം.**

106. സാമ്പത്തിക സ്ഥിരത വികസന കൗൺസിൽ അഥവാ Financial Stability and Development Council (FSDC) ന്റെ മേൽനോട്ടത്തിൽ നിലവിലെ സാമ്പത്തിക നിയന്ത്രണങ്ങളുടെയും അനുബന്ധ നിർദ്ദേശങ്ങളുടെയും സ്വാധീനം വിലയിരുത്തുന്നതിന് ഒരു സംവിധാനം രൂപീകരിക്കും. സാമ്പത്തിക മേഖലയുടെ വികസനത്തിനും ഈ സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനുമായി ഒരു ചട്ടക്കൂട് രൂപീകരിക്കും.

**ജൻ വിശ്വാസ് നിയമം 2.0**

107. 2023ലെ ജൻ വിശ്വാസ നിയമത്തിൽ, 180ലധികം വ്യവസ്ഥകൾ കുറ്റ വിമുക്തമാക്കിയിരുന്നു. അതുപോലെ 100 ൽ അധികം ഇത്തരം വ്യവസ്ഥകൾ കുറ്റവിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ പുതിയ ഗവൺമെന്റ് ജൻ വിശ്വാസ് ബിൽ 2.0 നടപ്പിലാക്കും.

**ധനനയം**

108. ഇനി ഞാൻ ധനനയ വിഷയങ്ങളിലേക്ക് കടക്കുന്നു.

**സാമ്പത്തിക ഏകീകരണം.**

109. കഴിഞ്ഞ ജൂലൈയിൽ ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിൽ സാമ്പത്തിക ഏകീകരണം തുടരാൻ പ്രതിജ്ഞാബദ്ധയായിരുന്നു.... ഓരോ വർഷവും കേന്ദ്ര ഗവൺമെന്റിന്റെ ബാധ്യതകൾ കുറയുന്ന തരത്തിൽ, ജി ഡി പി ശതമാനം പോലെ, ധനക്കമ്മി ഇതുപോലെതന്നെ നിലനിർത്താനാണ് ഞങ്ങളുടെ ശ്രമം. അടുത്ത ആറു വർഷത്തേക്കുള്ള ഞങ്ങളുടെ പ്രവർത്തന ലക്ഷ്യം FRBM പ്രസ്താവനയിൽ വിശദമായി പറഞ്ഞിട്ടുണ്ട്.

**2024 25 വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ്.**

110. കടമെടുക്കൽ ഒഴികെയുള്ള മൊത്തം വരുമാനത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 31.47 ലക്ഷം കോടി രൂപയാണ് കോടി രൂപയാണ്. ഇതിൽ നികുതി വരുമാനം 25.57 ലക്ഷം കോടി രൂപയാണ്. ആകെ ചിലവിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 47.16 ലക്ഷം കോടി രൂപയാണ്. അതിൽ മൂലധന ചിലവ് ഏകദേശം 10.18 ലക്ഷം കോടി രൂപയാണ്.

**111. ധനകമ്മിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ജിഡിപിയുടെ 4.8% ആണ്**

**2025-26 ലെ ബജറ്റ് എസ്റ്റിമേറ്റ് .**

112. 2025 26 ആകുമ്പോൾ കടമെടുക്കലുകൾ ഒഴികെയുള്ള മൊത്തം വരുമാനവും, ആകെ ചിലവും, യഥാക്രമം 34.96 ലക്ഷം കോടി രൂപയും 50. 65 ലക്ഷം കോടി രൂപയുമാണ്. നികുതി വരുമാനം 28.37 ലക്ഷം കോടി രൂപയാണ്.

113. ധനക്കമ്മി ജി ഡി പി യുടെ 4.4% ആയി കണക്കാക്കപ്പെടുന്നു.

114. ധനക്കമ്മി നികത്താൻ വായ്പകൾ ആയി എടുത്തത് 11.54 ലക്ഷം കോടി രൂപയാണ്. ബാക്കി തുക ചെറുകിട സമ്പാദ്യങ്ങളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മൊത്ത വിപണി വായ്പ 14.82 ലക്ഷം കോടി രൂപയായാണ് കണക്കാക്കുന്നത്.

**ഞാൻ ഇനി പാർട്ട് ബി വിശദീകരിക്കാം.**

117. ഞാൻ ഇനി നിശ്ചിതമായ മേഖലകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ വിവരിക്കാം.

**മരുന്നുകളുടെ ഇറക്കുമതിയിൽ ഇളവ്.**

118. ക്യാൻസർ, മറ്റ് അപൂർവ്വ രോഗങ്ങൾ, ഗൗരവമായ ദൈർഘ്യമുള്ള രോഗങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള 36 ജീവൻ രക്ഷാ മരുന്നുകളെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടിയിൽനിന്നും (BCD) പൂർണ്ണമായും ഒഴിവാക്കപ്പെട്ട മരുന്നുകളുടെ പട്ടികയിൽ ചേർക്കാൻ നിർദ്ദേശിക്കുന്നു. 6 ജീവൻ രക്ഷാ മരുന്നുകളെ അഞ്ച് ശതമാനം കസ്റ്റംസ് ഡ്യൂട്ടി ഇളവുള്ള പട്ടികയിൽ ചേർക്കാൻ നിർദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞ ജീവൻ രക്ഷാ

മരുന്നുകളുടെ ഉൽപ്പാദനത്തിന് വേണ്ടിവരുന്ന മറ്റു മരുന്നുകൾക്കും യഥാക്രമം പൂർണ ഇളവുകൾ ബാധകമാകും.

രോഗികൾക്ക് മരുന്നുകൾ സൗജന്യമായി നൽകുന്നു. 13 പുതിയ രോഗി സഹായ പരിപാടികൾക്കൊപ്പം 37 മരുന്നുകൾ കൂട്ടിച്ചേർക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

**ആഭ്യന്തര ഉൽപ്പാദനത്തിനും മൂല്യവർദ്ധനവിനുമുള്ള പിന്തുണ**

**ക്രിട്ടിക്കൽ മിനറൽസ് (നിർണ്ണായക ധാതുക്കൾ)**

120. ആഭ്യന്തരമായി ലഭ്യമല്ലാത്ത 25 നിർണ്ണായക ധാതുക്കളുടെ ബി.സി.ഡി. 2024 ജൂലൈയിലെ ബജറ്റിൽ ഞാൻ പൂർണ്ണമായും ഒഴിവാക്കിയിരുന്നു. പ്രത്യേകമായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ) നടത്തുന്ന സംസ്കരണത്തിന് വലിയ പ്രോത്സാഹനം നൽകുന്നതിനായി അത്തരത്തിലുള്ള രണ്ടു ധാതുക്കളുടെ ബി.സി.ഡി. ഞാൻ കുറയ്ക്കുകയും ചെയ്തിരുന്നു. കോബാൾട്ട് പൊടിയും പാഴ്‌വസ്തുക്കളും (കൊബാൾട്ട് പൗഡർ ആന്റ് വേസ്റ്റ്), ലിഥിയം-അയോൺ ബാറ്ററിയുടെ സ്ക്രാപ്പ്, ലെഡ്, സിങ്ക്, മറ്റ് 12 നിർണ്ണായക ധാതുക്കൾ എന്നിവയെ പൂർണ്ണമായും ഒഴിവാക്കുന്നതിനും ഇപ്പോൾ ഞാൻ നിർദ്ദേശിക്കുന്നു. ഇത് ഇന്ത്യയിൽ വൻതോതിലെ ഉൽപ്പാദനത്തിന് അവയുടെ ലഭ്യത ഉറപ്പാക്കുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനും സഹായിക്കും.

**ടെക്സ്റ്റൈൽസ്**

121. അഗ്രോ-ടെക്സ്റ്റൈൽസ്, മെഡിക്കൽ ടെക്സ്റ്റൈൽസ്, ജിയോ ടെക്സ്റ്റൈൽസ് തുടങ്ങിയ സാങ്കേതിക ടെക്സ്റ്റൈൽ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം മത്സരാധിഷ്ഠിത വിലയിൽ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ട് തരം ഷട്ടിൽ-ലെസ് നൂലുകളെക്കൂടി (ലൂമുകൾ) പൂർണ്ണമായും ഒഴിവാക്കപ്പെട്ട ടെക്സ്റ്റൈൽ യന്ത്രങ്ങളുടെ പട്ടികയിൽ ചേർക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. കിലോയ്ക്ക് 10% മുതൽ 20% വരെ 20% അല്ലെങ്കിൽ 115 രൂപ വരെ ഇതിൽ ഏതാണോ ഉയർന്നത് അതിന്റെ അടിസ്ഥാനത്തിലുള്ള ഒൻപത് താരിഫ് ലൈനുകളോടെ നെയ്ത തുണിത്തരങ്ങളുടെ ബി.സി.ഡി. നിരക്ക് പരിഷ്കരിക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

**ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ**

122. നമ്മുടെ 'മെയ്ക്ക് ഇൻ ഇന്ത്യ' നയത്തിന് അനുസൃതമായി, വിപരീത തീരുവ ഘടനയിൽ ഭേദഗതിവരുത്തുന്നതിനായി ഇന്ററാക്ടീവ് ഫ്ളാറ്റ് പാനൽ ഡിസ്പ്ലേയുടെ (ഐ.എഫ്.പി.ഡി)ബി.സി.ഡി. 10% ൽ നിന്ന് 20% ആയി വർദ്ധിപ്പിക്കുന്നതായും ഓപ്പൺ സെല്ലിന്റെയും മറ്റ് ഘടകങ്ങളുടെയും ബി.സി.ഡി. 5% ആയി കുറയ്ക്കുന്നതായും ഞാൻ പ്രസ്താവിക്കുന്നു.

123. എൽ.സി.ഡി. / എൽ.ഇ.ഡി. ടിവികളിലെ ഓപ്പൺ സെല്ലുകളുടെ നിർമ്മാണത്തിനായി, 2023 -24ലെ ബജറ്റിൽ, ഓപ്പൺ സെൽ ഘടകങ്ങളുടെ ബി.സി.ഡി. ഞാൻ 5% ൽ നിന്ന് 2.5% ആയി കുറച്ചിരുന്നു. അത്തരം ഓപ്പൺ സെല്ലുകളുടെ നിർമ്മാണം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ ഘടകങ്ങളുടെ ബി.സി.ഡി ഇപ്പോൾ ഒഴിവാക്കുന്നു.

**ലിഥിയം അയോൺ ബാറ്ററി**

124. ഒഴിവാക്കപ്പെട്ട മൂലധന വസ്തുക്കളുടെ പട്ടികയിൽ, ഇ.വി ബാറ്ററി നിർമ്മാണത്തിനുള്ള 35 അധിക മൂലധന വസ്തുക്കളേയും, മൊബൈൽ ഫോൺ ബാറ്ററി നിർമ്മാണത്തിനായുള്ള 28 അധിക മൂലധന വസ്തുക്കളേയും കൂട്ടിചേർക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. ഇത് മൊബൈൽ ഫോണുകൾക്കും വൈദ്യുത വാഹനങ്ങൾക്കും വേണ്ടിയുള്ള ലിഥിയം-അയോൺ ബാറ്ററിയുടെ ആഭ്യന്തര നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കും.

**ഷിപ്പിംഗ് മേഖല**

125. കപ്പൽ നിർമ്മാണത്തിന് ദീർഘകാലം വേണ്ടിവരുമെന്നത് കണക്കിലെടുത്ത്, അസംസ്കൃത വസ്തുക്കൾ, ഘടകങ്ങൾ, കൺസ്യൂമബിൾസ് (അതിവേഗം ഉപയോഗിക്കേണ്ടി വരുന്ന സാമഗ്രികൾ) അല്ലെങ്കിൽ കപ്പലുകളുടെ നിർമ്മാണത്തിനുള്ള ഭാഗങ്ങൾ എന്നിവയ് പത്ത് വർഷത്തേക്ക് കൂടി ബി.സി.ഡി ഇളവ് തുടരുമെന്ന് ഞാൻ പ്രസ്താവിക്കുന്നു. കൂടുതൽ മത്സരക്ഷമതയുള്ളതാക്കുന്നതിന് കപ്പൽ പൊളിക്കുന്നതിനും (പുനരുപയോഗിക്കുന്നതിനും) ഇതേ ഇളവ് ഞാൻ നിർദ്ദേശിക്കുന്നു.

**ടെലികമ്മ്യൂണിക്കേഷൻ**

126. വർഗ്ഗീകരണ തർക്കങ്ങൾ തടയുന്നതിനായി കാരിയർ ഗ്രേഡ് ഈതർനെറ്റ് സ്വിച്ചുകളുടെ ബി.സി.ഡി 20% ൽ നിന്ന് 10% ആയി കുറയ്ക്കാനും ഞാൻ നിർദ്ദേശിക്കുന്നു, ഇതിലൂടെ അത് കാരിയർ ഗ്രേഡ് ഇതർനെറ്റ് സ്വിച്ചുകൾക്ക് സമാനമാകും.

**125. കയറ്റുമതി പ്രോത്സാഹനം**

**കരകൗശല വസ്തുക്കൾ**

127. കരകൗശല വസ്തുക്കളുടെ കയറ്റുമതി സുഗമമാക്കുന്നതിന്, കയറ്റുമതി സമയപരിധി ആറ് മാസത്തിൽ നിന്ന് ഒരു വർഷത്തേക്ക് നീട്ടാൻ ഞാൻ നിർദ്ദേശിക്കുന്നു, ആവശ്യമെങ്കിൽ ഇത് മറ്റൊരു മൂന്ന് മാസത്തേയ്ക്കുകൂടി നീട്ടാവുന്നതാണ്. ഡ്യൂട്ടി ഫ്രീ ഇൻപുട്ടുകളുടെ (ഉൽപ്പന്നങ്ങളുടെ) പട്ടികയിൽ ഒമ്പത് ഇനങ്ങളെ കൂടി ചേർക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

**തുകൽ മേഖല**

128. ആഭ്യന്തര മൂല്യവർദ്ധനവിനും തൊഴിലവസരത്തിനുമായി ഇറക്കുമതി സുഗമമാക്കുന്നതിന് വെറ്റ് ബ്ലൂ ലെതറിന്റെ ബി.സി.ഡി പൂർണ്ണമായും ഒഴിവാക്കുമെന്ന് ഞാൻ പ്രസ്താവിക്കുന്നു. ചെറുകിട തുകൽപണിക്കാരുടെ കയറ്റുമതി സുഗമമാക്കുന്നതിന് 20% കയറ്റുമതി തീരുവയിൽ നിന്ന് ക്രസ്റ്റ് ലെതറിനെ ഒഴിവാക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

**സമുദ്ര ഉൽപ്പന്നങ്ങൾ**

129. ആഗോള സമുദ്രോൽപ്പന്ന വിപണിയിൽ ഇന്ത്യയുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിന്, അനലോഗ് (സമാനസ്വഭാവമുള്ള)ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും കയറ്റുമതിക്കും വേണ്ടിയുള്ള ഫ്രോസൺ ഫിഷ് പേസ്റ്റിന്റെ (സുരിമി) ബി.സി.ഡി 30% ൽ നിന്ന് 5% ആയി കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. മത്സ്യത്തിന്റെയും ചെമ്മീൻ തീറ്റയുടെയും നിർമ്മാണത്തിനുള്ള ഫിഷ് ഹൈഡ്രോലൈസേറ്റിന്റെ ബി.സി.ഡി 15% ൽ നിന്ന് 5% ആയി കുറയ്ക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

**റെയിൽവേ സാധനങ്ങൾക്കായുള്ള ആഭ്യന്തര എം.ആർ.ഒകൾ**

130. വിമാനങ്ങൾക്കും കപ്പലുകൾക്കും വേണ്ടിയുള്ള ആഭ്യന്തര എം.ആർ.ഒകളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി 2024

ജൂലൈയിലെ ബജറ്റിൽ, അറ്റകുറ്റപ്പണികൾക്കായി ഇറക്കുമതി ചെയ്യുന്ന വിദേശ ഉൽപ്പന്നങ്ങളുടെ കയറ്റുമതി സമയപരിധി വേണമെങ്കിൽ വീണ്ടും ഒരുവർഷം കൂടി നീട്ടാമെന്ന തരത്തിൽ 6 മാസത്തിൽ നിന്ന് ഒരു വർഷത്തേക്ക് നീട്ടിയിരുന്നു, ഇതേ ഇളവ് റെയിൽവേ സാമഗ്രികൾക്കും നൽകാൻ ഞാൻ ഇപ്പോൾ നിർദ്ദേശിക്കുന്നു.

**വ്യാപാരം സുഗമമാക്കൽ**

**താത്കാലിക വിലയിരുത്തലിനുള്ള സമയപരിധി**

131. അനിശ്ചിതത്വത്തിനും വ്യാപാരച്ചെലവിനും കാരണമാകുന്ന താൽക്കാലിക വിലയിരുത്തലുകൾ അന്തിമമാക്കുന്നതിന് നിലവിൽ, 1962 ലെ കസ്റ്റംസ് ആക്റ്റ്, സമയപരിധിയൊന്നുമില്ല. വ്യാപാരം സുഗമമാക്കുന്നത് (ഈ ഓഫ് ഡൂയിംഗ് ബിസിനസ്) പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു നടപടിയായി, താൽക്കാലിക വിലയിരുത്തൽ അന്തിമമാക്കുന്നതിന് ഒരു വർഷത്തേയ്ക്കു കൂടി നീട്ടാവുന്ന രണ്ട് വർഷത്തെ സമയപരിധി നിശ്ചയിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

**സ്വമേധയാ പാലിക്കൽ**

132. ഇറക്കുമതിക്കാർക്കോ കയറ്റുമതിക്കാർക്കോ സാധനങ്ങൾ ക്ലിയറൻസ് ചെയ്തതിനുശേഷം, സ്വമേധയാ വസ്തുതകൾ പ്രഖ്യാപിക്കാനും പിഴയില്ലാതെ പലിശ സഹിതം തീരുവ അടയ്ക്കാനും പ്രാപ്തമാക്കുന്ന ഒരു പുതിയ വ്യവസ്ഥ ഞാൻ അവതരിപ്പിക്കുന്നു. ഇത് സ്വമേധയാ പാലിക്കലിനെ പ്രോത്സാഹിപ്പിക്കും. എന്നാൽ, ഇതിനകം വകുപ്പ് ഓഡിറ്റ് അല്ലെങ്കിൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുള്ള കേസുകൾക്ക് ഇത് ബാധകമാവില്ല.

**അന്തി ഉപയോഗത്തിനുള്ള (എൻഡ് യൂസ്) വിപുലീകൃത സമയം**

133. വ്യവസായത്തിന് അവരുടെ ഇറക്കുമതികൾ മികച്ച രീതിയിൽ ആസൂത്രണം ചെയ്യുന്നതിനായി, ഇറക്കുമതി ചെയ്ത ഇൻപുട്ടുകളുടെ അന്തിമ ഉപയോഗത്തിനുള്ള സമയപരിധി ആറ് മാസത്തിൽ നിന്ന് ഒരു വർഷത്തേക്ക് എന്ന നിലയിലുള്ള ദീർഘിപ്പിക്കൽ പ്രസക്തമായ ചട്ടങ്ങളിൽ ഞാൻ നിർദ്ദേശിക്കുന്നു. ചിലവും വിതരണത്തിന്റെ അനിശ്ചിതത്വവും കണക്കിലെടുത്തുള്ള പ്രവർത്തനപരമായ വഴക്കം ഇത് ലഭ്യമാക്കും.

കൂടാതെ, അത്തരം ഇറക്കുമതിക്കാർ ഇനി പ്രതിമാസ സ്റ്റേറ്റ്മെന്റിന് പകരം ത്രൈമാസ സ്റ്റേറ്റ്മെന്റുകൾ മാത്രമേ ഫയൽ ചെയ്യേണ്ടതുമുള്ളൂ.

**പ്രത്യക്ഷ നികുതികൾ**

ഇനി ഞാൻ എന്റെ പ്രത്യക്ഷ നികുതി നിർദ്ദേശങ്ങളിലേക്ക് കടക്കുകയാണ്.

134. പാർട്ട് എയിൽ വികസിത് ഭാരതത്തെക്കുറിച്ചുള്ള നമ്മുടെ ദർശനം സാക്ഷാത്കരിക്കുന്നതിനുള്ള പ്രധാന പരിഷ്കാരങ്ങളിലൊന്നായി ഞാൻ നികുതി പരിഷ്കാരങ്ങൾക്ക് ചുരുക്കി അടിവരയിട്ടിരുന്നു. ക്രിമിനൽ നിയമത്തിന്റെ കാര്യത്തിൽ, ഭാരതീയ ദണ്ഡ സംഹിതയ്ക്ക് പകരം ഭാരതീയ ന്യായ സംഹിത നമ്മുടെ ഗവൺമെന്റ് നേരത്തെ കൊണ്ടുവന്നിരുന്നു. പുതിയ ആദായനികുതി ബിൽ "ന്യായ" ത്തിന്റെ അതേ മനോഭാവം മുന്നോട്ട് കൊണ്ടുപോകുമെന്ന് ഈ മഹനീയ സഭയേയും രാജ്യത്തെയും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. നിലവിലുള്ള നിയമത്തിന്റെ അദ്ധ്യായങ്ങളുടെയും വാക്കുകളുടെയും അടിസ്ഥാനത്തിൽ പുതിയ ബില്ലിന്റെ പകുതിയോളം വ്യക്തവും പ്രത്യക്ഷവുമായിരിക്കും. ഇത് നികുതിദായകർക്കും നികുതി ഭരണനിർവ്വഹണത്തിനും മനസ്സിലാക്കാൻ എളുപ്പമായിരിക്കും, അത് നികുതി നിശ്ചിതത്വത്തിലേയ്ക്കും വ്യവഹാരങ്ങൾ കുറയ്ക്കുന്നതിലേക്കും നയിക്കുകയും ചെയ്യും.

135. എന്നിരുന്നാലും, പരിഷ്കാരങ്ങൾ ഒരു ലക്ഷ്യസ്ഥാനമല്ല. നമ്മുടെ ജനങ്ങൾക്കും സമ്പദ്വ്യവസ്ഥയ്ക്കും മികച്ച ഭരണം കൈവരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് അവ. പ്രാഥമികമായ പ്രതികരണശേഷിയുടെ ഉൾപ്പെടലാകും നല്ല ഭരണം നൽകുക. തിരുക്കുറളിന്റെ 542-ാം വാക്യത്തിൽ ഇത് രേഖപ്പെടുത്തിയട്ടുണ്ട്, അത് ഇങ്ങനെയാണ്:

വാനോക്കി വാഴും ഉലകെല്ലാം മന്നവൻ
കോൽനോക്കി വാഴും കുടി

അർത്ഥം:
ജീവജാലങ്ങൾ മഴ പ്രതീക്ഷിച്ച് ജീവിക്കുന്നതുപോലെ,
പൗരന്മാർ നല്ല ഭരണം പ്രതീക്ഷിച്ച് ജീവിക്കുന്നു.

നമുക്ക് ചുറ്റുമുള്ള സംഭവിവികാസങ്ങളിൽ ബോധവാന്മാരായും വിവരങ്ങളും പുതിയ സംഭവവികാസങ്ങളും സജീവമായി

അറിഞ്ഞുകൊണ്ടും നമ്മുടെ രാഷ്ട്രനിർമ്മാണ ശ്രമങ്ങളിൽ തുല്യതയോടെ പ്രതികരിക്കാൻ നമ്മുടെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ നമ്മുടെ ഗവൺമെന്റ് നമ്മുടെ പൗരന്മാർ ഉന്നയിക്കുന്ന ആവശ്യങ്ങൾ മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനും എങ്ങനെ നടപടികൾ സ്വീകരിച്ചുവെന്ന് ഇനിപ്പറയുന്ന നടപടികൾ വിശദീകരിക്കും. ഈ മനോഭാവത്താൽ നയിക്കപ്പെടുന്നതാണ് എന്റെ നികുതി നിർദ്ദേശങ്ങൾ:.

**136. എന്റെ നിർദ്ദേശങ്ങളുടെ ലക്ഷ്യങ്ങൾ ഇപ്രകാരമാണ്:**

(1) മദ്ധ്യവർഗത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വ്യക്തിഗത ആദായനികുതി പരിഷ്കാരങ്ങൾ

(2) ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ടി.ഡി.എസ്/ടി.സി.എസ് എന്നിവ യുക്തിസഹമാക്കൽ

(3) സ്വമേധയാ പാലിക്കൽ പ്രോത്സാഹിപ്പിക്കൽ

(4) അനുവർത്തന ഭാരം കുറയ്ക്കൽ

(5) വ്യാപാരം സുഗമമാക്കൽ (ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്)

(6) തൊഴിലും നിക്ഷേപവും

വ്യക്തിഗത ആദായനികുതിയെക്കുറിച്ചുള്ള എന്റെ നിർദ്ദേശത്തിലേക്ക് അവസാനം ഞാൻ വരാം.

**ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ടി.ഡി.എസ്/ടി.സി.എസ് യുക്തിസഹമാക്കൽ**

137. ടി.ഡി.എസ് തട്ടിക്കിഴിക്കുന്ന നിരക്കുകളുടെയും പരിധികളുടെയും എണ്ണം കുറച്ചുകൊണ്ട് ഉറവിടത്തിൽ നിന്നുള്ള നികുതി കിഴിവ് (ടി.ഡി.എസ്) യുക്തിസഹമാക്കുന്നതിന് ഞാൻ നിർദ്ദേശിക്കുന്നു. അതിനുപുറമെ, കൂടുതൽ വ്യക്തതയ്ക്കും ഐക്യരൂപത്തിനും വേണ്ടി നികുതി കിഴിവിനുള്ള പരിധി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. മുതിർന്ന പൗരന്മാർക്ക് പലിശയിൽ നിന്നുള്ള നികുതി കിഴിവിന്റെ പരിധി നിലവിലുള്ള 50,000രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു. അതുപോലെ, വാടകയിൽ നിന്നുള്ള ടി.ഡി.എസിന്റെ വാർഷിക പരിധി 2.40 ലക്ഷം രൂപ എന്നത് 6 ലക്ഷരൂപയായി വർദ്ധിപ്പിക്കുന്നു. ഇത് ടി.ഡി.എസ് ബാദ്ധ്യതയുള്ള ഇടപാടുകളുടെ എണ്ണം കുറയ്ക്കുകയും, അതിലൂടെ ചെറിയ പേയ്മെന്റുകൾ സ്വീകരിക്കുന്ന ചെറുകിട നികുതിദായകർക്ക് ഗുണകരമാകുകയും ചെയ്യും.

138. ആർ.ബി.ഐയുടെ ലിബറലൈസ്ഡ് റെമിറ്റൻസ് സ്കീം (എൽ.ആർ.എസ്) പ്രകാരം പണമടയ്ക്കുമ്പോൾ ഉറവിടത്തിൽ നിന്ന്

നികുതി (ട്രി.സി.എസ്) പിരിക്കുന്നതിനുള്ള പരിധി 7 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി ഉയർത്താൻ നിർദ്ദേശിക്കുന്നു. ഒരു നിർദ്ദിഷ്ട ധനകാര്യസ്ഥാപനത്തിൽ നിന്നും എടുത്ത വായ്പയിൽ നിന്ന് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി അടയ്ക്കുന്ന പണത്തിന്മേലുള്ള ടി.സി.എസ് ഒഴിവാക്കാനും ഞാൻ നിർദ്ദേശിക്കുന്നു,

139. ചരക്കുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട ഏത് ഇടപാടിനും TDS ഉം TCS ഉം ബാധകമാണ്. അത്തരം നിയമ പാലനത്തിലെ ബുദ്ധിമുട്ടുകൾ തടയുന്നതിന്, ടിസിഎസ് ഒഴിവാക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. ഉയർന്ന ടിഡിഎസ് കിഴിവിൻ്റെ വ്യവസ്ഥകൾ ഇപ്പോൾ പാൻ ഇതര കേസുകളിൽ മാത്രമേ ബാധകമാകൂ എന്നും ഞാൻ നിർദ്ദേശിക്കുന്നു.

140. 2024 ജൂലൈയിൽ, സ്റ്റേറ്റ്മെൻ്റ് ഫയൽ ചെയ്യുന്ന അവസാന തീയതി വരെയുള്ള ടിഡിഎസ് അടവ് കാലതാമസം കുറ്റകരമല്ലാതാക്കി. ടിസിഎസ് വ്യവസ്ഥകൾക്കും ഇതേ ഇളവ് നൽകാൻ ഞാൻ നിർദ്ദേശിക്കുന്നു.

141. പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് "സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്" എന്നിവയിൽ വിശ്വസിക്കുന്നു. ഇതിന് അനുസൃതമായി, തങ്ങളുടെ ശരിയായ വരുമാനം റിപ്പോർട്ട് ചെയ്യാതിരുന്ന നികുതിദായകർക്ക് സ്വമേധയാ അത് പാലിക്കുന്നതിന് 2022-ൽ ഞങ്ങൾ പുതുക്കിയ റിട്ടേൺ സൗകര്യം കൊണ്ടുവന്നു. നികുതിദായകരിലുള്ള ഞങ്ങളുടെ വിശ്വാസം ശരിയാണെന്ന് തെളിയിക്കപ്പെട്ടു. 90 ലക്ഷം നികുതിദായകർ അധിക നികുതി അടച്ച് സ്വമേധയാ തങ്ങളുടെ വരുമാനം പുതുക്കി. ഇത് വിശ്വാസത്തിൽ എടുത്തുകൊണ്ട്, ഏത് അസസ്മെൻ്റ് വർഷത്തേയും പുതുക്കിയ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി, നിലവിലുള്ള രണ്ട് വർഷത്തിൽ നിന്ന് നാല് വർഷമായി നീട്ടാൻ ഞാൻ നിർദ്ദേശിക്കുന്നു.

142. ചെറിയ ചാരിറ്റബിൾ ട്രസ്റ്റുകളുടെ/സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 5 വർഷത്തിൽ നിന്ന് 10 വർഷമായി വർദ്ധിപ്പിക്കുന്നു. ചാരിറ്റബിൾ സ്ഥാപനങ്ങൾ ഫയൽ ചെയ്യുന്ന അപൂർണ്ണമായ അപേക്ഷകൾ പോലെയുള്ള ചെറിയ പ്രശ്നങ്ങൾക്ക് ആനുപാതികമല്ലാത്ത പ്രത്യാഘാതങ്ങൾ ഉണ്ടാകരുതെന്നും നിർദ്ദേശിക്കുന്നു.

143. നിലവിൽ നികുതിദായകർക്ക് ചില വ്യവസ്ഥകൾ പൂർത്തീകരിച്ചാൽ മാത്രമേ സ്വയം കൈവശപ്പെടുത്തിയ വസ്തുവിൻ്റെ വാർഷിക മൂല്യം പൂജ്യമായി ക്ലെയിം ചെയ്യാൻ കഴിയൂ. നികുതിദായകർ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ഒരു നിബന്ധനയുമില്ലാതെ ഇത്തരം രണ്ട് സ്വത്തുക്കളുടെ ആനുകൂല്യം അനുവദിക്കാൻ നിർദ്ദേശിക്കുന്നു.

144. കൈമാറ്റ വിലനിർണയ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും വാർഷിക പരിശോധനയ്ക്ക് ഒരു ബദൽ നൽകുന്നതിനുമായി, മൂന്ന് വർഷത്തെ ബ്ലോക്ക് കാലയളവിലേക്ക് അന്താരാഷ്ട്ര ഇടപാടിൻ്റെ ദൈർഘ്യം നിർണ്ണയിക്കുന്നതിനുള്ള ഒരു പദ്ധതി അവതരിപ്പിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. ആഗോളതലത്തിലെ മികച്ച സമ്പ്രദായങ്ങൾക്ക് അനുസൃതമായിരിക്കും ഇത്.

145. ലിറ്റിഗേഷൻ കുറയ്ക്കുന്നതിനും അന്താരാഷ്ട്ര നികുതിയിൽ ഉറപ്പ് നൽകുന്നതിനുമായി, സുരക്ഷിത തുറമുഖ നിയമങ്ങളുടെ വ്യാപ്തി വിപുലീകരിക്കുന്നു.

146. നിരവധി മുതിർന്ന പൗരന്മാർക്കും വളരെ മുതിർന്ന പൗരന്മാർക്കും വളരെ പഴയ ദേശീയ സേവിംഗ്സ് സ്കീം അക്കൗണ്ടുകളുണ്ട്. അത്തരം അക്കൗണ്ടുകൾക്ക് ഇനി പലിശ നൽകേണ്ടതില്ലാത്തതിനാൽ, 2024 ഓഗസ്റ്റ് 29-നോ അതിനുശേഷമോ വ്യക്തികൾ NSS-ൽ നിന്ന് പിൻവലിക്കുന്ന തുകകൾ ഒഴിവാക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു. മൊത്തത്തിലുള്ള പരിധികൾക്ക് വിധേയമായി സാധാരണ NPS അക്കൗണ്ടുകൾക്ക് ലഭ്യമാകുന്നത് പോലെ NPS വാത്സല്യ അക്കൗണ്ടുകൾക്കും സമാനമായ രീതി അനുവദിക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

147. 2024 ജൂലൈയിലെ എൻ്റെ പ്രസംഗത്തിൽ, അപ്പീൽ ഉത്തരവുകൾ പ്രാബല്യത്തിൽ വരുത്തുന്നത് ഉൾപ്പെടെയുള്ള എല്ലാ പ്രക്രിയകളും അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഡിജിറ്റലൈസ് ചെയ്യുമെന്നും പേപ്പർ രഹിതമാക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്തിരുന്നു. ഡിജിറ്റലൈസേഷൻ പ്രവർത്തനക്ഷമമാക്കുന്നുവെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

148. 2024 ജൂലൈയിൽ, അപ്പീലിൽ തീർപ്പാക്കാത്ത ആദായനികുതി തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഞങ്ങൾ വിവാദ് സേ വിശ്വാസ് സ്കീം കൊണ്ടുവന്നു. സ്കീമിന് മികച്ച പ്രതികരണം ലഭിച്ചു, ഏകദേശം

33,000 നികുതിദായകർ അവരുടെ തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഈ സ്കീം പ്രയോജനപ്പെടുത്തി.

**തൊഴിലും നിക്ഷേപവും**

149. നിക്ഷേപവും തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിന് എനിക്ക് ചില നിർദ്ദേശങ്ങളുണ്ട്.

150. ഒരു ഇലക്ട്രോണിക്സ് നിർമ്മാണ സൗകര്യം സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്ന ഒരു റസിഡൻ്റ് കമ്പനിക്ക് സേവനങ്ങൾ നൽകുന്ന പ്രവാസികൾക്കായി ഒരു അനുമാന നികുതി വ്യവസ്ഥ നൽകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. നിർദ്ദിഷ്ട ഇലക്ട്രോണിക്സ് നിർമ്മാണ യൂണിറ്റുകളിലേക്കുള്ള വിതരണത്തിനായി ഘടകങ്ങൾ സംഭരിക്കുന്ന പ്രവാസികൾക്ക് നികുതി ഉറപ്പിനായി ഒരു സുരക്ഷിത മാർ ഗം അവതരിപ്പിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

**ഉൾനാടൻ കപ്പലുകൾക്കുള്ള ടണ്ണേജ് നികുതി പദ്ധതി**

151. നിലവിൽ കടൽ യാത്ര ചെയ്യുന്ന കപ്പലുകൾക്ക് മാത്രമേ ടണ്ണേജ് നികുതി സ്കീം ലഭ്യമാകൂ. രാജ്യത്തെ ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി, 2021-ലെ ഇന്ത്യൻ വെസ്സൽസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഉൾനാടൻ കപ്പലുകൾക്കും നിലവിലുള്ള ടണ്ണേജ് ടാക്സ് സ്കീമിൻ്റെ പ്രയോജനങ്ങൾ വ്യാപിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

152. ഇന്ത്യൻ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റത്തെ ഞങ്ങൾ പിന്തുണയ്ക്കുന്നത് തുടരും. 1.4.2030-ന് മുമ്പ് സംയോജിപ്പിച്ച സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമായ ആനുകൂല്യം അനുവദിക്കുന്നതിന്,ഇൻകോർപറേഷൻ കാലയളവ് 5 വർഷം കൂടി നീട്ടാൻ ഞാൻ നിർദ്ദേശിക്കുന്നു.

**ഇൻ്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെൻ്റർ (IFSC)**

153. IFSC-യിൽ അധിക പ്രവർത്തനങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി, IFSC-യിൽ സ്ഥാപിക്കുന്ന ആഗോള കമ്പനികളുടെ ഷിപ്പ്-ലീസിംഗ് യൂണിറ്റുകൾ, ഇൻഷുറൻസ് ഓഫീസുകൾ, ട്രഷറി കേന്ദ്രങ്ങൾ എന്നിവയ്ക്ക് ഞാൻ പ്രത്യേക ആനുകൂല്യങ്ങൾ നിർദ്ദേശിക്കുന്നു. കൂടാതെ, ആനുകൂല്യങ്ങൾ ക്ലെയിം ചെയ്യുന്നതിനായി, ഐഎഫ്എസ്സിയിൽ ആരംഭിക്കുന്നതിനുള്ള കട്ട്-ഓഫ് തീയതിയും 31.3.2030 വരെ അഞ്ച് വർഷം കൂടി നീട്ടിയിട്ടുണ്ട്.

**ഇതര നിക്ഷേപ ഫണ്ടുകൾ (AIFs)**

154. കാറ്റഗറി I, കാറ്റഗറി II AIF-കൾ ഇൻഫ്രാസ്ട്രക്ചറിലും അത്തരം മറ്റ് മേഖലകളിലും നിക്ഷേപം നടത്തുന്നു. സെക്യൂരിറ്റികളിൽ നിന്നുള്ള നേട്ടങ്ങളിൽ ഈ സ്ഥാപനങ്ങൾക്ക് നികുതി ഉറപ്പ് നൽകാൻ ഞാൻ നിർദ്ദേശിക്കുന്നു.

**സോവറിൻ, പെൻഷൻ ഫണ്ടുകൾക്കുള്ള നിക്ഷേപ തീയതി നീട്ടൽ**

155. സോവറിൻ വെൽത്ത് ഫണ്ടുകളിൽ നിന്നും പെൻഷൻ ഫണ്ടുകളിൽ നിന്നും അടിസ്ഥാന സൗകര്യ മേഖലയിലേക്കുള്ള ധനസഹായം പ്രോത്സാഹിപ്പിക്കുന്നതിന്, നിക്ഷേപം നടത്തുന്ന തീയതി 2030 മാർച്ച് 31 വരെ അഞ്ച് വർഷം കൂടി നീട്ടാൻ ഞാൻ നിർദ്ദേശിക്കുന്നു.

**മധ്യവർഗത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് വ്യക്തിഗത ആദായനികുതി പരിഷ്കാരങ്ങൾ**

156. ജനാധിപത്യം, ജനസംഖ്യാശാസ്ത്രം, ഡിമാൻഡ് എന്നിവയാണ് വികസിത ഭാരതത്തിലേക്കുള്ള ഞങ്ങളുടെ യാത്രയിലെ പ്രധാന പിന്തുണാ സ്തംഭങ്ങൾ. മധ്യവർഗമാണ് ഇന്ത്യയുടെ വളർച്ചയ്ക്ക് കരുത്ത് നൽകുന്നത്. പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് എപ്പോഴും രാഷ്ട്രനിർമ്മാണത്തിൽ മധ്യവർഗത്തിൻ്റെ പ്രശംസനീയമായ ഊർജ്ജത്തിലും കഴിവിലും വിശ്വസിക്കുന്നു. അവരുടെ സംഭാവനകൾ കണക്കിലെടുത്ത്, ഞങ്ങൾ അവരുടെ നികുതി ഭാരം ഇടയ്ക്കിടെ കുറച്ചു. 2014 ന് ശേഷം 2.5 ലക്ഷമായി ഉയർത്തിയ 'നിൽ ടാക്സ്' സ്ലാബ് 2019 ൽ 5 ലക്ഷമായും 2023 ൽ 7 ലക്ഷമായും ഉയർത്തി. ഇത് മധ്യവർഗ നികുതിദായകരോടുള്ള നമ്മുടെ ഗവൺമെന്റിൻ്റെ വിശ്വാസത്തിൻ്റെ പ്രതിഫലനമാണ്. പുതിയ റെജിമിന് കീഴിൽ 12 ലക്ഷം (അതായത് മൂലധന നേട്ടം പോലുള്ള പ്രത്യേക നിരക്ക് വരുമാനം ഒഴികെയുള്ള പ്രതിമാസ ശരാശരി 1 ലക്ഷം വരുമാനം ) വരെ ആദായനികുതി നൽകേണ്ടതില്ലെന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 75,000 സ്റ്റാൻഡേർഡ് ഡിഡക്ഷൻ കാരണം, ശമ്പളമുള്ള നികുതിദായകർക്ക് ഈ പരിധി 12.75 ലക്ഷമായിരിക്കും.

157. എല്ലാ നികുതിദായകർക്കും പ്രയോജനപ്പെടുന്നതിനായി സ്ലാബുകളും നിരക്കുകളും ബോർഡിലുടനീളം മാറ്റുന്നു. പുതിയ ഘടന മധ്യവർ ഗക്കാരുടെ നികുതി ഗണ്യമായി കുറയ്ക്കുകയും കൂടുതൽ പണം

അവരുടെ കൈകളിൽ അവശേഷിപ്പിക്കുകയും ഗാർഹിക ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യും.

158. പുതിയ നികുതി വ്യവസ്ഥയിൽ, നികുതി നിരക്ക് ഘടന ഇനിപ്പറയുന്ന രീതിയിൽ പരിഷ്കരിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു:

| **0-4 ലക്ഷം രൂപ** | ഇല്ല |
|---|---|
| | |
| **4-8 ലക്ഷം രൂപ** | 5 ശതമാനം |
| | |
| **8-12 ലക്ഷം രൂപ** | 10 ശതമാനം |
| | |
| **12-16 ലക്ഷം രൂപ** | 15 ശതമാനം |
| | |
| **16-20 ലക്ഷം രൂപ** | 20 ശതമാനം |
| | |
| **20-24 ലക്ഷം രൂപ** | 25 ശതമാനം |
| | |
| **24 ലക്ഷം രൂപയ്ക്ക് മുകളിൽ** | 30 ശതമാനം |

159. നികുതിദായകർക്ക് സാധാരണ വരുമാനത്തിന് 12 ലക്ഷം വരെ (മൂലധന നേട്ടം പോലുള്ള പ്രത്യേക നിരക്ക് വരുമാനം ഒഴികെ) നികുതിയിളവ് ലഭിക്കുന്നു. നികുതി നൽകേണ്ടതില്ലാത്ത വിധത്തിൽ സ്ലാബ് നിരക്ക് കുറയ്ക്കൽ മൂലമുള്ള ആനുകൂല്യത്തിന് പുറമെയാണിത്. വിവിധ വരുമാന തലങ്ങളിലെ സ്ലാബ് നിരക്ക് മാറ്റങ്ങളുടെയും റിബേറ്റിൻ്റെയും മൊത്തം നികുതി ആനുകൂല്യം ഉദാഹരണങ്ങൾ ഉപയോഗിച്ച് വിശദീകരിക്കാം. പുതിയ വ്യവസ്ഥ പ്രകാരം 12 ലക്ഷം വരുമാനമുള്ള നികുതിദായകന് നികുതിയിനത്തിൽ 80,000 രൂപ ആനുകൂല്യം ലഭിക്കും (ഇത് നിലവിലുള്ള നിരക്കുകൾ അനുസരിച്ച് അടയ്ക്കേണ്ട നികുതിയുടെ 100% ആണ്). 18 ലക്ഷം വരുമാനമുള്ള ഒരാൾക്ക് നികുതിയിനത്തിൽ 70,000 (നിലവിലുള്ള നിരക്കുകൾ പ്രകാരം അടയ്ക്കേണ്ട നികുതിയുടെ 30%) ആനുകൂല്യം ലഭിക്കും.

25 ലക്ഷം വരുമാനമുള്ള ഒരാൾക്ക് 1,10,000 (നിലവിലുള്ള നിരക്കുകൾ പ്രകാരം അടയ്ക്കേണ്ട നികുതിയുടെ 25%) ആനുകൂല്യം ലഭിക്കും.

160. എൻ്റെ നികുതി നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ നൽകിയിരിക്കുന്നു.

161. ഈ നിർദ്ദേശങ്ങളുടെ ഫലമായി, പ്രത്യക്ഷ നികുതിയിനത്തിൽ ഏകദേശം 1 ലക്ഷം കോടിയും പരോക്ഷ നികുതിയിനത്തിൽ 2600 കോടിയുടേയും വരുമാനം നഷ്ടപ്പെടും.

സ്പീക്കർ സർ, ഈ മഹത്തായ സഭയുടെ മുമ്പാകെ ഞാൻ ബജറ്റ് സമർപ്പിക്കുന്നു.

ജയ് ഹിന്ദ്.

## പാർട്ട് A യ്ക്കുള്ള അനുബന്ധം

**അനുബന്ധം A**

**ഗ്രാമീണ സമൃദ്ധിയും പ്രതിരോധശേഷിയും കെട്ടിപ്പടുക്കുക**

പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്:

1. ഗ്രാമീണ സ്ത്രീകൾക്ക് സംരഭകത്വ വികസനം, തൊഴിൽ, സാമ്പത്തിക സ്വാതന്ത്ര്യം എന്നിവയ്ക്ക് ഉത്തേജനം നൽകുക;
2. യുവ കർഷകർക്കും ഗ്രാമീണ യുവാക്കൾക്കും പുതിയ തൊഴിലവസരങ്ങളും ബിസിനസുകളും സൃഷ്ടിക്കുന്നതു ത്വരിതപ്പെടുത്തുക;
3. ഉത്പ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും സംഭരണത്തിനുമായി കൃഷിയെ പരിപോഷിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുക, പ്രത്യേകിച്ച് ചെറുകിട, നാമമാത്ര കർഷകർക്കായി,
4. ഭൂരഹിത കുടുംബങ്ങൾക്ക് വൈവിധ്യമാർന്ന അവസരങ്ങൾ സൃഷ്ടിക്കുക.

**അനുബന്ധം B**

**പയറുവർഗ്ഗങ്ങളുടെ സ്വാശ്രയത്വത്തിനായുള്ള മിഷൻ**

മിഷൻ താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകും:

1. കാലാവസ്ഥയെ പ്രതിരോധിക്കുന്ന വിത്തുകളുടെ വികസനവും അവ വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുകയും ചെയ്യുക,
2. പ്രോട്ടീൻ സമ്പുഷ്ടീകരണം,
3. ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക,

4. വിളവെടുപ്പിനു ശേഷമുള്ള സംഭരണവും പരിപാലനവും മെച്ചപ്പെടുത്തുക,
5. കർഷകർക്ക് ആദായകരമായ വില ഉറപ്പാക്കുക.

**അനുബന്ധം C**

**ഗ്രാമീണ സമ്പദ്ഘടനയുടെ ഉത്തേകമായി ഇന്ത്യ മാറി**

**വിപുലീകരിച്ച സേവനങ്ങളുടെ ശ്രേണിയിൽ ഉൾപ്പെടുന്നവ:**

1. ഗ്രാമീണ സാമൂഹ്യ കേന്ദ്രങ്ങളുടെ സംയോജനം;
2. സ്ഥാപനപരമായ അക്കൗണ്ട് സേവനങ്ങൾ;
3. ഡിബിടി, കാഷ് ഔട്ട്, ഇഎംഐ പിക്ക്അപ്;
4. സൂക്ഷ്മ സംരംഭങ്ങൾക്ക് ക്രെഡിറ്റ് സേവനങ്ങൾ;
5. ഇൻഷ്വറൻസ്;
6. അസ്സിസ്റ്റഡ് ഡിജിറ്റൽ സേവനങ്ങൾ

**അനുബന്ധം D**

| രൂപ കോടിയിൽ | നിക്ഷേപം | | വിറ്റു വരവ് | |
|---|---|---|---|---|
| | നിലവിലേത് | പുതുക്കിയത് | നിലവിലേത് | പുതുക്കിയത് |
| **സൂഷ്മ സംരഭങ്ങൾ** | **1** | **2.5** | **5** | **10** |
| **ചെറുകിട സംരഭങ്ങൾ** | **10** | **25** | **50** | **100** |
| **ഇടത്തരം സംരഭങ്ങൾ** | **50** | **125** | **250** | **500** |

**അനുബന്ധം E**

**'മേക്ക് ഇൻ ഇന്ത്യ ' അഭിവൃദ്ധിപ്പെടുത്തുന്നതിന് മാനുഫാക്ചറിംഗ് മിഷൻ**

മിഷന്റെ അധികാര പരിധിയിൽ അഞ്ച് ഫോക്കസ് ഏരിയാകൾ ഉൾപ്പെടും:

1. കുറഞ്ഞ ചെലവിലും അനായസവുമായി ബിസിനസ് ചെയ്യുക;
2. ഭാവിയിൽ ആവശ്യക്കാർ ഏറെയുള്ള തൊഴിലുകളിലേക്ക് തൊഴിൽ സേനയെ സജ്ജമാക്കുക;
3. ഊർജ്ജസ്വലവും ചലനാത്മകവുമായ ഒരു എംഎസ്എംഇ മേഖല;
4. സാങ്കേതിക വിദ്യയുടെ ലഭ്യത;
5. ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ.

**പാർട്ട് B യ്ക്കുള്ള അനുബന്ധം**

**പരോക്ഷ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ**

| |
|---|
| **A കസ്റ്റംസ് നിയമങ്ങളിലെ ഭേദഗതികൾ** |
| **A.1 1962-ലെ കസ്റ്റംസ് നിയമ ഭേദഗതി**<br>(i) താത്കാലിക അവലോകനം അന്തിമമാക്കുന്നതിന് രണ്ടു വർഷത്തെ സമയപരിധി നൽകുന്നതിന് സെക്ഷൻ 18ൽ ഒരു പുതിയ ഉപവിഭാഗം (1B) ചേർക്കുന്നു. മതിയായ കാരണം ബോധിപ്പിച്ചാൽ ഈ സമയപരിധി കസ്റ്റംസ് കമ്മീഷണർക്ക് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിക്കാമെന്നും ഇതിൽ വ്യവസ്ഥയുണ്ട്. തീർപ്പുകൽപ്പിക്കാത്ത കേസുകളിൽ, 2025ലെ ധനകാര്യ ബില്ലിന് അംഗീകാരം ലഭിച്ച തീയതി മുതൽ സമയപരിധി കണക്കാക്കാമെന്നും ഇതിൽ വ്യവസ്ഥ ചെയ്യുന്നു.<br>(ii) താത്കാലിക അസസ്മെന്റ് അന്തിമമാക്കുന്നതിനുള്ള രണ്ടു വർഷത്തെ സമയപരിധി നിർത്തിവയ്ക്കുന്നതിനു ചില കാരണങ്ങൾ ഉൾപ്പെടുത്തി ഉപവകുപ്പ് (1C) ചേർത്തിട്ടുണ്ട്.<br>(iii) ചരക്കുകളുമായി ബന്ധപ്പെട്ട് ഇറക്കുമതിക്കാരും കയറ്റുമതിക്കാരും നടത്തിയിട്ടുള്ള ഏതൊരു എൻട്രിയും ഒരു നിശ്ചിത സമയത്തിനുള്ളിൽ പരിഷ്കരിക്കാനും നിർദ്ദിഷ്ട വ്യവസ്ഥകൾക്കു |

വിധേയമാക്കാനും അനുവദിക്കുന്നതിന് ചരക്കുകളുടെ ക്ലിയറൻസിനു ശേഷം എൻട്രി സ്വമേധയാ പുനഃപരിശോധിക്കാൻ ഒരു പുതിയ വകുപ്പ്, 18A ചേർക്കുന്നു. അത്തരത്തിൽ മാറ്റം വരുത്തിയ എൻട്രികളെ സ്വയം വിലയിരുത്തി ഡ്യൂട്ടി അടയ്ക്കുന്നതിനും അനുവദിക്കുന്നതിന് അല്ലെങ്കിൽ പുതുക്കിയ എൻട്രിയെ സെക്ഷൻ 27 പ്രകാരമുള്ള റീഫണ്ട് ക്ലെയിം ആയി കണക്കാക്കാനും ഇതു വ്യവസ്ഥ ചെയ്യുന്നു. ഈ സെക്ഷൻ ബാധകമല്ലാത്ത ചില കേസുകൾ കൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(iv) 18 A വകുപ്പു പ്രകാരമുള്ള പുതുക്കിയ എൻട്രി അനുസരിച്ചോ 1962ലെ കസ്റ്റംസ് ആക്ടിലെ 149-ാം വകുപ്പിന്റെ ഭേദഗതി അനുസരിച്ചോ റീഫണ്ട് ക്ലെയിം ചെയ്യുന്നതിനുള്ള സമയപരിധി പലിശ അടച്ച തീയതി മുതൽ ഒരു വർഷം എന്നു വ്യക്തമാക്കുന്നതിന് വകുപ്പ് 27 ന്റെ ഉപവകുപ്പ് 1 ൽ ഒരു പുതിയ വിശദീകരണം ചേർത്തിട്ടുണ്ട്.

(v) വകുപ്പ് 18 A പ്രകാരമുള്ള പുതുക്കിയ എൻട്രി പ്രകാരം നികുതി അടയ്ക്കുന്ന കാര്യത്തിൽ പ്രസക്തമായ തീയതി മുതൽ നികുതി അല്ലെങ്കിൽ പലിശ അടയ്ക്കുന്ന തീയതിയാണെന്ന് വിശദീകരണം 1 മുതൽ സെക്ഷൻ 28 വരെ ഒരു പുതിയ ക്ലോസ് ചേർത്തിരിക്കുന്നു.

(vi) ഇടക്കാല ബോർഡ് , ഇടക്കാല ബോർഡ് അംഗം, തീർപ്പുകൽപ്പിക്കാത്ത അപേക്ഷകൾ എന്നിവ നിർ1 വ്വചിക്കുന്നതിന് 27 A സെക്ഷനിലെ ക്ലോസ് (ഡി), (ഇ) എന്നിവയ്ക്കു ശേഷം ഒരു പുതിയ ക്ലോസ് ചേർക്കുന്നു.

(vii) ഈ സെക്ഷനു കീഴിലുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി നൽകുന്നതിന് സെക്ഷൻ 127 B യിലെ ഉപവകുപ്പ് (5) നു ശേഷം ഒരു പുതിയ ഉപവിഭാഗം (6) ചേർക്കുന്നു.

(viii) ഇടക്കാല ബോർഡിന് 1962ലെ കസ്റ്റംസ് ആക്ടിലെ സെക്ഷൻ 127 C യുടെ ഉപവകുപ്പുകൾ ബാധമാക്കുന്നതിന്, സെക്ഷൻ 127 C യിലെ ഉപവകുപ്പ് (11) നു ശേഷം ഒരു പുതിയ ഉപവകുപ്പ് (12) ചേർക്കുന്നു.

(ix) സെറ്റിൽമെന്റ് കമ്മീഷന്റെ അധികാരങ്ങൾ ഇടക്കാല ബോർഡ് വിനിയോഗിക്കുമെന്നും ഈ വകുപ്പിലെ വ്യവസ്ഥകൾ യോജിച്ച മാറ്റങ്ങളോടെ ബാധകമാക്കുമെന്നും, സെറ്റിൽമെന്റ് കമ്മീഷനെന്ന പോലെ ഇടക്കാല ബോർഡിനും വിനിയോഗിക്കാമെന്നും വ്യക്തമാക്കിക്കൊണ്ട് 127 D യിലെ ഉപവകുപ്പ് (2) നു ശേഷം ഒരു പുതിയ ഉപവിഭാഗം (3) ചേർക്കുന്നു.

(x) സെറ്റിൽമെന്റ് കമ്മീഷന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും ഇടക്കാല ബോർഡ് വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യണമെന്നു വ്യവസ്ഥ ചെയ്യുന്ന സെക്ഷൻ 127 Fന്റെ ഉപവകുപ്പ് (4)നു ശേഷം ഒരു പുതിയ ഉപവകുപ്പ് (5) ചേർക്കുന്നു.

(xi) ഈ വകുപ്പിനു കീഴിലുള്ള സെറ്റിൽമെന്റ് കമ്മീഷന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും ഇടക്കാല ബോർഡ് വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്നതിന്,1962ലെ കസ്റ്റംസ് ആക്ടിന്റെ 127 G വകുപ്പിലേക്കു ഒരു നിബന്ധന ചേർക്കുന്നു.

(xii) ഈ വകുപ്പിനു കീഴിൽ സെറ്റിൽമെന്റ് കമ്മീഷന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും ഇടക്കാല ബോർഡ് വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യുന്നതിന് 1962ലെ കസ്റ്റംസ് ആക്ടിന്റെ 127H ലെ ഉപവകുപ്പു (3) നു ശേഷം ഒരു പുതിയ ഉപവകുപ്പ് (4) ചേർക്കുന്നു.

2025ലെ ധനകാര്യ ബില്ലിന് അംഗീകാരം ലഭിച്ച

തീയതി മുതൽ ഈ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും.

**A.2 1975 ലെ കസ്റ്റംസ് താരിഫ് ആക്ടിന്റെ ഭേദഗതികൾ,-**

a) 1975ലെ കസ്റ്റംസ് താരിഫ് നിയമത്തിലെ ആദ്യ ഷെഡ്യൂൾ,-

(i) ചില വ്യവസായ താരിഫ് ഇനങ്ങളുടെ നിരക്കുകൾ പരിഷ്കരിക്കുക

(ii) അദ്ധ്യായം 10,20,27, 28,29, 38,71 എന്നിവയിൽ 178 പുതിയ താരിഫ് എൻട്രികൾ ചേർക്കുകയും 63 പുതിയ താരിഫ് എൻട്രികൾ പകരം വയ്ക്കുക/ ഇല്ലാതാക്കുക; 10, 20,29,38 എന്നീ അദ്ധ്യായങ്ങളിൽ അനുബന്ധ കുറിപ്പുകൾ ചേർക്കുകയും 2 അനുബന്ധ കുറിപ്പുകൾ ഭേദഗതി ചെയ്യുകയും ചെയ്യുക. താരിഫ് ലൈനുകളെ WCO ക്ലാസിഫിക്കേഷൻ, ചരക്കുകളുടെ മികച്ച ഐഡന്റിഫിക്കേഷൻ എന്നിവയുമായി പൊരുത്തപ്പെടു ത്തുന്നതിനാണിത്.

1.5. 2025 മുതൽ ഈ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും.

**B. ചരക്ക്- സേവന നികുതി (GST ) നിയമത്തിലെ ഭേദഗതികൾ**

[പ്രത്യേകം പറയാത്ത പക്ഷം, ഈ മാറ്റങ്ങൾ GST കൗൺസിലിന്റെ ശിപാർശകൾ പ്രകാരം സംസ്ഥാനങ്ങളുമായി ഏകോപിപ്പിച്ച് വിജ്ഞാപനം ചെയ്യുന്ന തീയിതി മുതൽ പ്രാബല്യത്തിൽ വരും]

**വ്യാപാര സൗകര്യത്തിനുള്ള ഭേദഗതി**

**B.1 2017ലെ CGST നിയമത്തിലെ സെക്ഷൻ 2 ലെ ഭേദഗതികൾ:**

a) റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ അന്തർ-സംസ്ഥാന വിതരണവുമായി ബന്ധപ്പെട്ട് നികുതി അടയ്ക്കേണ്ട ഇൻപുട്ട് സേവന വിതരണക്കാരന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിതരണത്തിനു വ്യക്തത നൽകുന്നതിന് ഇന്റഗ്രേറ്റഡ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിന്റെ സെക്ഷൻ അഞ്ചിന്റെ

ഉപവിഭാഗം (3), ഉപവിഭാഗം (4) എന്നിവയെ പരാമർശിച്ചു കൊണ്ട് ക്ലോസ് (61) ഭേദഗതി ചെയ്യുന്നു. ഈ ഭേദഗതി 2025 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരും.

b) ക്ലോസ് (69) (c) വ്യക്തമാക്കുന്നതിനായി പ്രസ്തുത ക്ലോസ് പ്രകാരം ' ലോക്കൽ അഥോറിറ്റി' എന്ന നിർവ്വചനത്തിന് ഉപയോഗിക്കുന്ന ' ലോക്കൽ ഫണ്ട്', ' മുനിസിപ്പൽ ഫണ്ട്' എന്നീ പദങ്ങളുടെ നിർവ്വചനങ്ങളുടെ വ്യാപ്തി വ്യക്തമാക്കുന്നതിന് ഒരു വിശദീകരണം ചേർക്കുന്നതിന് ഭേദഗതി ചെയ്യുന്നു.

c) ട്രാക്ക് ആൻഡ് ട്രേസ് മെക്കാനിസം നടപ്പിലാക്കുന്നതിന് യുണീക്ക് ഐഡന്റിഫിക്കേഷൻ മാർക്കിംഗിനു നിർവ്വചനം നൽകുന്നതിന് ഒരു പുതിയ ക്ലോസ് (112A) ചേർക്കുന്നു.

**B.2 2017ലെ CGST നിയമത്തിലെ സെക്ഷൻ 12, 13ന്റെ ഭേദഗതികൾ:**

വൗച്ചറുകളുടെ വിതരണ സമയവുമായി ബന്ധപ്പെട്ട സെക്ഷൻ 12ലെ ഉപവകുപ്പ് (4) ഉം സെക്ഷൻ 13ലെ ഉപവകുപ്പ് (4) ഉം ഒഴിവാക്കുന്നു.

**B.3 2017ലെ CGST നിയമത്തിലെ സെക്ഷൻ 17ന്റെ ഭദഗതികൾ:**

' പ്ലാന്റ് അല്ലെങ്കിൽ മെഷിണറി' എന്ന വാക്കുകൾക്കു പകരം ' പ്ലാന്റ് ആൻഡ് മെഷിണറി' എന്ന വാക്കുകൾ ഉപയോഗിച്ച് 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ സബ്സെക്ഷൻ (5) ന്റെ ക്ലോസ് (ഡി) ഭേദഗതി ചെയ്യുന്നു.

**B.4 2017ലെ CGST നിയമത്തിലെ സെക്ഷൻ 20ന്റെ ഭദഗതികൾ:**

ഇൻപുട്ട് സർവ്വീസ് ഡിസ്ട്രിബ്യൂട്ടർ അന്തർസംസ്ഥാന വിതരണവുമായി ബന്ധപ്പെട്ട് , റിവേഴ്സ് ചാർജിന്റെ അടിസ്ഥാനത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രവർത്തനസംവിധാനം മാത്രമായി ഇന്റഗ്രേറ്റഡ് ചരക്ക് സേവന നികുതി നിയമത്തിലെ സെക്ഷൻ 5 ലെ

സബ് സെക്ഷൻ (3), സബ്സെക്ഷൻ (4), സെക്ഷൻ 20 (1), സെക്ഷൻ 20 (2) എന്നിവ സെക്ഷൻ 20ന്റെ സബ്സെക്ഷൻ (1) ൽ ഭേദഗതി ചെയ്യുന്നു. ഭേദഗതി 2025 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരും.

**B.5 2017ലെ CGST നിയമത്തിലെ സെക്ഷൻ 34ന്റെ ഭേദഗതികൾ:**

സബ്സെക്ഷൻ (2) ലേക്കുള്ള നിബന്ധന ഒരു ക്രെഡിറ്റ് നോട്ടുമായി ബന്ധപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സൽ ആവശ്യത്തിന്, രജിസ്റ്റർ ചെയ്ത സ്വീകർത്താവിന്, നികുതി ബാദ്ധ്യത കുറയ്ക്കുന്നതു സംബന്ധിച്ച് പ്രസ്തുത ക്രെഡിറ്റ് നോട്ടുമായി ബന്ധപ്പെട്ട വിതരണക്കാരന് വ്യക്തത നൽകുന്നതിന് ഭേദഗതി ചെയ്യുന്നു.

**B.6 2017ലെ CGST നിയമത്തിലെ സെക്ഷൻ 38ന്റെ ഭദഗതികൾ:**

a) 'സ്വയമേ സൃഷ്ടിച്ചത്' എന്ന പദപ്രയോഗം ഒഴിവാക്കുന്ന തിനായി വകുപ്പു 38 (1) ഭേദഗതി ചെയ്യുന്നു.

b) ' സ്വീകർത്താവ്' എന്ന പദം ഒഴിവാക്കുന്നതിനും ' ക്ലോസ് (b) യിലെ ' സ്വീകർത്താവ്' എന്ന പദത്തിനു ശേഷം ഉൾക്കൊള്ളിക്കുന്നു' എന്ന പദം ചേർക്കാനും വകുപ്പ് 38 (2) ഭേദഗതി ചെയ്യുന്നു.

c) ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമാക്കേണ്ട മറ്റു വിശദാംശങ്ങൾ നിർദ്ദേശിക്കുന്നതിന് പ്രാപ്തമാക്കുന്ന ഒരു ക്ലോസ് നൽകുന്നതിന് ഒരു പുതിയ ക്ലോസ് (c) ചേർക്കുന്നതിനായ വകുപ്പ് 38 (2) ഭദേഗതി ചെയ്യുന്നു.

**B.7 2017ലെ CGST നിയമത്തിലെ സെക്ഷൻ 39ന്റെ ഭദഗതികൾ:**

റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള നിയന്ത്രണങ്ങളും ചില വ്യവസ്ഥകളും നിർദ്ദേശിക്കുന്നതിനു പ്രാപ്തമാക്കുന്ന തിനായി വകുപ്പ് 39 (1) ഭേദഗതി ചെയ്യുന്നു.

**B.8 2017ലെ CGST നിയമത്തിലെ സെക്ഷൻ 107, 112 ന്റെയും**

**ഭേദഗതികൾ:**

a) നികുതി ആവശ്യമില്ലാതെ പിഴ ഈടാക്കുന്ന കേസുകളിൽ അപ്പീൽ അഥോറിറ്റിക്ക് മുമ്പാകെയുള്ള അപ്പീലുകൾക്കു പിഴത്തുകയുടെ 10% നിർബന്ധിത മുൻകൂർ നിക്ഷേപം സ്വീകരിക്കുന്നതിന് സെക്ഷൻ 107 (6) ഭേദഗതി ചെയ്യുന്നു.

b) നികുതി ഒന്നും ആവശ്യപ്പെടാതെ പിഴ മാത്രം ഈടാക്കുന്ന കേസുകളിൽ അപ്പലേറ്റ് ട്രിബ്യൂണലിലിനു മുമ്പാകെയുള്ള അപ്പീലുകൾക്ക് പിഴത്തുകയുടെ 10 % നിർബന്ധിത മുൻകൂർ നിക്ഷേപം സ്വീകരിക്കുന്നതിന് വകുപ്പ് 112 (8) ഭേദഗതി ചെയ്യുന്നു.

**B.9 2017ലെ CGST നിയമത്തിലെ സെക്ഷൻ 122 Bയ്ക്കുള്ള കൂട്ടിച്ചേർക്കലുകൾ:**

സെക്ഷൻ 148A പ്രകാരം നൽകിയിരിക്കുന്ന ട്രാക്ക് ആൻഡ് ട്രേസ് മെക്കാനിസവുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെ ലംഘനങ്ങൾക്കു പിഴ ചുമത്താൻ ഒരു പുതിയ സെക്ഷൻ 122B ചേർക്കുന്നു.

**B.10 2017ലെ CGST നിയമത്തിലെ സെക്ഷൻ 148 Aയ്ക്കുള്ള കൂട്ടിച്ചേർക്കലുകൾ:**

നിർദ്ദിഷ്ട ചരക്കുകൾക്കായി ഒരു ട്രാക്ക് ആൻഡ് ട്രേസ് മെക്കാനിസത്തിനുള്ള സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിന് സെക്ഷൻ 148A കൂട്ടിച്ചേർക്കുന്നു.

**B.11 2017ലെ CGST നിയമത്തിലെ ഷെഡ്യൂൾ III ലെ ഭോദഗതികൾ**

1.7. 2017 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം ഷെഡ്യൂൾ III ഭേദഗതി ചെയ്യുന്നു-

a) കയറ്റുമതി അല്ലെങ്കിൽ ആഭ്യന്തര താരിഫ് ഏരിയയിലേക്കുള്ള ക്ലിയറൻസിനു മുമ്പ് ഏതെങ്കിലും വ്യക്തിക്ക് ഒരു പ്രത്യേക സാമ്പത്തിക മേഖലയിലോ

| |
|---|
| ഒരു സ്വതന്ത്ര വ്യാപാര വെയർഹൗസിംഗ് മേഖലയിലോ സൂക്ഷിച്ചിരിക്കുന്ന സാധനങ്ങളുടെ വിതരണം സാധനങ്ങളുടെയോ സേവനങ്ങളുടെയോ സപ്ലൈ അല്ലെന്ന രീതിയിൽ കൈകാര്യം ചെയ്യുന്നതിന് പുതിയ എൻട്രി (aa) ചേർക്കുന്നു.<br><br>b) ഖണ്ഡിക 8 ലെ എൻട്രി (a) സംബന്ധിച്ച് പ്രസ്തുത വിശദീകരണം ബാധകമാകുമെന്നു വ്യക്തമാക്കുന്നതിന് 1.7.2017 മുതൽ വിശദീകരണം 2 ഭേദഗതി ചെയ്യുക.<br><br>c) ഖണ്ഡിക 8 ലെ നിർദ്ദിഷ്ട എൻട്രി (aa) യുടെ ഉദ്ദേശത്തിനായി ' പ്രത്യേക സാമ്പത്തിക മേഖല', ' സ്വതന്ത്ര വ്യാപാര വെയർഹൗസിംഗ് സോൺ', ' ആഭ്യന്തര താരിഫ് ഏരിയ' എന്നീ പദങ്ങൾ നിർവ്വചിക്കുന്നതിന് വിശദീകരണം 3 ചേർക്കുക.<br><br>d) മുകളിൽ സൂചിപ്പിച്ച ഇടപാടുകൾക്ക് ഇതിനകം അടച്ച നികുതി മടക്കിക്കൊടുക്കൽ ലഭ്യമാകില്ല എന്ന് വ്യക്തമാക്കുന്നതിന്. |
| **C ധനകാര്യ ബില്ലിലെ മറ്റു വ്യവസ്ഥകൾ** |
| **C.1 ചില സന്ദർഭങ്ങളിൽ സേവന നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ:**<br><br>കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് സ്കീം (WBCIS) , പരിഷ്കകിച്ച കാർഷിക ഇൻഷുറൻസ് സ്കീം (MNAIS), എന്നിവയ്ക്കു കീഴിലുള്ള ഇൻഷ്വറൻസ് സേവനങ്ങൾ വഴി ഇൻഷുറൻസ് കമ്പനികൾ നൽകുന്നതോ നൽകാൻ സമ്മതിച്ചതോ ആയ സേവനങ്ങളെ 2011 ഏപ്രിൽ 1 മുതൽ 2017 ജൂൺ 30 വരെയുള്ള കാലയളവിൽ നികുതിയിൽ നിന്നും ഒഴിവാക്കുന്നു. |

## D. കസ്റ്റംസ് ഡ്യൂട്ടി നിരക്കുകളിലെ മാറ്റം

D1. ഇൻപുട്ട് ചെലവുകൾ കുറയ്ക്കുന്നതിനും മൂല്യവർദ്ധന അധികരിക്കുന്നതിനും കയറ്റുമതി മത്സരക്ഷമത പ്രോത്സാഹിപ്പി ക്കുന്നതിനും വിപരീത നികുതി ഘടന നേരെയാക്കുന്നതിനും ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും [2.2.2025] മുതൽ കസ്റ്റംസ് തീരുവ കുറയ്ക്കൽ.

| സീരിയൽ നമ്പർ | ഉത്പന്നം | മുതൽ (ശതമാനം) | വരെ (ശതമാനം) |
|---|---|---|---|
| **I. മത്സ്യകൃഷിയും സമുദ്രോത്പന്ന കയറ്റുമതിയും** | | | |
| 1. | കയറ്റുമതിക്കായി ഫ്രോസൺ ഫിഷ് പേസ്റ്റിന്റെ (സുരിമി) അനുബന്ധ ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നതിന് | 30 | 5 |
| 2. | ജലജന്യ ജന്തുക്കൾക്കുള്ള തീറ്റയുടെ നിർമ്മാണത്തിനുള്ള ഫിഷ് ഹൈഡ്രോലൈസേറ്റ് | 15 | 5 |
| **II.** | **രാസവസ്തുക്കൾ** | | |
| 1. | താരിഫ് ഉപശീർഷകം 2933 59 പ്രകാരം തരംതിരിച്ചിരിക്കുന്ന മറ്റു സംയുക്തങ്ങളിൽ രാസ ഘടനയിൽ പിരിമിഡിൻ റിങ് (ഹൈഡ്രജനേറ്റ് ചെയ്താലും ഇല്ലെങ്കിലും) അല്ലെങ്കിൽ പൈപ്പെറസിൻ റിങ് അടങ്ങിയിരിക്കുന്ന സംയുക്തങ്ങൾ | 10 | 7.5 |
| 2. | താരിഫ് ഉപശീർഷകം 3302 10 പ്രകാരം തരംതിരിച്ചിരിക്കുന്ന ഭക്ഷ്യ പാനീയ വ്യവസായങ്ങളിൽ ഉപയോഗിക്കുന്ന ഗന്ധമുള്ള കൃത്രിമ ഫ്ലേവറിംഗ് വസ്തുക്കളും മിശ്രിതങ്ങളും | 100 | 20 |
| 3. | താരിഫ് ഉപശീർഷകം 3824 60 പ്രകാരം തരംതിരിച്ചിരിക്കുന്ന സോർബിറ്റോൾ | 30 | 20 |

| | | | |
|---|---|---|---|
| **III.** | **നിർണായക ധാതുക്കളുടെയും മറ്റുള്ളവയുടെയും മാലിന്യങ്ങളും അവശിഷ്ടങ്ങളും** | | |
| 1. | ആന്റിമണി, ബെറിലിയം, ബിസ്മത്ത്, കോബാൾട്ട്, കാഡ്മിയം, മോളിബ്ഡിനം, റീനിയം, ടാന്റലം, ടിൻ, ടങ്സ്റ്റൺ, സിർക്കോണിയം, കോപ്പർ എന്നിവയുടെ മാലിന്യങ്ങളും അവശിഷ്ടങ്ങളും 74040012, 74040019, 74040022 എന്നീ താരിഫ് ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | 10/5/2.5 | ഇല്ല |
| 2. | ലിഥിയം-അയൺ ബാറ്ററിയുടെ മാലിന്യങ്ങളും അവശിഷ്ടങ്ങളും | 5 | ഇല്ല |
| 3. | കോബാൾട്ട് പൊടി | 5 | ഇല്ല |
| 4. | ലെഡിന്റെ മാലിന്യങ്ങളും അവശിഷ്ടങ്ങളും | 5 | ഇല്ല |
| 5. | സിങ്കിന്റെ മാലിന്യങ്ങളും അവശിഷ്ടങ്ങളും | 5 | ഇല്ല |
| **IV.** | **മരുന്നുകളും ഔഷധങ്ങളും** | | |
| 1. | പട്ടിക 3 ൽ 6 മരുന്നുകളും അവയുടെ നിർമ്മാണത്തിനായി ബൽക്ക് മരുന്നുകളും ചേർക്കുന്നു | ബാധകമാകുന്നതു പോലെ | 5 |
| 2. | പട്ടിക 4 ൽ 36 മരുന്നുകളും അവയുടെ നിർമ്മാണത്തിനായി ബൽക്ക് മരുന്നുകളും ചേർക്കുന്നു | ബാധകമാകുന്നതു പോലെ | ഇല്ല |
| 3. | 37 മരുന്നുകളും രോഗികൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനായി ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ 13 രോഗി സഹായ പരിപാടികളും തീരുവ ഇല്ലാത്ത ഇറക്കുമതി പട്ടികയിൽ ചേർക്കുന്നു | ബാധകമാകുന്നതു പോലെ | ഇല്ല |
| **V.** | **വിലയേറിയ ലോഹങ്ങൾ** | | |
| 1. | പ്ലാറ്റിനം കണ്ടെത്തലുകൾ | 25 | 6.4 |

| | | | |
|---|---|---|---|
| | | | (5 BCD + 1.4 AIDC) |
| **VI.** | **ടെക്സ്റ്റൈൽ, കരകൗശല, തുകൽ മേഖല** | | |
| 1. | വെറ്റ് ബ്ലൂ തുകൽ | 10 | ഇല്ല |
| 2. | തുണി വ്യവസായത്തിൽ ഉപയോഗിക്കുന്നതിന് ഷട്ടിൽ-ലെസ് ലൂം റാപിയർ തറികൾ (മിനിറ്റിൽ 650 മീറ്ററിൽ താഴെ), ഷട്ടിൽ-ലെസ് ലൂം എയർ ജെറ്റ് തറികൾ (മിനിറ്റിൽ 1000 മീറ്ററിൽ താഴെ) | 7.5 | ഇല്ല |
| 3. | കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനായി യഥാർത്ഥ കയറ്റുമതിക്കാർ തീരുവരഹിതമായി ഇറക്കുമതി ചെയ്യുന്നതിനുള്ള ചില അധിക ഇനങ്ങൾ | ബാധകമാകുന്നതു പോലെ | ഇല്ല |
| **VII.** | **മൂലധന സാമഗ്രികൾ** | | |
| 1. | വൈദ്യുതവാഹനങ്ങളുടെ ലിഥിയം-അയൺ ബാറ്ററി നിർമ്മാണത്തിനായി 35 മൂലധന വസ്തുക്കളും/യന്ത്രങ്ങളും മൊബൈൽ ഫോണുകളുടെ ലിഥിയം-അയൺ ബാറ്ററി നിർമ്മാണത്തിനായി 28 മൂലധന വസ്തുക്കളും/യന്ത്രങ്ങളും കൂട്ടിച്ചേർക്കൽ | ബാധകമാകുന്നതു പോലെ | ഇല്ല |
| **VIII.** | **ഐടിയും ഇലക്ട്രോണിക്സും** | | |
| 1. | പിസിബിഎയുടെ ചേരുവകൾ/ഭാഗങ്ങൾ, ഉപഭാഗങ്ങൾ, ക്യാമറ മൊഡ്യൂൾ, കണക്ടറുകൾ, ചേരുവകൾ അല്ലെങ്കിൽ വയേഡ് ഹെഡ്സെറ്റ്, മൈക്രോഫോൺ, റിസീവർ, യുഎസ്ബി കേബിൾ, സെല്ലുലാർ മൊബൈൽ ഫോണിന്റെ വിരലടയാള റീഡർ/സെൻസർ എന്നിവയുടെ നിർമ്മാണത്തിൽ | 2.5 | ഇല്ല |

| | | | |
|---|---|---|---|
| | ഉപയോഗിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ | | |
| 2. | LED/LCD ടിവി പാനലുകളുടെ ഓപ്പൺ സെല്ലുകളുടെ നിർമ്മാണത്തിൽ ഉപയോഗിക്കുന്നതിനുള്ള നിർദ്ദിഷ്ട ചേരുവകൾ/ഭാഗങ്ങൾ (ചിപ്പ് ഓൺ ഫിലിം, PCBA, ഗ്ലാസ് ബോർഡ് / സബ്സ്ട്രേറ്റ് സെൽ) | 2.5 | ഇല്ല |
| 3. | ഈഥർനെറ്റ് സ്വിച്ച് കാരിയർ-ഗ്രേഡ് | 20 | 10 |
| 4. | ഇന്ററാക്ടീവ് ഫ്ലാറ്റ് പാനൽ ഡിസ്പ്ലേ മൊഡ്യൂൾ, ടച്ച് ഗ്ലാസ് ഷീറ്റ്, ടച്ച് സെൻസർ പിസിബി എന്നിവയ്ക്കായി ഇന്ററാക്ടീവ് ഫ്ലാറ്റ് പാനൽ ഡിസ്പ്ലേ മൊഡ്യൂളിന്റെ നിർമ്മാണത്തിനായി ഓപ്പൺ സെൽ (ടച്ച് ഉള്ളതോ അല്ലാത്തതോ), | 15/10 | 5 |
| **IX.** | **ബഹിരാകാശ മേഖല** | | |
| 1. | ഉപഗ്രഹങ്ങളുടെ ഭാഗങ്ങളും ഉപഭോഗവസ്തുക്കളും ഉൾപ്പെടെയുള്ള ഗ്രൗണ്ട് ഇൻസ്റ്റാളേഷൻ | ബാധകമാകുന്നതു പോലെ | ഇല്ല |
| 2. | വിക്ഷേപണ വാഹനങ്ങളുടെ നിർമ്മാണത്തിലും ഉപഗ്രഹങ്ങളുടെ വിക്ഷേപണത്തിലും ഉപയോഗിക്കുന്ന വസ്തുക്കൾ. | 5 | ഇല്ല |
| X. | മോട്ടോർ സൈക്കിളുകൾ | | |
| 1. | (i) എഞ്ചിൻ ശേഷി 1600 CC (CBU) കവിയരുത്<br>(ii) പകുതി കേടുപാടു സംഭവിച്ചത് (SKD)<br>(iii) പൂർണമായി തകർന്നത് (CKD) | 50<br>25<br>15 | 40<br>20<br>10 |

| | | | |
|---|---|---|---|
| 2 | (i) എഞ്ചിൻ ശേഷി 1600 CCയും അതിൽ കൂടുതലും (CBU)<br>(ii) പകുതി കേടുപാടു സംഭവിച്ചത് (SKD)<br>(iii) പൂർണമായി തകർന്നത് (CKD) | 50<br>25<br>15 | 30<br>20<br>10 |

**D.2. കസ്റ്റംസ് തീരുവയിലെ വർധന [02.02.2025 മുതൽ പ്രാബല്യത്തിൽ]**

| ക്രമനമ്പർ. | ചരക്ക് | തീരുവ നിരക്ക് | |
|---|---|---|---|
| | | മുതൽ (ശതമാനം) | വരെ (ശതമാനം) |
| **I.** | **ടെക്സ്റ്റൈൽസ്** | | |
| 1. | താരിഫ് ഇനങ്ങൾ 6004 10 00, 6004 90 00, 6006 22 00, 6006 31 00, 6006 32 00, 6006 33 00, 6006 34 00, 6006 42 00, 6006 90 00 എന്നിവയിൽ ഉൾപ്പെടുന്ന നെയ്ത തുണിത്തരങ്ങൾ | 10/20 | 20 അല്ലെങ്കിൽ കിലോഗ്രാമിന് 115 രൂപ, ഏതാണ് കൂടുതൽ എന്നു നോക്കി |
| **II** | **ഇലക്ട്രോണിക്സ്** | | |
| 1 | താരിഫ് ഇനം 8528 59 00 പ്രകാരം തരംതിരിച്ചിരിക്കുന്ന ഇന്ററാക്ടീവ് ഫ്ലാറ്റ് പാനൽ ഡിസ്പ്ലേ (CBU) | 10 | 20 |

**D.3. പ്രാബല്യത്തിലുള്ള നിരക്കിൽ മാറ്റമില്ലാതെ താരിഫ് നിരക്കിൽ കുറവ് [02.02.2025 മുതൽ പ്രാബല്യത്തിൽ]**

| ക്രമ നമ്പർ. | ചരക്ക് | തീരുവ നിരക്ക് | |
|---|---|---|---|
| | | മുതൽ (ശതമാനം) | വരെ (ശതമാനം) |

| | | | |
|---|---|---|---|
| 1. | ഗ്ലിസറോൾ ക്രൂഡ്, ഗ്ലിസറോൾ വാട്ടർ, ഗ്ലിസറോൾ ലൈ എന്നിവ താരിഫ് ഇനമായ 1520 00 00 പരിധിയിൽ വരുന്നു. | 30 | 20 |
| 2. | ഫോസ്ഫോറിക് ആസിഡ് | 20 | 7.5 |
| 3. | മറ്റുള്ളവ - താരിഫ് ഇനം 3824 99 00 17.5 7.5 പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള രാസ അല്ലെങ്കിൽ അനുബന്ധ വ്യവസായങ്ങളുടെ തയ്യാറാക്കിയ ബൈൻഡറുകൾ, രാസ ഉൽപ്പന്നങ്ങൾ, മിശ്രിതങ്ങൾ. | 17.5 | 7.5 |
| 4. | മാർബിൾ, ട്രാവെർട്ടൈൻ, ഗ്രാനൈറ്റ്, അസംസ്കൃത വസ്തുക്കൾ അല്ലെങ്കിൽ ബ്ലോക്കുകൾ, സ്ലാബുകൾ, മറ്റുള്ളവ എന്നിവയായി മുറിച്ചത് (താരിഫ് ഉപശീർഷകം 2515 12 ഉം, 2525 11 00, 2516 11 00, 2516 12 00 താരിഫ് ഇനങ്ങളും) | 40 | 20<br>(+20 AIDC) |
| 5. | മെഴുകുതിരികൾ, ടേപ്പറുകൾ തുടങ്ങിയവ 3406 എന്ന താരിഫ് ശീർഷകത്തിൽ ഉൾപ്പെടുന്നു | 25<br>(+2.5 SWS) | 20<br>(+7.5 AIDC) |
| 6. | മറ്റ് റഫറൻസ് വസ്തുക്കൾ | 30 | 10 |
| 7. | PVC ഫ്ലെക്സ് ബാനർ, PVC ഫ്ലെക്സ് ഷീറ്റുകൾ എന്നിവയുൾപ്പെടെയുള്ള PVC ഫ്ലെക്സ് ഫിലിമുകൾ (താരിഫ് ശീർഷകം 3920, 3921) | 25<br>(+2.5 SWS) | 20<br>(+7.5 AIDC) |
| 8. | താരിഫ് ശീർഷകം 6401 മുതൽ 6405 വരെയുള്ള പാദരക്ഷകൾ | 35<br>(+3.5 SWS) | 20<br>(+18.5 AIDC) |

| | | | |
|---|---|---|---|
| 9. | 6802 99 00 40 20 ഒഴികെ 6802 എന്ന ശീർഷകത്തിന് കീഴിലുള്ള സ്മാരകങ്ങൾ നിർമിക്കുന്ന സാമഗ്രികൾ അല്ലെങ്കിൽ കെട്ടിടങ്ങളുടെ കല്ലും സാമഗ്രികളും | 40 | 20 |
| 10 | മാർബിൾ സ്ലാബുകൾ താരിഫ് ഇനങ്ങൾ 6802 10 00 , 6802 21 10 , 6802 21 20 , 6802 21 90 , 6802 91 00, 6802 92 00 40 20 എന്നിവ പ്രകാരം തരംതിരിച്ചിരിക്കുന്നു | 40 | 20<br>(+20 AIDC) |
| 11. | 0.5 മില്ലിമീറ്ററിൽ താഴെ കനമുള്ള OTS/MR തരത്തിലുള്ള - നേർത്ത ചുരുളുകളാക്കിയ ഉൽപ്പന്നങ്ങൾ | 27.5 | 15 |
| 12. | 0.5 മില്ലിമീറ്ററിൽ താഴെ കനമുള്ള മറ്റ് പ്ലേറ്റുകൾ, ഷീറ്റുകൾ, സ്ട്രിപ്പുകൾ | 27.5 | 15 |
| 13. | 4.75 മില്ലീമീറ്ററിൽ കൂടുതലോ തുല്യമോ ആയ കട്ടിയുള്ളതും എന്നാൽ 10 മില്ലീമീറ്ററിൽ കൂടാത്തതുമായ കോയിലുകളിലെ നേർത്ത ചുരുളുകളാക്കിയ ഉൽപ്പന്നങ്ങൾ | 22.5 | 15 |
| 14. | 3 മില്ലീമീറ്ററിൽ കൂടുതലോ തുല്യമോ എന്നാൽ 4.75 മില്ലീമീറ്ററിൽ കുറവോ കട്ടിയുള്ള കോയിലുകളിലെ നേർത്ത ചുരുളുകളാക്കിയ ഉൽപ്പന്നങ്ങൾ | 22.5 | 15 |
| 15. | 600 മില്ലീമീറ്ററോ അതിൽ കൂടുതലോ വീതിയുള്ള സ്റ്റെയിൻലെസ് സ്റ്റീലിന്റെ നേർത്ത ചുരുളുകളാക്കിയ ഉൽപ്പന്നങ്ങൾ - മറ്റ് നിക്കൽ ക്രോം ഓസ്റ്റെനിറ്റിക് തരങ്ങൾ | 22.5 | 15 |

| | | | |
|---|---|---|---|
| 16. | 600 മില്ലീമീറ്ററോ അതിൽ കൂടുതലോ വീതിയുള്ള സ്റ്റെയിൻലെസ് സ്റ്റീലിന്റെ നേർത്ത ചുരുളുകളാക്കിയ ഉൽപ്പന്നങ്ങൾ - മറ്റ് ഷീറ്റുകളും പ്ലേറ്റുകളും | 22.5 | 15 |
| 17. | ഗ്രെയിൻ ഓറിയന്റഡ് അലോയ് ഉരുക്കിന്റെ നേർത്ത ചുരുളുകളാക്കിയ മറ്റു ഉൽപ്പന്നങ്ങൾ | 20 | 15 |
| 18. | ഉരുക്കിന്റെ മറ്റ് ട്യൂബുകൾ അല്ലെങ്കിൽ പൈപ്പ് ഫിറ്റിംഗുകൾ | 25 | 15 |
| 19. | ഇരുമ്പിന്റെയോ സ്റ്റീലിന്റെയോ മറ്റ് ഫിറ്റിംഗുകൾ, ഗാൽവനൈസ് ചെയ്യാത്തത് | 25 | 15 |
| 20. | ഇരുമ്പിന്റെയും ഉരുക്കിന്റെയും മറ്റ് ഘടനയും ഭാഗങ്ങളും | 25 | 15 |
| 21. | മറ്റുള്ളവ - ടാങ്കുകളും ഡ്രമ്മുകളും മുതലായവ | 25 | 15 |
| 22. | നട്ടുകളുള്ള മറ്റ് സ്ക്രൂകളും ബോൾട്ടുകളും | 25 | 15 |
| 23. | ത്രെഡ് ചെയ്ത നട്ടുകൾ | 25 | 15 |
| 24. | ത്രെഡ് ചെയ്യാത്ത മറ്റ് വസ്തുക്കൾ | 25 | 15 |
| 25. | ഇരുമ്പ്/ഉരുക്ക് കൊണ്ടുള്ള മറ്റുള്ള സ്പ്രിംഗുകളും ലീവ്സും | 25 | 15 |
| 26. | ഇരുമ്പ് അല്ലെങ്കിൽ ഉരുക്ക് കൊണ്ടുള്ള മറ്റ് വാർപ്പ് വസ്തുക്കൾ | 25 | 15 |
| 27. | ഉറപ്പ് കൂട്ടിയതോ സ്റ്റാമ്പ് ചെയ്തതോ എന്നാൽ കൂടുതൽ മറ്റു പ്രവർത്തനങ്ങൾ ചെയ്യാത്തതോ ആയ വസ്തുക്കൾ | 25 | 15 |

| | | | |
|---|---|---|---|
| 28. | ഇരുമ്പ്/ഉരുക്ക് കൊണ്ടുള്ള മറ്റ് എല്ലാ വസ്തുക്കളും | 25 | 15 |
| 29. | താരിഫ് ശീർഷകം 8541 പ്രകാരം വരുന്ന സൗരോർജ സെല്ലുകൾ | 25<br>(+2.5 SWS) | 20<br>(+7.5 AIDC) |
| 30. | സ്റ്റേഷൻ വാഗണുകളും റേസിംഗ് കാറുകളും ഉൾപ്പെടെ ആളുകളുടെ ഗതാഗതത്തിനായി പ്രധാനമായും രൂപകൽപ്പന ചെയ്തിട്ടുള്ള മോട്ടോർ കാറുകളും മറ്റ് മോട്ടോർ വാഹനങ്ങളും, താരിഫ് ശീർഷകം 8703 >USD 40000 (താരിഫ് നിരക്ക്) | 125 (താരിഫ് നിരക്ക്)<br>100 BCD + 10 SWS (പ്രതിഫലന നിരക്ക്) | 70 (താരിഫ് നിരക്ക്)<br>70+ 40 AIDC (പ്രതിഫലന നിരക്ക്) |
| 31. | സ്റ്റേഷൻ വാഗണുകളും റേസിംഗ് കാറുകളും ഉൾപ്പെടെ ആളുകളുടെ ഗതാഗതത്തിനായി പ്രധാനമായും രൂപകൽപ്പന ചെയ്തിട്ടുള്ള ഉപയോഗിച്ച മോട്ടോർ കാറുകളും മറ്റ് മോട്ടോർ വാഹനങ്ങളും, താരിഫ് ശീർഷകം 8703 | 125 (താരിഫ്)<br>125 BCD + 12.5 SWS<br>(പ്രതിഫലന നിരക്ക്) | 70 (താരിഫ്)<br>70+ 67.5 AIDC<br>(പ്രതിഫലന നിരക്ക്) |
| 32. | 8711 എന്ന താരിഫ് ശീർഷകത്തിന് കീഴിൽ സൈഡ് കാറുകൾ ഉള്ളതോ അല്ലാതെയോ, ഓക്സിലറി മോട്ടോർ ഘടിപ്പിച്ച മോട്ടോർ സൈക്കിളുകളും (മോപ്പഡുകൾ ഉൾപ്പെടെ) സൈക്കിളുകളും | 100 (താരിഫ്)<br>(പ്രതിഫലന നിരക്കിൽ മാറ്റമില്ല) | 70(താരിഫ്)<br>(പ്രതിഫലന നിരക്കിൽ മാറ്റമില്ല) |
| 33. | 8711 (താരിഫ്) എന്ന താരിഫ് തലക്കെട്ടിന് കീഴിൽ സൈഡ് കാറുകൾ ഉള്ളതോ ഇല്ലാത്തതോ ആയ ഓക്സിലറി മോട്ടോർ ഘടിപ്പിച്ച ഉപയോഗിച്ച മോട്ടോർ സൈക്കിളുകൾ (മോപ്പഡുകൾ ഉൾപ്പെടെ) | 100 (താരിഫ്)<br>100 BCD +10 SWS<br>(പ്രതിഫലന നിരക്ക്) | 70 (താരിഫ്)<br>70+ 40 AIDC<br>(പ്രതിഫലന നിരക്ക്) |

| | | | |
|---|---|---|---|
| 34. | താരിഫ് ഇനം 8712 00 10 പ്രകാരമുള്ള സൈക്കിളുകൾ | 35 | 20<br>(+15 AIDC) |
| 35. | താരിഫ് ശീർഷസം 8903-ന് കീഴിൽ വരുന്ന, ഉല്ലാസത്തിനോ കായിക വിനോദത്തിനോ വേണ്ടിയുള്ള യാച്ചുകളും മറ്റ് കപ്പലുകളും; റോയിംഗ് ബോട്ടുകളും കനോകളും | 25<br>(+2.5 SWS) | 20<br>(+7.5 AIDC) |
| 36 | താരിഫ് ഇനം 9028 30 10 പ്രകാരം ആൾട്ടർനേറ്റിംഗ് കറന്റി (സ്മാർട്ട് മീറ്ററുകൾ)നായുള്ള ഇലക്ട്രിസിറ്റി മീറ്ററുകൾ | 25<br>(+2.5 SWS) | 20<br>(+7.5 AIDC) |
| 37 | ഇലക്ട്രോണിക് കളിപ്പാട്ടങ്ങളുടെ നിർമ്മാണത്തിനായി താരിഫ് ഇനം 9503 00 91 പ്രകാരം ഇലക്ട്രോണിക് കളിപ്പാട്ടങ്ങളുടെ ഭാഗങ്ങൾ. | 25 BCD + 2.5 SWS | 20 BCD+ 7.5 AIDC |

**D.4. പ്രതിഫലന നിരക്കിലെ കുറവോടെയുള്ള താരിഫ് നിരക്കിലെ കുറവ് [02.02.2025 മുതൽ പ്രാബല്യത്തിൽ]**

| | ചരക്ക് | തീരുവ നിരക്ക് | |
|---|---|---|---|
| | | മുതൽ (ശതമാനം) | വരെ (ശതമാനം) |
| 1. | ഭക്ഷ്യപാനീയ വ്യവസായത്തിൽ ഉപയോഗിക്കുന്നതിന് സിന്തറ്റിക് ഫ്ലേവറിംഗ് സത്തകളും മണമുള്ള വസ്തുക്കളുടെ മിശ്രിതങ്ങളും | 100 | 20<br>(+2 SWS) |
| 2. | താരിഫ് ഉപശീർഷകം 3824 60 നു കീഴിലുള്ള സോർബിറ്റോൾ | 30<br>(+3 SWS) | 20<br>(+2 SWS) |

| | ഉല്പന്നം | നികുതി നിരക്ക് | |
|---|---|---|---|
| | | നേരത്തെ (ശതമാനം) | ഇപ്പോൾ (ശതമാനം) |
| 3. | തീരുവപ്പട്ടികയിലെ 7113-ാം ശീർഷക പ്രകാരം ആഭരണ സാമഗ്രികളും അവയുടെ ഭാഗങ്ങളും; തീരുവപ്പട്ടികയിലെ 7114-ാം ശീർഷക പ്രകാരം സ്വർണ്ണപ്പണിക്കാരുടെയോ വെള്ളിപ്പണിക്കാരുടെയോ ഉരുപ്പടികളും അവയുടെ ഭാഗങ്ങളും | 25 | 20 |
| 4. | തീരുവപ്പട്ടികയിലെ 8541-ാം ശീർഷകത്തിന് കീഴിലെ സൗരോർജവുമായി ബന്ധപ്പെട്ട ഘടകങ്ങൾ | 40 (+4 SWS ) | 20 (+20 AIDC) |
| 5. | തീരുവപ്പട്ടികയിലെ 8702-ാം ശീർഷകത്തിൽ ഉൾപ്പെടുന്ന വാഹനങ്ങൾ (യാത്രാവശ്യത്തിനുള്ളത്) | 40 (+4 SWS) | 20 (+20 AIDC) |
| 6. | തീരുവപ്പട്ടികയിലെ 8704-ാം ശീർഷകത്തിൽ ഉൾപ്പെടുന്ന വാഹനങ്ങൾ (ചരക്കുനീക്കത്തിനുള്ളത്) | 40 (+4 SWS) | 20 (+20 AIDC) |
| 7. | സീറ്റുകൾ (ശീർഷകം 9402 ഒഴികെ) കിടക്കകളായി മാറ്റാവുന്നതോ അല്ലാത്തതോ ആയവ, തീരുവപ്പട്ടികയിലെ 9401-ാം ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അതിന്റെ ഭാഗങ്ങൾ. | 25 (+2.5 SWS) | 20 (+5 AIDC) |

| | | | |
|---|---|---|---|
| 8. | തീരുവപ്പട്ടികയിലെ 9403-ാം ശീർഷകത്തിൽ ഉൾപ്പെടുന്ന മറ്റ് ഫർണിച്ചറുകളും അവയുടെ ഭാഗങ്ങളും | 25 (+2.5 SWS) | 20 (+5 AIDC) |
| 9. | തീരുവപ്പട്ടികയിലെ 9405-ാം ശീർഷകത്തിന് കീഴിൽ വരുന്ന മെത്തയുടെ ഭാഗങ്ങൾ, കിടക്ക സാമഗ്രികൾ, സമാനമായ അലങ്കാര വസ്തുക്കൾ തുടങ്ങിയവ. | 25 (+2.5 SWS) | 20 (+5 AIDC) |
| 10. | തിരച്ചിലിന് ഉപയോഗിക്കുന്ന വൈദ്യുതിവിളക്കുകൾ, സ്പോട്ട്ലൈറ്റുകൾ, അവയുടെ ഭാഗങ്ങൾ എന്നിവയടക്കം വൈദ്യുതി വിളക്കുകളും അവയുടെ ക്രമീകരണ സാമഗ്രികളും | 25 (+2.5 SWS) | 20 (+5 AIDC) |
| 11. | തീരുവപ്പട്ടികയിലെ ഇനം 9503 00 91 പ്രകാരം വൈദ്യുതി കളിപ്പാട്ടങ്ങളുടെ ഭാഗങ്ങൾ | 70 | 20 (+20 AIDC) |
| 12. | തീരുവപ്പട്ടികയിലെ 9802 00 00 എന്ന ഇനത്തിന് കീഴിലെ ലബോറട്ടറി രാസപദാർത്ഥങ്ങൾ (നിർദ്ദിഷ്ട അന്തിമ ഉപയോഗത്തിൽ 10% അടിസ്ഥാന കസ്റ്റംസ് തീരുവ ബാധകമായവ ഒഴികെ) | 150 (+ 15 SWS) | 70 (+ 70 AIDC) |
| 13. | തീരുവപ്പട്ടികയിലെ 9803-ാം ശീർഷകത്തിന് കീഴിൽ, ഒരു യാത്രക്കാരനോ ജീവനക്കാരിലൊരംഗമോ തന്റെ ബാഗേജിൽ കൊണ്ടുവരുന്ന തീരുവ ബാധകമായ എല്ലാ വസ്തുക്കളും. | 100 (നികുതി നിരക്ക്)<br>35+ 3.5 SWS (യഥാർത്ഥ | 70 (നികുതി നിരക്ക്)<br>35 (യഥാർത്ഥ നിരക്ക്)) |

| | | | |
|---|---|---|---|
| | | നിരക്ക്) | |
| 14. | 10% അടിസ്ഥാന കസ്റ്റംസ് തീരുവ ഒഴികെ തീരുവപ്പട്ടികയിലെ 9804-ാം ശീർഷകത്തിൽ പട്ടികപ്പെടുത്തിയ വ്യക്തിഗത ഉപയോഗത്തിനായി കൊണ്ടുവരുന്ന തീരുവ ചുമത്താവുന്ന സാധനങ്ങൾ. | 35 (+ 3.5 SWS) | 20 |

**E. തുകലിന്റെ കയറ്റുമതി തീരുവ [2.2.2025 മുതൽ പ്രാബല്യത്തിൽ]**

| Sl. No. | ഉല്പന്നം | നികുതി നിരക്ക് | |
|---|---|---|---|
| | | നേരത്തെ (ശതമാനം) | ഇപ്പോൾ (ശതമാനം) |
| 1 | പുറംതോട് തുകൽ (ചർമവും തൊലികളും) | 20 | 0 |

**F. വ്യാപാരം സുഗമമാക്കുന്ന നടപടികൾ**

**F.1. കരകൗശല വസ്തുക്കളുടെ കയറ്റുമതി സമയപരിധിയിൽ വർധന**

അംഗീകൃത കയറ്റുമതിക്കാർ നികുതിരഹിത സാമഗ്രികൾ ഉപയോഗിച്ച് നിർമിക്കുന്ന കരകൗശല വസ്തുക്കളുടെ കയറ്റുമതി സമയപരിധി 6 മാസത്തിൽ നിന്ന് ഒരു വർഷമായി വർധിപ്പിക്കുന്നു. ഇത് 3 മാസം കൂടി നീട്ടാം.

**F.2. ലാബിൽ ഉല്പാദിപ്പിക്കുന്ന വജ്രങ്ങളുടെ നിർമാണത്തിന് വജ്രവിത്ത് ഇറക്കുമതി ചെയ്യുന്നതിന് നികുതി നീക്കം ചെയ്യൽ (ഇളവുവരുത്തിയ നികുതിനിരക്കിലോ പ്രത്യേക ഉപയോഗത്തിനായോ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള )**

**നിയമങ്ങൾ 2022 (IGCR)**

ലാബിൽ ഉല്പാദിപ്പിക്കുന്ന വജ്രത്തിന്റെ നിർമാണത്തിന് വജ്രവിത്തുകൾ ഇറക്കുമതി ചെയ്യുന്നതിനുള്ള കസ്റ്റംസ് തീരുവ ഇളവ് സംബന്ധിച്ച IGCR വ്യവസ്ഥ നീക്കം ചെയ്യുന്നു.

**F.3. കയറ്റുമതി സമയപരിധി നീട്ടൽ**

അറ്റകുറ്റപ്പണികൾക്കായി ഇറക്കുമതി ചെയ്യുന്ന വിദേശ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സമയപരിധി 6 മാസത്തിൽ നിന്ന് ഒരു വർഷത്തേക്ക് നീട്ടുന്നു. റെയിൽവേ സാധനങ്ങൾക്ക് ഈ കാലപരിധി ഒരു വർഷം കൂടി നീട്ടി നൽകാം.

**F.4. കസ്റ്റംസ് ഭേദഗതി (ഇളവുവരുത്തിയ നികുതി നിരക്കിലോ നിർദിഷ്ട ഉപയോഗത്തിനായോ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ) നിയമങ്ങൾ, 2022**

അന്തിമ ഉപയോഗം പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി നിലവിലെ ആറ് മാസത്തിൽ നിന്ന് ഒരു വർഷമായി വർധിപ്പിക്കുന്നതിനും പ്രതിമാസ പ്രസ്താവനയ്ക്ക് പകരം ത്രൈമാസ പ്രസ്താവന മാത്രം സമർപ്പിക്കുന്നതിനുമായി 6, 7 നിയമങ്ങൾ ഭേദഗതി ചെയ്യുന്നു.

*കുറിപ്പ്: AIDC - കാർഷിക അടിസ്ഥാന സൗകര്യ വികസന സെസ്; SWS - സാമൂഹ്യക്ഷേമ തീരുവ*

## G. മറ്റുള്ളവ

മറ്റ് ഏതാനും ചെറിയ മാറ്റങ്ങൾകൂടിയുണ്ട്. ബജറ്റ് നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾക്കായി വിശദീകരണ കുറിപ്പുകളും മറ്റ് പ്രസക്ത ബജറ്റ് രേഖകളും പരിശോധിക്കാവുന്നതാണ്.

## ഭാഗം ബിയി-ലേക്കുള്ള അനുബന്ധം

## പ്രത്യക്ഷ നികുതികളുമായി ബന്ധപ്പെട്ട ഭേദഗതികൾ

**(i) മധ്യവർഗത്തിൽ പ്രത്യേക ശ്രദ്ധകേന്ദ്രീകരിക്കുന്ന വ്യക്തിഗത ആദായനികുതി പരിഷ്കാരങ്ങൾ**

1. പുതിയ നികുതി വ്യവസ്ഥയിലെ പുതുക്കിയ നികുതി സ്ലാബുകളും നിരക്കുകളും താഴെ നൽകിയിരിക്കുന്ന വിധം ഉൾപ്പെടുത്തുന്നതിലൂടെ ഗണ്യമായ ആശ്വാസം പകരാനുദ്ദേശിക്കുന്നു.

| **ആകെ വരുമാനം** | **നികുതി നിരക്ക്** |
|---|---|
| 4,00,000 വരെ | നികുതിയില്ല |
| 4,00,001 മുതൽ 8,00,000 വരെ | 5 ശതമാനം |
| 8,00,001 മുതൽ 12,00,000 | 10 ശതമാനം |
| 12,00,001 മുതൽ 16,00,000 | 15 ശതമാനം |
| 16,00,001 മുതൽ 20,00,000 | 20 ശതമാനം |
| 20,00,001 മുതൽ 24,00,000 | 25 ശതമാനം |
| 24,00,000 ത്തിന് മുകളിൽ | 30 ശതമാനം |

**2. ആദായ നികുതിയിലെ ഇളവ്**

- നവ നികുതി വ്യവസ്ഥ പ്രകാരം നികുതിയിളവ് ലഭിക്കുന്നതിനാൽ, 7,00,000 രൂപ വരെ ആകെ വരുമാനമുള്ള സ്ഥിര താമസക്കാർ നികുതി അടയ്ക്കേണ്ടതില്ല. പുതിയ വ്യവസ്ഥ പ്രകാരം സ്ഥിര താമസക്കാർക്ക് 12,00,000 രൂപ വരെ ആകെ വരുമാനമുണ്ടെങ്കിൽ നികുതി അടയ്ക്കേണ്ടതില്ലാത്ത വിധം നികുതിയിളവ് വർധിപ്പിക്കാൻ നിർദ്ദേശിക്കുന്നു. നവ നികുതി വ്യവസ്ഥയിൽ നേരത്തെ നൽകിയിരുന്നതുപോലെ നേരിയ വ്യത്യാസത്തിനുള്ള ഇളവ് 12,00,000 രൂപയിൽ കൂടുതലുള്ള വരുമാനത്തിനും ബാധകമാണ്.
- **നികുതി ആനുകൂല്യം കണക്കാക്കുന്നതിനുള്ള ചില ഉദാഹരണങ്ങൾ താഴെ നൽകിയിരിക്കുന്നു:**

| വരുമാനം | നികുതി സ്ലാബുകളും നിരക്കും | | പ്രയോജനം | നികുതിയിളവിന്റെ പ്രയോജനം | ആകെ പ്രയോജനം | നികുതിയിളവിന് ശേഷം അടക്കേണ്ട നികുതി |
|---|---|---|---|---|---|---|
| | നിലവിൽ | നിർദേശി ക്കപ്പെട്ടത് | നിരക്ക് /സ്ലാബ് | 12 ലക്ഷം രൂപ വരെ മുഴുവൻ | | |
| 8 ലക്ഷം | 30,000 | 20,000 | 10,000 | 20,000 | 30,000 | 0 |
| 9 ലക്ഷം | 40,000 | 30,000 | 10,000 | 30,000 | 40,000 | 0 |
| 10 ലക്ഷം | 50,000 | 40,000 | 10,000 | 40,000 | 50,000 | 0 |
| 11 ലക്ഷം | 65,000 | 50,000 | 15,000 | 50,000 | 65,000 | 0 |
| 12 ലക്ഷം | 80,000 | 60,000 | 20,000 | 60,000 | 80,000 | 0 |
| 16 ലക്ഷം | 1,70,000 | 1,20,000 | 50,000 | 0 | 50,000 | 1,20,000 |
| 20 ലക്ഷം | 2,90,000 | 2,00,000 | 90,000 | 0 | 90,000 | 2,00,000 |
| 24 ലക്ഷം | 4,10,000 | 3,00,000 | 1,10,000 | 0 | 1,10,000 | 3,00,000 |
| 50 ലക്ഷം | 11,90,000 | 10,80,000 | 1,10,000 | 0 | 1,10,000 | 10,80,000 |

**(ii) ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ടിഡിഎസ്/ടിസിഎസ് യുക്തിസഹമാക്കൽ**

**1. യുക്തിസഹമായി ഉറവിടത്തിൽ നിന്ന് കുറയ്ക്കുന്ന നികുതിയുടെയും (TDS) ഉറവിടത്തിൽ നിന്ന് ശേഖരിക്കുന്ന നികുതിയുടെയും (TCS) നിരക്കുകൾ:**

നിരക്കുകളുടെ ബാഹുല്യവും അനുവർത്തന ഭാരവും കുറയ്ക്കുന്നതിന് ചില വിഭാഗങ്ങളിലെ ഏതാനും ടിഡിഎസ്, ടിസിഎസ് നിരക്കുകൾ താഴെ പറയുന്ന തരത്തിൽ കുറയ്ക്കാൻ നിർദ്ദേശിക്കുന്നു:

| ക്രമ നമ്പർ | നിയമത്തിലെ വിഭാഗം | നിലവിലെ ടിഡിഎസ്/ ടിസിഎസ് നിരക്ക് | നിർദേശിക്കപ്പെട്ട ടിഡിഎസ്/ ടിസിഎസ് നിരക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| 1. | സെക്ഷൻ 194LBC - സെക്യൂരറ്റൈസേഷൻ ട്രസ്റ്റിലെ നിക്ഷേപവുമായി ബന്ധപ്പെട്ട വരുമാനം. | പണം സ്വീകരിക്കുന്നത് വ്യക്തിയോ ഹിന്ദു അവിഭജിത കുടുംബമോ എങ്കിൽ 25% അല്ലെങ്കിൽ 30% | 10% |
| 2. | സെക്ഷൻ 206C യുടെ ഉപവകുപ്പ് (1) (i) വനമേഖലയിലെ പാട്ടത്തിനു കീഴിൽ ലഭിച്ച തടിയിലെയോ മറ്റേതെങ്കിലും വന ഉൽപ്പന്നങ്ങളിലെയോ ( ടെൻഡു ഇലകൾ അല്ലാത്തത്) ടിസിഎസ്<br>(ii) വന പാട്ടത്തിനു കീഴിലല്ലാതെ മറ്റേതെങ്കിലും രീതിയിൽ ലഭിച്ച തടിയിലെ ടിസിഎസ്. | 2.5% | 2% |
| 3. | സെക്ഷൻ 206C യുടെ ഉപവകുപ്പ് (1G) - വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി LRS-ന് കീഴിൽ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ ഉപയോഗിച്ച് പണമടയ്ക്കുന്നതുമായി ബന്ധപ്പെട്ട TCS | 7 ലക്ഷത്തിന് ശേഷം 0.5% | ഇല്ല |

- താഴെപ്പറയുന്ന ചില വകുപ്പുകൾ പ്രകാരം ഉറവിടത്തിൽനിന്ന് നികുതി കുറയ്ക്കുന്നതിനോ ഉറവിടത്തിൽനിന്ന് നികുതി പിരിക്കുന്നതിനോ വേണ്ടി ചില പരിധികൾ വർധിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു:

| ക്രമ നമ്പർ | നിയമത്തിലെ വിഭാഗം | നിലവിലെ ടിഡിഎസ്/ ടിസിഎസ് നിരക്ക് | നിർദേശിക്കപ്പെട്ട ടിഡിഎസ്/ ടിസിഎസ് നിരക്ക് |
|---|---|---|---|
| 1. | 193 - പണയപ്പലിശ | ഇല്ല | 10,000/- |
| 2. | 194A - പണയപ്പലിശ ഒഴികെയുള്ള പലിശ | (i) മുതിർന്ന പൗരന്മാർക്ക് 50,000/-<br>(ii) മറ്റുള്ളവർക്ക് 40,000/-<br>പണമടയ്ക്കുന്നത് ബാങ്ക്, സഹകരണ സംഘം, പോസ്റ്റ് ഓഫീസ് എന്നിവയാണെങ്കിൽ<br>(iii) മറ്റ് സാഹചര്യങ്ങളിൽ 5,000/- | (i) മുതിർന്ന പൗരന്മാർക്ക് 1,00,000/-<br>(ii) മറ്റുള്ളവരുടെ കാര്യത്തിൽ 50,000/-<br>പണമടയ്ക്കുന്നയാൾ ബാങ്ക്, സഹകരണ സംഘം, പോസ്റ്റ് ഓഫീസ് എന്നിവയാണെങ്കിൽ<br>(iii) മറ്റ് സാഹചര്യങ്ങളിൽ 10,000/- |
| 3. | 194 -, ഒരു വ്യക്തിഗത ഓഹരി ഉടമയ്ക്കുള്ള ലാഭവിഹിതം | 5,000/- | 10,000/- |
| 4. | 194K - ഒരു മ്യൂച്വൽ ഫണ്ടിന്റെയോ നിർദിഷ്ട കമ്പനിയുടെയോ സ്ഥാപനത്തിന്റെയോ ഓഹരികളുമായി ബന്ധപ്പെട്ട വരുമാനം | 5,000/- | 10,000/- |
| 5. | 194B - ലോട്ടറി, പദപ്രശ്നം മുതലായവയിലെ സമ്മാനത്തുകകൾ | സാമ്പത്തിക വർഷം 10,000/- കവിയുന്ന തുകകളുടെ ആകെത്തുക | ഒരു പണമിടപാടിന് 10,000/- രൂപ |

| | | | |
|---|---|---|---|
| 6. | 194BB - കുതിരപ്പന്തയത്തിലെ വിജയം | | |
| 7. | 194D - ഇൻഷുറൻസ് കമ്മീഷൻ | 15,000/- | 20,000/- |
| 8. | 194G - ലോട്ടറി ടിക്കറ്റുകളിൽ പ്രതിഫലം, സമ്മാനം മുതലായവ വഴിയുള്ള വരുമാനം. | 15,000/- | 20,000/- |
| 9. | 194H - കമ്മീഷൻ തുക അല്ലെങ്കിൽ ദല്ലാൾ പ്രതിഫലം | 15,000/- | 20,000/- |
| 10. | 194-I വാടക | സാമ്പത്തിക വർഷം 2,40,000/- രൂപ | പ്രതിമാസമോ മാസത്തിൽ ഒരു നിശ്ചിതത കാലയളവിലേക്കോ 50,000/- |
| 11. | 194J - തൊഴിൽപരമോ സാങ്കേതികമോ ആയ സേവനങ്ങളുടെ നിരക്ക് | 30,000/- | 50,000/- |
| 12. | 194LA - വർധിത നഷ്ടപരിഹാരം വഴിയുള്ള വരുമാനം | 2,50,000/- | 5,00,000/- |
| 13. | 206C(1G) - LRS പ്രകാരം പണമടയ്ക്കൽ, വിദേശ വിനോദസഞ്ചാര പാക്കേജ് | 7,00,000/- | 10,00,000/- |

**(iii) സ്വമേധയാ വഴങ്ങുന്നത് പ്രോത്സാഹിപ്പിക്കൽ**

**1. പുതുക്കിയ റിട്ടേൺ ഫയൽ ചെയ്യുന്നതിന് സമയപരിധി നീട്ടുന്നു:**

- പുതുക്കിയ റിട്ടേൺ ഫയൽ ചെയ്യുന്നതിന് സമയപരിധി നിലവിലുള്ള 24 മാസത്തിൽ നിന്ന് ബന്ധപ്പെട്ട ആദായനിർണയ വർഷത്തിന്റെ അവസാനം മുതൽ 48 മാസമായി നീട്ടാൻ നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട ആദായനിർണയ വർഷത്തിന്റെ അവസാനം തുടങ്ങി 24 മുതൽ 36 മാസം വരെ കാലയളവിൽ പുതുക്കിയ റിട്ടേൺ സമർപ്പിക്കുമ്പോൾ അധിക വരുമാനത്തിന് നൽകേണ്ട നികുതിയുടെയും പലിശയുടെയും ആകെത്തുകയുടെ 60% അധിക നികുതിയായി നൽകേണ്ടതാണ്.

ആദായനിർണയ വർഷത്തിന്റെ അവസാനമാസത്തിന് ശേഷം 36 മുതൽ 48 മാസം വരെ കാലയളവിൽ ചില നിബന്ധനകൾക്ക് വിധേയമായി പുതുക്കിയ റിട്ടേൺ സമർപ്പിക്കുമ്പോൾ 70% അധിക നികുതി നൽകേണ്ടതാണ്.

**2. ക്രിപ്റ്റോ-സ്വത്തുവകകളുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാനുള്ള ബാധ്യത:**

- ക്രിപ്റ്റോ സ്വത്തുവകകളുമായി ബന്ധപ്പെട്ട ഒരു സ്ഥാപനം അത്തരം ക്രിപ്റ്റോ സ്വത്തുവകകളുടെ ഇടപാട് സംബന്ധിച്ച വിവരങ്ങൾ നിർദിഷ്ട പ്രസ്താവനയിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി നിയമത്തിൽ ഭേദഗതി വരുത്താൻ നിർദ്ദേശിക്കുന്നു. വെർച്വൽ ഡിജിറ്റൽ സ്വത്തുവകകളുടെ നിർവചനം അതനുസരിച്ച് ചേർക്കാനും നിർദ്ദേശിക്കുന്നു.

**3. സ്വന്തം കൈവശ സ്വത്തിന്റെ വാർഷിക മൂല്യം ലളിതവൽക്കരിക്കൽ :**

- ഒരു വീടോ അതിന്റെ ഏതെങ്കിലും ഭാഗമോ അടങ്ങുന്ന സ്വത്ത് ഉടമസ്ഥൻ സ്വന്തം താമസത്തിനായി കൈവശം വയ്ക്കുകയോ, ഏതെങ്കിലും കാരണത്താൽ യഥാർത്ഥത്തിൽ കൈവശം വയ്ക്കാൻ കഴിയാതിരിക്കുകയോ ചെയ്താൽ അതിന്റെ വാർഷിക മൂല്യം മൂല്യരഹിതമായി കണക്കാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

**(iv)നികുതി നടപ്പാക്കലുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ലഘൂകരിക്കും**

**1. നിർദ്ദിഷ്ട സാധനങ്ങളുടെ വിൽപ്പനയിൽ TCS ഒഴിവാക്കുന്ന തിലൂടെ നികുതി നടപ്പാക്കലുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ലഘൂകരിക്കും**:

- നികുതിദായകരുടെ നികുതി പിരിവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ, അമ്പത് ലക്ഷത്തിൽ കൂടുതൽ മൂല്യമുള്ള നിർദ്ദിഷ്ട സാധനങ്ങളുടെ വിൽപ്പനയ്ക്ക് ഉറവിടത്തിൽ നിന്ന് നികുതി പിരിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

2. **വരുമാന റിട്ടേൺ ഫയൽ ചെയ്യാത്തവർക്ക് ഉയർന്ന TDS/TCS ഒഴിവാക്കും:**

- ഡിഡക്ടർ /കളക്ടർമാരുടെ നികുതി നടപ്പാക്കലുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന്, നിയമത്തിലെ സെക്ഷൻ 206AB, സെക്ഷൻ 206CCA എന്നിവ ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

**3. "വനോത്പന്നം" എന്നതിന്റെ നിർവചനം യുക്തിസഹമാക്കും:**

- "വനോത്പന്നം" എന്നതിന്റെ നിർവചനം സംബന്ധിച്ച അവ്യക്തത ഒഴിവാക്കുന്നതിനായി നിയമത്തിലെ 206C(1) വകുപ്പ് പ്രകാരം അർത്ഥം വിശദീകരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

- വനം പാട്ടത്തിന് കീഴിൽ വരുന്ന വന ഉത്പന്നങ്ങൾക്ക്" മാത്രമേ TCS
ഈടാക്കാവൂ എന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**(v) ബിസിനസ്സ് സുഗമമാകും**

**1. സ്റ്റാർട്ടപ്പുകൾക്കുള്ള 80-IAC പ്രകാരമുള്ള സമയപരിധി നീട്ടൽ:**

- സെക്ഷൻ 80-IAC പ്രകാരം സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുള്ള ആനുകൂല്യം അഞ്ച് വർഷത്തേക്ക് കൂടി നീട്ടാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. 01.04.2030 ന് മുമ്പ് രുപീകരിക്കപ്പെടുന്ന , അർഹതയുള്ള സ്റ്റാർട്ടപ്പുകൾക്ക് ആനുകൂല്യം ലഭ്യമാകും.

**2. പ്രവാസികൾ സെക്യൂരിറ്റികൾ കൈമാറ്റം ചെയ്യുമ്പോൾ ദീർഘകാല മൂലധനനേട്ടത്തിന്റെ നിരക്കുകളിൽ തുല്യത:**

- സെക്യൂരിറ്റി കൈമാറ്റത്തിലൂടെയുള്ള ദീർഘകാല മൂലധന നേട്ടം വഴിയുള്ള നികുതി ചുമത്തുന്നതിൽ, ഫോറിൻ ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേർസ് ആയ പ്രവാസികൾക്കും ഇന്ത്യയിൽ താമസിക്കുന്നവർക്കും ഇടയിൽ തുല്യത ഉറപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**3. ചാരിറ്റബിൾ ട്രസ്റ്റുകൾ/സ്ഥാപനങ്ങൾക്കുള്ള നികുതി വ്യവസ്ഥകളുടെ ലളിതവത്ക്കരണം**:

- ചെറുകിട ട്രസ്റ്റുകളുടെയോ സ്ഥാപനങ്ങളുടെയോ രജിസ്ട്രേഷന്റെ സാധുത കാലയളവ് 5 വർഷത്തിൽ നിന്ന് 10 വർഷമായി വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

- അപൂർണ്ണമായ അപേക്ഷകൾ പോലുള്ള ചെറിയ വീഴ്ചകൾക്ക് മൂലം ട്രസ്റ്റിന്റെയോ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നിർദ്ദിഷ്ട നടപടികളുടെ നിർവചനം യുക്തിസഹമാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

- നികുതി ഇളവ് നിഷേധിക്കുന്നതിലെ വ്യക്തതയ്ക്കായി ഒരു

ട്രസ്റ്റിനോ സ്ഥാപനത്തിനോ 'ഗണ്യമായ സംഭാവന നൽകുന്ന വ്യക്തികൾ' എന്ന നിർവചനം യുക്തിസഹമാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**4. ബിസിനസ് ട്രസ്റ്റുകളുടെ നികുതി യുക്തിസഹമാക്കും:**

- പരമാവധി മാർജിനൽ നിരക്കിൽ നികുതി ചുമത്തുന്ന ഒരു ബിസിനസ് ട്രസ്റ്റിന്റെ മൊത്തം വരുമാനം നിയമത്തിലെ സെക്ഷൻ 111A യിലെയും സെക്ഷൻ 112 യിലെയും വ്യവസ്ഥകൾക്ക് വിധേയമായിരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**5. ബിസിനസ് ബന്ധം, 'സുപ്രധാന സാമ്പത്തിക സാന്നിധ്യം' എന്നിവയുടെ പ്രയോഗക്ഷമതയിൽ ഏകീകരണം**:

- കയറ്റുമതിക്കായി ഇന്ത്യയിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഇടപാടുകളോ പ്രവർത്തനങ്ങളോ ആകരുത് ഒരു പ്രവാസിയുടെ 'സുപ്രധാന സാമ്പത്തിക സാന്നിധ്യ' മെന്ന് നിർദ്ദേശിക്കുന്നു.

**6. യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പോളിസിയിലെ വരുമാനത്തിൽ വ്യക്തത വരുത്തൽ:**

- സെക്ഷൻ 10(10D) പ്രകാരം ഇളവ് ബാധകമല്ലാത്ത യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പോളിസിയിൽ നിന്നുള്ള ലാഭവും നേട്ടങ്ങളും മൂലധന നേട്ടമായി കരുതി നികുതി ചുമത്തുമെന്ന് നിർദ്ദേശിക്കുന്നു.

**7. 'മൂലധന ആസ്തി'യുടെ നിർവചന ഭേദഗതി:**

- നിയമത്തിലെ സെക്ഷൻ 115UB-യിൽ പരാമർശിച്ചിരിക്കുന്നതുപോലെ ഒരു നിക്ഷേപ ഫണ്ടിന്റെ കൈവശമുള്ള സെക്യൂരിറ്റികളായ മൂലധന ആസ്തിയുടെ കൈമാറ്റം വഴി ഉണ്ടാകുന്ന വരുമാനത്തിന്റെ നികുതി ചുമത്തലിൽ വ്യക്തത വരുത്തുന്നതിന്, മൂലധന ആസ്തിയുടെ നിർവചനം ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

**8. ബഹു വർഷ ന്യായ വില നിർണ്ണയത്തിനുള്ള ട്രാൻസ്ഫർ പ്രൈസിംഗ് വ്യവസ്ഥകൾ യുക്തിസഹമാക്കും:**

- സമാന ഇടപാടുകളുമായി ബന്ധപ്പെട്ട് ന്യായ വില നിർണ്ണയത്തിനുള്ള ട്രാൻസ്ഫർ പ്രൈസിംഗ് വ്യവസ്ഥകൾ 3 വർഷത്തേക്ക് ബാധകമാകുമെന്ന് വ്യവസ്ഥ ചെയ്യാൻ നിർദ്ദേശിക്കുന്നു.

**9. വൈകിയ TCS പേയ്മെന്റിന് നിയമ നടപടികൾ ഒഴിവാക്കും:**

- ത്രൈമാസ TCS സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിന് നിർദ്ദേശിച്ചിരിക്കുന്ന സമയത്തോ മുമ്പോ പേയ്മെന്റ് നടത്തിയാൽ, കേന്ദ്ര സർക്കാരിലേക്ക് ടിസിഎസ് അടയ്ക്കുന്നതിൽ പരാജയപ്പെട്ട വ്യക്തിക്ക് നിയമ നടപടികളിൽ നിന്ന് ഇളവ് നൽകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

**10. 'മൂലധന ആസ്തി'യുടെ നിർവചന ഭേദഗതി:**

- നിയമത്തിലെ സെക്ഷൻ 115UB-യിൽ പരാമർശിച്ചിരിക്കുന്നതുപോലെ ഒരു നിക്ഷേപ ഫണ്ടിന്റെ കൈവശമുള്ള സെക്യൂരിറ്റികളായ മൂലധന ആസ്തിയുടെ കൈമാറ്റം വഴി ഉണ്ടാകുന്ന വരുമാനത്തിന്റെ നികുതി ചുമത്തലിൽ വ്യക്തത വരുത്തുന്നതിന്, മൂലധന ആസ്തിയുടെ നിർവചനം ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

**(vi) തൊഴിലും നിക്ഷേപവും**

**1. IFSC-ക്കുള്ള പ്രോത്സാഹനങ്ങൾ**

- വിവിധ വിഭാഗങ്ങളിലെ ഇളവുകൾ, കിഴിവുകൾ, സ്ഥലംമാറ്റം എന്നിവയ്ക്കായി IFSC യൂണിറ്റുകളുമായി ബന്ധപ്പെട്ട അവസാന തീയതികൾ 2030 മാർച്ച് 31 വരെനീട്ടാൻ നിർദ്ദേശിക്കുന്നു.

- പരമാവധി പ്രീമിയം തുകയുടെ നിബന്ധനയില്ലാതെ IFSC ഇൻഷുറൻസ് ഇന്റർമീഡിയറി ഓഫീസ് നൽകുന്ന ലൈഫ് ഇൻഷുറൻസ് പോളിസിയിൽ നിന്ന് ലഭിക്കുന്ന വരുമാനം ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

- ഒരു കപ്പൽ പാട്ടത്തിനെടുക്കുന്ന ആഭ്യന്തര കമ്പനിയുടെ ഇക്വിറ്റി ഷെയറുകളുടെ കൈമാറ്റത്തിൽ പ്രവാസിയല്ലാത്തവർക്കോ IFSC-യുടെ ഒരു യൂണിറ്റിനോ മൂലധന നേട്ടം നൽകുന്നതിന് സെക്ഷൻ 10(4H) ലെ ഇളവ് നീട്ടാൻ നിർദ്ദേശിക്കുന്നു.

- കപ്പൽ പാട്ടത്തിനെടുക്കുന്ന IFSC-യിലെ ഒരു പാട്ടക്കമ്പനി, കപ്പൽ

പാട്ടത്തിൽ ഏർപ്പെട്ടിരിക്കുന്ന IFSC-യുടെ ഒരു യൂണിറ്റിലേക്ക് നൽകുന്ന ലാഭവിഹിതത്തിലേക്ക് സെക്ഷൻ 10(34B) ലെ ഇളവ് വ്യാപിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

- ട്രഷറി പ്രവർത്തനങ്ങൾക്കോ ട്രഷറി സേവനങ്ങൾക്കോ വേണ്ടി ഗ്രൂപ്പ് സ്ഥാപനങ്ങളിൽ ഒന്ന് IFSC-യിൽ സജ്ജീകരിച്ചിട്ടുണ്ടെങ്കിൽ, രണ്ട് ഗ്രൂപ്പ് സ്ഥാപനങ്ങൾ തമ്മിലുള്ള അഡ്വാൻസോ വായ്പയോ ഡിവിഡന്റിൽ നിന്ന് ഒഴിവാക്കപ്പെടാൻ നിർദ്ദേശമുണ്ട്.

- IFSC യിലെ ഫണ്ട് മാനേജർ കൈകാര്യം ചെയ്യുന്ന നിക്ഷേപ ഫണ്ടുകൾക്കായി ലളിതമായ സേഫ് ഹാർബർ സംവിധാനം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. IFSC യൂണിറ്റുകൾക്കുള്ള വ്യവസ്ഥകളിൽ ഇളവ് 2030 മാർച്ച് 31 വരെ നീട്ടാനും നിർദ്ദേശമുണ്ട്.

- ഒരു അന്താരാഷ്ട്ര ധനകാര്യ സേവന കേന്ദ്രത്തിലെ യൂണിറ്റിലുൾപ്പെട്ട, ഏതെങ്കിലും വിദേശ പോർട്ട്ഫോളിയോ നിക്ഷേപകനുമായി ഉണ്ടാക്കിയ നോൺ-ഡെലിവറി ചെയ്യാവുന്ന ഫോർവേഡ് കരാറുകളുടെ കൈമാറ്റത്തിന്റെ ഫലമായി ഒരു പ്രവാസിക്ക് ലഭിക്കുന്നതോ ഉണ്ടാകുന്നതോ സ്വീകരിക്കുന്നതോ ആയ ഏതൊരു വരുമാനത്തിനും ഇളവ് നൽകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

- ഒരു റീലോക്കേഷൻ ഫണ്ടിലെ ഓഹരിയോ യൂണിറ്റോ പലിശയോ പരിഗണിക്കുമ്പോൾ, ഒരു യഥാർത്ഥ ഫണ്ടിലെ (IFSCA റെഗുലേഷൻസ് 2022 പ്രകാരം നിയന്ത്രിക്കപ്പെടുന്ന ഒരു റീട്ടെയിൽ സ്കീം അല്ലെങ്കിൽ എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ട്) ഒരു ഓഹരിയുടമ കൈവശം വച്ചിരിക്കുന്ന ഓഹരിയോ യൂണിറ്റോ പലിശയോ കൈമാറ്റം ചെയ്യുന്നത്, മൂലധന നേട്ടം കണക്കാക്കുന്നതിനുള്ള കൈമാറ്റമായി കണക്കാക്കില്ല.

**2. സോവറിൻ വെൽത്ത് ഫണ്ടുകൾ, പെൻഷൻ ഫണ്ടുകൾ ഉൾപ്പെടെയുള്ളവ നിക്ഷേപിക്കുന്ന തീയതി നീട്ടും:**

- സെക്ഷൻ 10(23FE) വ്യക്തമാക്കുന്ന വ്യക്തിയുടെ കാര്യത്തിൽ നിക്ഷേപം നടത്തുന്ന തീയതി 2025 മാർച്ച് 31 മുതൽ 2030 മാർച്ച് 31 വരെ നീട്ടാൻ നിർദ്ദേശിക്കുന്നു.

- നിർദ്ദിഷ്ട വ്യക്തിയുടെ കാര്യത്തിൽ, സെക്ഷൻ 50AA പ്രകാരം, മൂലധന നേട്ടങ്ങൾ ഹ്രസ്വകാല മൂലധന നേട്ടങ്ങളായി കണക്കാക്കിയാലും, പ്രസ്തുത വകുപ്പ് പ്രകാരമുള്ള ദീർഘകാല മൂലധന നേട്ടങ്ങൾക്കുള്ള ഇളവ് ലഭ്യമാകുമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**3. ഇലക്ട്രോണിക്സ് നിർമ്മാണ സൗകര്യത്തിനായി സേവനങ്ങൾ നൽകുന്ന പ്രവാസികൾക്കായി അനുമാന നികുതി പദ്ധതി വിപുലീകരിച്ചു:**

- ഇന്ത്യയിൽ ഇലക്ട്രോണിക്സ് നിർമ്മാണ സൗകര്യം സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുകയോ, ഇലക്ട്രോണിക് ഉത്പന്നങ്ങൾ, വസ്തുക്കൾ നിർമ്മിക്കുന്നതിനോ ഉത്പാദിപ്പിക്കുന്നതിനോ ഉള്ള ഒരു അനുബന്ധ സൗകര്യം ഒരുക്കുകയോ ചെയ്താൽ അനുമാന നികുതി വ്യവസ്ഥ ബാധകമാകുമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**4. ഉൾനാടൻ യാനങ്ങൾക്കുള്ള ടണ്ണേജ് നികുതി പദ്ധതി:**

- രാജ്യത്ത് ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി, നിലവിലുള്ള ടണ്ണേജ് നികുതി ആനുകൂല്യങ്ങൾ 2021-ലെ ഇന്ത്യൻ വെസൽസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഉൾനാടൻ യാനങ്ങൾക്കും നൽകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**5. NPS വാത്സല്യയിലേക്കുള്ള സംഭാവനകൾക്ക് 80CCD പ്രകാരമുള്ള കിഴിവ്:**

- 1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 80CCD യുടെ ഉപവകുപ്പ് (1B) പ്രകാരം ദേശീയ പെൻഷൻ പദ്ധതിക്ക് (NPS) ലഭ്യമായ നികുതി ആനുകൂല്യങ്ങൾ NPS വാത്സല്യ അക്കൗണ്ടുകളിലേക്കുള്ള സംഭാവനകൾക്കും ബാധകമാകുന്ന രീതിയിൽ വ്യാപിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**(vii) മറ്റ് വിവിധ ഭേദഗതികൾ**

**1. ദേശീയ സേവിംഗ്സ് പദ്ധതിയിൽ (NSS) നിന്നുള്ള പിൻവലിക്കലിലെ ഇളവ്:**

- പദ്ധതി പ്രകാരം നിക്ഷേപിച്ചിരിക്കുന്ന തുകയ്ക്കും അതിൽ നിന്ന്

ലഭിക്കുന്ന പലിശയ്ക്കും 2024 ഓഗസ്റ്റ് 29-ാം തീയതിയോ അതിനു ശേഷമോ ദേശീയസേവിംഗ്സ് പദ്ധതിയിൽ (NSS) നിന്നുള്ള പിൻവലിക്കലുകൾക്കുള്ള ഇളവ് ബാധകമാണെങ്കിൽ കിഴിവ് നൽകാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**2. ജീവനക്കാരുടെ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിനല്ല വരുമാന പരിധിയിൽ വർദ്ധനവ്:**

- ഈ പരിധികൾ വർദ്ധിപ്പിക്കുന്നതിനുള്ള നിയമങ്ങൾ നിർദ്ദേശിക്കാനുള്ള അധികാരം ലഭിക്കുന്നതിന് സെക്ഷൻ 17 ലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**3. യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ (SUUTI) നിർദ്ദിഷ്ട അണ്ടർടേക്കിങ്ങിനുള്ള ഇളവ് നീട്ടൽ**

- 2002 ലെ യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ (ട്രാൻസ്ഫർ ഓഫ് അണ്ടർടേക്കിംഗ്
  ആൻഡ് റിപ്പീൽ) ആക്ട് പ്രകാരമുള്ള SUUTI യുടെ ഇളവ് 2027 മാർച്ച് 31 വരെ നീട്ടാൻ നിർദ്ദേശിക്കുന്നു.

**4. നിയമത്തിലെ സെക്ഷൻ 271AAB ബാധകമല്ല:**

- 2024 സെപ്റ്റംബർ 1-നോ അതിനുശേഷമോ സെക്ഷൻ 132 പ്രകാരം ആരംഭിച്ച കേസിൽ മുകളിൽ പറഞ്ഞ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകില്ലെന്ന് നിർദ്ദേശിക്കുന്നു.

**5. അസസ്സിംഗ് ഓഫീസർ ചുമത്തേണ്ട പിഴകൾ:**

- ആദായനികുതി ജോയിന്റ് കമ്മീഷണറുടെ മുൻകൂർ അനുമതിയോടെ, നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ വകുപ്പുകൾ പ്രകാരമുള്ള പിഴകൾ അസസ്സിംഗ് ഓഫീസർക്ക് ഈടാക്കാവുന്ന വിധത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകൾ ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

**6. ചില കേസുകളിൽ സ്കീമുകൾ രൂപപ്പെടുത്തുന്നതിനുള്ള തീയതിയിലെ നിയന്ത്രണം നീക്കംചെയ്യൽ:**

- ചില വകുപ്പുകൾ പ്രകാരം മുഖരഹിത പദ്ധതികൾക്ക്

നിർദ്ദേശിച്ചിരിക്കുന്ന അവസാന തീയതി ഒഴിവാക്കാവുന്നതാണ്. അപ്രകാരം കേന്ദ്ര സർക്കാരിന് 2025 മാർച്ച് 31 എന്ന അവസാന തീയതിക്ക് ശേഷവും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ കഴിയും.

**7. പിഴയിൽ നിന്നും പ്രോസിക്യൂഷനിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷയുടെ കാലയളവ് നീട്ടുന്നു:**

- അപേക്ഷ സ്വീകരിക്കുന്ന മാസത്തിന്റെ അവസാനം മുതൽ മൂന്ന് മാസത്തിനുള്ളിൽ, പിഴയിൽ നിന്നും പ്രോസിക്യൂഷനിൽ നിന്നും പരിരക്ഷ തേടുന്നതിനുള്ള അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്തുകൊണ്ട് അസസ്സിംഗ് ഓഫീസർ ഉത്തരവ് പാസാക്കണമെന്ന് നിർദ്ദേശിക്കുന്നു.

**8. സെക്ഷൻ 115VP പ്രകാരം ഓർഡർ പാസാക്കുന്നതിന് ലഭ്യമായ സമയപരിധി വർദ്ധിപ്പിക്കൽ:**

- ടണ്ണേജ് ടാക്സ് സ്കീം തിരഞ്ഞെടുക്കുന്നതിനുള്ള അസസ്സിയുടെ ഓപ്ഷൻ സ്വീകരിക്കുന്നതോ നിരസിക്കുന്നതോ ആയ ഉത്തരവ്, അത്തരം അപേക്ഷ ലഭിച്ച പാദത്തിന്റെ അവസാനം മുതൽ മൂന്ന് മാസം അവസാനിക്കുന്നതിന് മുമ്പ് പാസാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി വകുപ്പ് 115VP ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

**9. ഉത്തരവ് പാസാക്കുന്നതിനുള്ള സമയപരിധി കണക്കാക്കുന്നതിൽ കോടതി സ്റ്റേ കാലയളവ് ഒഴിവാക്കും:**

- TCS ഈടാക്കുന്നതിൽ പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു വ്യക്തിയെ ഡിഫോൾട്ട് അസസ്സീ ആയി കണക്കാക്കുന്ന ഒരു ഉത്തരവ് പാസാക്കുന്നതിനുള്ള സമയപരിധിയിൽ നിന്ന് ഏതെങ്കിലും കോടതി ഉത്തരവ് വഴിയുള്ള നടപടിക്രമങ്ങളുടെ കാലാവധി പോലുള്ള സമയപരിധി ഒഴിവാക്കാൻ നിർദ്ദേശിക്കുന്നു.

**10. പിഴകൾ ചുമത്തുന്നതിനുള്ള സമയപരിധി യുക്തിസഹമാക്കി:**

- അനുബന്ധ നടപടികൾ പൂർത്തിയാക്കിയതോ അപ്പീൽ ഉത്തരവ് ലഭിച്ചതോ ആയ പാദത്തിന്റെ അവസാനം മുതൽ ആറ് മാസം കഴിഞ്ഞതിന് ശേഷം പിഴ ചുമത്തുന്ന ഒരു ഉത്തരവും പാസാക്കരുതെന്ന് നിർദ്ദേശിക്കുന്നു.

**11. കോടതി സ്റ്റേ ചെയ്ത ആരംഭ തീയതിയും അവസാന തീയതിയും സംബന്ധിച്ച വ്യക്തത:**

- ഏതെങ്കിലും കോടതിയുടെ ഉത്തരവോ നിരോധനമോ വഴി സ്റ്റേ ചെയ്ത ആരംഭ തീയതിയും അവസാന തീയതിയും വ്യക്തമാക്കുന്നതിന് നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ ഭേദഗതി ചെയ്യാൻ നിർദ്ദേശിക്കുന്നു.

**12. പിടിച്ചെടുത്ത അക്കൗണ്ട് പുസ്തകങ്ങളോ മറ്റ് രേഖകളോ സൂക്ഷിക്കുന്നതിനുള്ള സമയപരിധി:**

- പിടിച്ചെടുത്ത അക്കൗണ്ട് പുസ്തകങ്ങളോ മറ്റ് രേഖകളോ സൂക്ഷിക്കുന്നത് വിലയിരുത്തൽ അല്ലെങ്കിൽ പുനർമൂല്യനിർണ്ണയം അല്ലെങ്കിൽ പുനർകണക്കെടുപ്പ് ഉത്തരവ് പുറപ്പെടുവിച്ച പാദത്തിന്റെ അവസാനം മുതൽ ഒരു മാസമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഭേദഗതി കൊണ്ടുവരാൻ നിർദ്ദേശിക്കുന്നു.

**13. നഷ്ടങ്ങൾ ക്യാരി ഫോർവേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ യുക്തിസഹമാക്കും:**

- സ്ഥാപനത്തിന്റെ സഞ്ചിത നഷ്ടത്തിന്റെ ഭാഗമായ ഏതൊരു നഷ്ടവും, സ്ഥാപനത്തിന് ആദ്യം നഷ്ടം കണക്കാക്കിയ മൂല്യനിർണ്ണയ വർഷത്തിന് തൊട്ടുപിന്നിലുള്ള എട്ട് മൂല്യനിർണ്ണയ വർഷങ്ങളിൽ കൂടാത്ത നിലയിൽ ക്യാരി ഫോർവേഡ് ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതിനായി നിയമത്തിലെ വകുപ്പ് 72A, വകുപ്പ് 72AA എന്നിവയിൽ ഭേദഗതി വരുത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**14. അദ്ധ്യായം XIV-B പ്രകാരം സേർച്ച് ആൻഡ് അക്വിസിഷൻ കേസുകൾക്കായുള്ള ബ്ലോക്ക് അസസ്മെന്റിന്റെ വ്യവസ്ഥകളിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ**

- ബ്ലോക്ക് കാലയളവിലെ വെളിപ്പെടുത്താത്ത വരുമാനത്തിന്റെ നിർവചനത്തിലേക്ക് "വെർച്ചൽ ഡിജിറ്റൽ അസറ്റ്" എന്ന പദം ചേർക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സേർച്ച് ആൻഡ് അക്വിസിഷനുള്ള അംഗീകാരം, ലഭിച്ച പാദത്തിന്റെ അവസാനം മുതൽ പന്ത്രണ്ട് മാസമായി ബ്ലോക്ക് അസസ്മെന്റ് പൂർത്തിയാക്കുന്നതിനുള്ള സമയപരിധി നിശ്ചയിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

****